ജ്യോതിമാർഗ്ഗം
വാർത്താ പത്രിക
JYOTHIMARGOM
RNI.NO.KER MAL/2002/8041
PUBLISHED FROM THIRUVALLA ON 18-04-2017
VOL. 18 | NO. 4 | 2017 APRIL | Pages 12 | Price ₹ 5/-

# സാത്താൻ സേവ കേരളത്തിൽ പിടിമുറുക്കുന്നു




- മാതാപിതാക്കളും സഭകളും ശുശ്രൂഷകന്മാരും ജാഗ്രത പാലിക്കണം
- സാമൂഹ്യമാധ്യമങ്ങൾ ഇവരുടെ പ്രധാന പ്രചരണരംഗമാകയാൽ യുവജനം ശ്രദ്ധിക്കണം
- പോലീസ് അധികാരികളും ഭരണക്കാരും ഉണർന്നു പ്രവർത്തിക്കണം
- ഈ ദുഷ്ടതക്കെതിരെ ഉപവാസങ്ങളും പ്രാർത്ഥനകളുമുണ്ടാകണം.

ചില വർഷങ്ങൾക്കു മുമ്പുവരെ വളരെ നാമമാത്രമായിരുന്ന സാത്താന്യ ആരാധന കേരളത്തിൽ അടുത്തയിടെ വളരെയധികം വർദ്ധിച്ചതായി റിപ്പോർട്ടുകളിൽ നിന്ന് വെളിവാകുന്നു. അമേരിക്ക ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ ഇവരുടെ പ്രവർത്തനങ്ങൾ ദീർഘവർഷങ്ങളായി വ്യാപകമാണ്. എന്നാൽ നമ്മുടെ കൊച്ചു കേരളത്തിലും ഇവർ പിടിമുറുക്കുകയാണ്. പുറത്തു വരുന്ന റിപ്പോർട്ടുകളനുസരിച്ച് ഇവരുടെ പ്രവർത്തനങ്ങൾ സമൂഹ മനസ്സാക്ഷിയെ ഞെട്ടിക്കുന്നതാണ്.

തിരുവനന്തപുരം നന്തൻകോട്ട് ഈയിടെ നടന്ന കൂട്ടകൊല ചെയ്തയാൾ സാത്താൻ സേവക്കാരനാണെയെന്ന് തെളിഞ്ഞിട്ടുണ്ട്. എന്നും ഭാരത സമൂഹം വെറുപ്പായി കാണുന്ന സാമൂഹിക തിന്മകളെ ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതാണ് ഇവരുടെ പ്രധാന രീതികൾ. അമേരിക്കയിൽ ആരംഭിച്ച ചർച്ച് ഓഫ് സാത്താൻ എന്ന പ്രസ്ഥാനം കത്തോലിക്ക സഭയെ തകർക്കുകയെന്ന ലക്ഷ്യത്തോടെയാണ് തുടങ്ങിത്. എന്നാൽ ഇന്ന് അത് സമൂഹത്തെയാകെ തകർക്കുന്ന നിലയിലേക്കെത്തിയിരിക്കുകയാണ്. കേരളത്തിലെ പ്രധാന പട്ടണങ്ങളിലാകെ ഈ ഗ്രൂപ്പിന് ശാഖകളും പ്രവർത്തനങ്ങളുമുണ്ട്. പ്രത്യേകിച്ച് കൊച്ചിയിൽ ശക്തമായ വേരോട്ടമുണ്ടിവർക്ക്. സാത്താന്റെ ബൈബിൾ എന്ന പേരിൽ മതഗ്രന്ഥമുണ്ടിവർക്ക്. കറുത്ത കുർബ്ബാനയും പാട്ടും നൃത്തവും, കറുത്ത കുരിശും ഒക്കെയുണ്ട്. ഇവരുടെ ആരാധനയിൽ പങ്കെടുക്കുന്നവർ പ്രത്യേക കറുത്ത വേഷവിധാനങ്ങളണിയും. ബൈബിൾ, ഖുറാൻ, ഗീത തുടങ്ങിയ ഗ്രന്ഥങ്ങളിൽ ചവിട്ടിയാണ് ആരാധനാ സ്ഥലത്ത് പ്രവേശിക്കുന്നത്. സാത്താനെ സ്തുതിക്കുന്ന ഗാനങ്ങളാലപിച്ച് ഉന്മാദ നൃത്തം ചെയ്യുന്നതാണ് പ്രധാന രീതി. നഗ്നനൃത്തവും പരസ്യലൈംഗീകതയും, മദ്യം-മയക്കുമരുന്ന് ഉപയോഗവും ഇവരുടെ പ്രധാന ഹോബികളാണ്. സ്ത്രീ പുരുഷ വേർതിരിവോ ബന്ധങ്ങളുടെ മൂല്യമോ ഇവർക്കു വിഷയമല്ല. ആർത്തവ രക്തം കുടിക്കുവാൻ പോലും ഇവർ തയ്യാറാവുന്നു. ഇന്ന് നാട്ടിൽ നടക്കുന്ന മിക്ക ദുഷ്പ്രവൃത്തികളുടെയും പിന്നിൽ ഇവരുടെ കൈകളുണ്ടെന്ന് റിപ്പോർട്ടുകളുണ്ട്.

സമൂഹത്തിൽ ഉന്നത സ്ഥാനത്തുള്ളവരാണധികവും. പ്രൊഫഷനുകളെ വലവീശിപിടിക്കുവാൻ ഇവർക്കു പ്രത്യേക സ്കാസ് തന്നെയുണ്ട്. പഠനങ്ങൾക്കായി പ്രധാന പട്ടണങ്ങളിലെത്തുന്ന യുവതീയുവാക്കന്മാർ ഇവരുടെ ചതിയിൽ പെടുന്നു. ഒരിക്കൽ ഇവരുടെ സങ്കേതത്തിലെത്തിയാൽ പിന്നെ രക്ഷപ്പെടുക ബുദ്ധിമുട്ടാണ്. കൗതുകത്തിന്റെ പേരിലും വീട്ടിലെ വിലക്കുകളിൽ നിന്നുള്ള മോചനത്തിന്റെ പേരിലും ഇതിലെത്തുന്നവരാണധികവും. പക്ഷേ ചതിക്കുഴി മനസ്സിലാക്കുന്നതിനു മുമ്പേ രക്ഷപ്പെടുവാൻ കഴിയാത്ത കയത്തിലേക്ക് ഓരോരുത്തരും വലിച്ചെറിയപ്പെടും. പ്രത്യേകിച്ച് പെൺകുട്ടികൾ പരിചിതയില്ലാതെ ആരുമായും നിർബന്ധിത ലൈംഗീക ബന്ധങ്ങൾക്കു കീഴ്പെട്ട് ശാരീരികമായും മാനസീകമായും തകരുന്നു. രാജ്യത്ത് വർദ്ധിച്ചു വരുന്ന ആത്മഹത്യകൾക്കും ദുരുഹമരണങ്ങൾക്കും ഈ സാത്താൻ സേവക്കാരുടെ പങ്ക് വളരെ വലുതാണ്.

ഇവിടെ ഓരോ പൗരനും അവന്റെ ജീവനും സ്വത്തിനും സംരക്ഷണവും ജീവിത നിലവാരം മാന്യമായി കാത്തു സൂക്ഷിക്കുന്നതിനുള്ള സമാധാന അന്തരീക്ഷം പാലിക്കപ്പെടുന്നതിന് സർക്കാരിനും പോലീസിനും ഉത്തരവാദിത്വമുണ്ട്. നാടിന്റെ സൈ്വര്യത്തെ നശിപ്പിക്കുന്ന, സമൂഹത്തെയാകെ തകർക്കുന്ന ഈ ദുഷ്ട പ്രവണതകളെ മുളയിലെ നുള്ളി കളയുവാൻ അധികാരികൾ തയ്യാറാകേണം. ഭരണാധികാരികൾ ഇതൊന്നും കണ്ടില്ലായെന്ന് നടിക്കരുത്. നാടിനു പ്രയോജനമാകേണ്ട യുവതയാണിവിടെ നശിക്കുന്നത്.

സഭകളും മാതാപിതാക്കളും ഇവിടെ ഉണർന്നേ മതിയാകൂ. ബാല്യം മുതലേ ദൈവഭയവും ദൈവവചനത്തിലധിഷ്ടിതമായ ജീവിത രീതികളും പരിശീലിപ്പിച്ചാൽ കുഞ്ഞുങ്ങൾ കൈവിട്ടു പോകയില്ല. സഭകളിൽ ഇങ്ങനെയുള്ള ദുഷ്പ്രവണതകളെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ കൊടുക്കുവാൻ അമാന്തിക്കരുത്. ദൈവജനം ഉണർന്ന് പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ഈ സമയത്ത് നാം മിണ്ടാതെയിരുന്നാൽ നമ്മുടെ യുവജനങ്ങൾ നഷ്ടപ്പെട്ടു പോകും.

## വൈ. പി. സി. എ കേരളാ സ്റ്റേറ്റിന് പുതിയ നേതൃത്വം


പാസ്റ്റർ അനീഷ് തോമസ് (പ്രസിഡന്റ്)


ബ്രദർ സിബി മാത്യു (സെക്രട്ടറി)


ബ്രദർ സിബി കുര്യൻ (ട്രഷറാർ)

**കോട്ടയം :** ന്യൂ ഇന്ത്യാ ദൈവസഭ യുവജനവിഭാഗമായ വൈ. പി. സി. എ യുടെ കേരളാ സ്റ്റേറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. ഏപ്രിൽ 5 ന് കോട്ടയം വിൻസർ കാസിൽ ഹോട്ടലിൽ വൈ. പി. സി. എ ജനറൽ പ്രസിഡന്റ് പാസ്റ്റർ ബിനു തമ്പിയുടെ അദ്ധ്യക്ഷതയിൽ നടന്ന സമർപ്പണ ശുശ്രൂഷാ മീറ്റിംഗിൽ പാസ്റ്റർ വി. എ. തമ്പി പുതിയ നേതൃത്വത്തെ പ്രാർത്ഥിച്ച് അഭിഷേകം ചെയ്തു.

പാസ്റ്റർ അനീഷ് തോമസ് (പ്രസിഡന്റ്), പാസ്റ്റേഴ്സ് മനോജ് റ്റി. കുര്യൻ, ലിജോ. കെ. ജോസഫ്, റോബിൻ ജൂലിയസ് (വൈസ് പ്രസിഡന്റുമാർ), ബ്രദർ സിബി മാത്യു (സെക്രട്ടറി), പാസ്റ്റേഴ്സ് എബ്രഹാം തോമസ്, ലിബിൻ സേവ്യർ (ജോയിന്റ് സെക്രട്ടറിമാർ), ബ്രദർ സിബി കുര്യൻ (ട്രഷറാർ), ബ്രദർ റ്റോനു. കെ. എബ്രഹാം (ജോയിന്റ് ട്രഷറാർ), കൂടാതെ വിവിധ ഡിപ്പാർട്ട്മെന്റ് ഡയറക്ടേഴ്സായി ഇവാ. രൂഫോസ് ജോൺ, പാസ്റ്റർ ബ്ലസ്സൻ കെ. ബി (മിഷൻ), ബ്രദേഴ്സ് സഞ്ജു തോമസ് റാന്നി, സാജൻ കുമാർ (ചാരിറ്റി), പാസ്റ്റർ ബിജേഷ് തോമസ്, ബ്രദർ ബ്ലിസ്സ് എബ്രഹാം (യൂത്ത് എംപവ്വർമെന്റ്), ബ്രദേഴ്സ് ലോർഡ്സൺ ആന്റണി, ജോയൽ പടവത്ത് (റ്റാലന്റ് ഡവലപ്മെന്റ്), ബ്രദേഴ്സ് ജിബു ഈപ്പൻ, സുബി ബാബു, മോൻസി തോമസ് (ലിറ്ററേച്ചർ & മീഡിയ), പാസ്റ്റേഴ്സ് മണികണ്ഠൻ, ഷൈജൻ (പ്രെയർ) എന്നിവരേയും തിരഞ്ഞെടുത്തു.

റീജിയണൽ സെക്രട്ടറിമാരായി പാസ്റ്റേഴ്സ് മെൽവിൻ ജോയി, രാജേഷ്. സി (സെൻട്രൽ ട്രാവൻകൂർ), പാസ്റ്റർ എബ്രഹാം തോമസ് (റാന്നി), ബ്രദർ ജഡ്സൺ ജേക്കബ് (പാലക്കാട്), പാസ്റ്റർ ആർ. രാജൻ (കന്യാകുമാരി), പാസ്റ്റർ റോബിൻ ജൂലിയസ് (തിരുവനന്തപുരം), ബ്രദർ സേവ്യർ (എറണാകുളം), പാസ്റ്റർ ജോൺ പോൾ (മലബാർ) എന്നിവരേയും തിരഞ്ഞെടുത്തു.

നാഷണൽ കമ്മറ്റിയിലേക്ക് പാസ്റ്റർ ഷിബു മാത്യു (ചെമ്പൂർ), ബ്രദർ റ്റിപ്സൺ. കെ. തോമസ് (നിലമ്പൂർ) തുടങ്ങിയവരേയും തിരഞ്ഞെടുത്തു.

## വചനപഠനത്താൽ ന്യൂജനറേഷൻ പ്രവണതകളെ അതിജീവിക്കുക: പാസ്റ്റർ കെ. ജെ. മാത്യു


*പാസ്റ്റർ കെ.ജെ. മാത്യു പ്രബന്ധം അവതരിപ്പിക്കുന്നു. പാസ്റ്റർമാരായ സി.സി. തോമസ്, പി.ജി. മാത്യൂസ്, കെ. സി. സണ്ണിക്കുട്ടി, പി.പി. കുര്യൻ, ഷിബു കെ. മാത്യു, ജെ. ജോസഫ്, സാംകുട്ടി മാത്യു എന്നിവർ സമീപം.*

**കോട്ടയം:** ദൈവവചനപഠനത്താൽ മാത്രമേ തെറ്റായ ഉപദേശങ്ങളെ തിരിച്ചറിയാനും അതിജീവിക്കാനും കഴിയൂ എന്ന് പാസ്റ്റർ കെ.ജെ.മാത്യു പറഞ്ഞു. ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ ചുമതലയിൽ നാട്ടകം പ്രത്യാശനഗറിൽ നടന്ന "ന്യൂജനറേഷൻ പ്രവണതകളും വേദപുസ്തക ഉപദേശവും" എന്ന സെമിനാറിൽ പ്രബന്ധാവതരണം നടത്തുകയായിരുന്നു അദ്ദേഹം. ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ പി.ജി.മാത്യൂസ് സെമിനാർ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ പി.പി.കുര്യൻ മോഡറേറ്ററായിരുന്നു. പാസ്റ്റർ ഷൈജു തോമസ് സ്വാഗതം ആശംസിച്ചു. ട്രഷറർ പാസ്റ്റർ ഷിബു കെ.മാത്യു ആമുഖ പ്രസ്താവന നടത്തി.

തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ ഓവർസിയർമാരായ സി.സി.തോമസ്, കെ.സി.സണ്ണിക്കുട്ടി, എം കുഞ്ഞപ്പി, റൈറ്റേഴ്സ് ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ പി.ജി.മാത്യൂസ് എന്നിവരെ ആദരിച്ചു.

പാസ്റ്റർ ജെ.ജോസഫ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സാംകുട്ടി മാത്യു പ്രസ്താവന നടത്തി. പാസ്റ്റേഴ്സ് കെ.എസ്.സിബിച്ചൻ സുഭാഷ് ആനാരി, ലിസിയാമ്മ മാത്യൂസ്, റജീനാ ഫിലിപ്പ്, റെണാൾഡ് കെ.സണ്ണി, സാബു കൊച്ചുമ്മൻ തുടങ്ങിയവർ നേതൃത്വം നൽകി. സിസ്റ്റർ സൂസൻ.ബി. ജോൺ ആശംസ അറിയിച്ചു.

ജ്യോതിമാർഗ്ഗം
വാർത്താ പത്രിക

EDITORIAL BOARD
MANAGING EDITOR
Pr. J.Joseph
CHAIRMAN
Pr. Thomas V. Thomas
CHIEF EDITOR
Evg. P.I. Abraham
PUBLISHER
Pr. P.G. Mathews
GENERAL EDITOR
Jaise Pandanad
RESIDENT EDITOR
Pr. Shaji Idukki
MANAGER
Pr. Shaiju Thomas
EDITORS
Rev. P.P. Kurian
Thomas Thonnackal
Thomas Joseph
Pr. Finny Joseph
Jaimohan Athirunkal
Pr. Biju Thankachan, Mumbai
Pr. Sovi Mathew
Pr. Biju Joy
OVERSEAS EDITORS
Roy Mepral
Rev. Johnson Zachariah
Rev. Sunny Thazhampallom
USA CO-ORDINATOR
Pr. Abraham Mathew
STATE CO-ORDINATOR
Pr. Saji George
CO.ORDINATORS
Mathew Varghese, New York
Rev.Eldho Mappalail-Western Canada
Evag.Wilson Varghese-Eastern Canada
Shaji Vennikulam - Atlanta
Thomas Koshy - Bahrain
Faith Abraham - Oman
Tiju Raj - Kuwait

ADVISORY BOARD
Pr. O.J. Mathew
Pr. Issac Simon
Pr. C.C.Thomas

ജ്യോതിമാർഗ്ഗം
വാർത്താപത്രിക
വാർഷീക വരിസംഖ്യ
ഇൻഡ്യയിൽ: 150 രൂപ
യുഎസ്എ & കാനഡ:
US $ 30
യൂ.കെ.: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂ

വരിസംഖ്യ അയക്കേണ്ട വിലാസം
JYOTHIMARGOM
P.O. BOX - 15
ERAVIPEROOR P.O.,
THIRUVALLA - 689 542, KERALA
Ph: 9447455820
Mob: 9048869944

എഡിറ്റോറിയൽ

# കഷ്ടതകൾക്കു പിന്നിലെ ദൈവോദ്ദേശ്യം



പാസ്റ്റർ ജെ. ജോസഫ്

സന്തോഷവും സമാധാനവും സ്വസ്ഥതയുമുള്ള ഒരു ജീവിതമാണ് വിശ്വാസാനുഭവത്തിലേക്ക് കാലെടുത്തുവയ്ക്കുന്ന ഏതൊരാളും ആഗ്രഹിക്കുന്നത്. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളവരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും". എന്നതാണല്ലോ ക്രിസ്തുനാഥന്റെ ഒരു പ്രധാന പ്രഖ്യാപനം. മാത്രവുമല്ല മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും". എന്ന് യേശു ആഹ്വാനം ചെയ്തു. ക്രിസ്തുവിനെ പിൻപറ്റുന്ന ആർക്കും ശാരീരികവും, മാനസ്സീകവും, ആത്മികവുമായ സൗഖ്യങ്ങളും, സന്തോഷാനുഭവങ്ങളും അനുഗ്രഹങ്ങളും ദൈവവചനം വാഗ്ദാനം ചെയ്യുന്നു. സമ്പത്തുകളുടെ അപഹാരവും നിന്ദയും പരിഹാസങ്ങളും പീഢകളും സഹിച്ച് എല്ലാം വിട്ടിറങ്ങിയ നമ്മുടെ മുൻതലമുറകളെ എല്ലാ വിധത്തിലും ദൈവം അനുഗ്രഹിച്ചത് നേരിട്ട് മനസ്സിലാക്കാൻ കഴിയുന്ന യാഥാർത്ഥ്യമാണല്ലോ. ഈ നാമത്തിനു വേണ്ടി ആത്മാർത്ഥമായി ഇറങ്ങിയിട്ട് അനുഗ്രഹിക്കപ്പെടാത്ത ആരും ഉണ്ടെന്നു തോന്നുന്നില്ല.

എന്നാൽ ഈ ലഭിക്കാവുന്ന അനുഗ്രഹങ്ങൾക്കായി ക്രിസ്തുവിനെ അന്വേഷിക്കുകയാകരുത് നമ്മുടെ ലക്ഷ്യം. ദൈവം നമുക്ക് നല്കിയ ഏറ്റവും വലിയ അനുഗ്രഹം തന്റെ പുത്രനായ യേശുക്രിസ്തു തന്നെയാണ്. ഈ ശ്രേഷ്ഠ അനുഗ്രഹത്തെ കൈവശമാക്കുക എന്നതായിരിക്കണം നമ്മുടെ ആത്യന്തിക ലക്ഷ്യം. അഥവാ ക്രിസ്തുവിന് പരിപൂർണ്ണമായി വിധേയപ്പെട്ട് ജീവിക്കുക എന്നതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. അങ്ങനെ തങ്ങളുടെ ജീവിതം സമർപ്പിക്കുന്നവരാണ് മുകളിൽ പറയപ്പെട്ട എല്ലാ അനുഗ്രഹങ്ങൾക്കും അവകാശികളാകുന്നത്. എന്നാൽ ഇന്നു ഭൗതീക അനുഗ്രഹങ്ങളാണ് മിക്കവരേയും ക്രിസ്തുവിലേക്ക് ആകർഷിക്കുന്നത്. സുവിശേഷീകരണം കോൺട്രാക്റ്റ് എടുത്തിരിക്കുന്ന ആധുനിക 'അപ്പോസ്തോലന്മാർ' ആഹ്വാനം ചെയ്യുന്നത് മാനവജാതിയുടെ പാപ പരിഹാരാർത്ഥം ക്രൂശിൽ മരിച്ച ക്രിസ്തുവിനെ അനുഗമിക്കുവാനല്ല, മറിച്ച് അനുഗ്രങ്ങൾ നല്കുന്ന, രോഗം സൗഖ്യമാക്കുന്ന, കടഭാരം നീക്കുന്ന, സാമ്പത്തിക വർദ്ധനവ് നല്കുന്ന 'പോസ്പിരിറ്റി' ക്രിസ്തുവിനെ കണ്ടെത്തുവാനാണ്. ക്രിസ്തുനാഥന്റെ ക്രൂശ്മരണത്തെ ഉയർത്തുന്ന നിർമ്മല സുവിശേഷ സത്യങ്ങൾ പ്രസംഗിക്കുന്ന 'ഉപദേശിമാർ' ഇന്നില്ല. ആ സ്ഥാനത്ത് അനുഗ്രഹങ്ങളുടെ കുത്തൊഴുക്കുമായി പറന്നിറങ്ങുന്ന റവറണ്ടുമാരും 'ഡോ' കളും രംഗം പിടിച്ചടക്കിക്കഴിഞ്ഞു. ഇവരുടെ ആഹ്വാനം ഉൾകൊണ്ട് വെളിച്ചത്തിലേക്ക് ഓടി അടുക്കുന്ന ഈയാംപാറ്റകളെപോലെ ധാരാളം പേർ ഈ 'സംഘ'ങ്ങളിലേക്ക് ഇവരിൽ പലരും തങ്ങളുടെ കൂട്ടായമകൾക്ക് സഭകൾ എന്നു പറയാറേയില്ല) പറന്നു വീഴുകയാണ്. പ്രതീക്ഷിക്കുന്ന പലതും ലഭിക്കാതെ വരുമ്പോൾ മിക്കവരും നിരാശപ്പെട്ട് ചിറകറ്റ് വീഴുന്ന കാഴ്ച ആരും ശ്രദ്ധിക്കുന്നില്ല.

അനുഗ്രഹങ്ങളും ഉയർച്ചകളും വിടുതലുകളും നല്ലതുതന്നെയാണ്. മാത്രവുമല്ല, ക്രിസ്തുവിന്റെ വാഗ്ദാനങ്ങളുമാണ് ഇവയെല്ലാം. എന്നാൽ ഇതു ക്രിസ്തീയ ജീവിതത്തിന്റെ ഒരു വശം മാത്രമാണ്. ഏതൊരു വിശ്വാസിയും കടന്നുപോകേണ്ടി വന്നേക്കാവുന്ന ക്രിസ്തീയ ജീതത്തിലെ അതിപ്രധാനമായ ഒരു വഴിത്തിരിവാണ് കഷ്ടത എന്നത്. "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവീൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു". എന്നുള്ള ക്രിസ്തുനാഥന്റെ പ്രസ്താവന ഇവിടെ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. "അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു". (അപ്പോ. 14:22) എന്നു പൗലോസും ബർന്നബാസും വിശ്വാസികളെ പ്രബോധിപ്പിക്കുന്നു. ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നല്കിയിരിക്കുന്നുവെന്നും, (ഫിലി. 1:29) നൊടിനേരത്തേക്കുള്ള ലഘുവായ കഷ്ടം തേജസ്സിന്റെ നിത്യഘനം നേടുവാൻ വിശ്വാസിയെ പ്രാപ്തനാക്കുമെന്നും (2കൊരി. 4:17) പൗലോസ് പറയുന്നു. 'നീയും എന്നോടുകൂടെ കഷ്ടം സഹിക്ക; സുവിശേഷകന്റെ പ്രവൃത്തി ചെയ്ക' (2തിമൊ.1:8, 2:3, 4:5) എന്നാണ് അപ്പോസ്തോലൻ തിമൊഥെയോസിനെ ഉപദേശിക്കുന്നത്.

കഷ്ടതയുടെ കാരണവും ഉത്പത്തിയും വ്യക്തമാക്കുവാൻ ക്രിസ്തുനാഥൻ ശ്രമിച്ചിട്ടില്ല. കഷ്ടതയിൽ വിജയം പ്രാപിക്കുവാനുള്ള മാർഗ്ഗമാണ് ക്രിസ്തു പഠിപ്പിച്ചത്. ദൈവഹിതത്തിനു പരിപൂർണ്ണമായി വിധേയപ്പെടുന്നതിനാലാണ് കഷ്ടതയുടെ മേലുള്ള വിജയം നേടുവാൻ കഴിയുന്നത്. ഏതൊരു ദൈവിക പദ്ധതിക്കും പിന്നിൽ ഒരു ഉദ്ദേശ്യം ഉള്ളതുപോലെ കഷ്ടതയുടെ പിന്നിലും ദൈവത്തിന് ഒരു ഉദ്ദേശ്യമുണ്ട്. അതു കണ്ടെത്തി, അതിനായി നമ്മെ പരിപൂർണ്ണമായി സമർപ്പിക്കുകയാണ് വേണ്ടത്. ചില ആത്മീക പാഠങ്ങൾ നമ്മെ പഠിപ്പിക്കുവാനും, ആത്മീക അഭിവൃദ്ധിയിലേക്ക് നടത്തുവാനും, നമ്മെ വിനയപ്പെടുത്തി അവിടുത്തേക്ക് ധാരാളമായി ഉപയോഗിക്കുന്നതിനും ആണ് പ്രധാനമായും കഷ്ടതയെ ദൈവം വെച്ചിരിക്കുന്നത്. കൂടാതെ തന്റെ നാമ മഹത്വത്തിനായി കഷ്ടതെയെ ദൈവം അനുവദിച്ചിട്ടുള്ള രംഗങ്ങളും വിശുദ്ധ തിരുവെഴുത്തിൽ നമുക്കു കാണാം.

സ്നേഹവാനും ആർദ്രവാനുമായ ദൈവം, തന്നിൽ ആശ്രയിക്കുന്ന തന്റെ ഭക്തരെ കഷ്ടതയിലൂടെ കടക്കുവാൻ ആഗ്രഹിക്കുമോ? എന്തു കൊണ്ട് ദൈവജനം കഷ്ടതയിലൂടെ കടന്നുപോകുവാൻ ദൈവം അനുവദിക്കുന്നു? അനേകരെ ചിന്താകുലരാക്കുന്ന ചോദ്യങ്ങളാണിവ. നാം ആരും കഷ്ടങ്ങളിലൂടെ കടന്നുപോകണമെന്ന് ദൈവത്തിനാഗ്രഹമില്ല. എന്നാൽ അവിടുന്ന് ആഗ്രഹിക്കുന്ന നിലവാരത്തിൽ എത്തുവാൻ നമുക്ക് കഴിയാതെ വരുമ്പോൾ മനസ്സോടെയല്ലായെങ്കിലും നമ്മെ ബാലശിക്ഷ കഴിക്കുവാൻ ദൈവം നിർബന്ധിതനാകുന്നുയെന്നതാണ് സത്യം. എബ്രായ ലേഖനത്തിൽ പൗലോസ് കഷ്ടതകളെ ബാലശിക്ഷകളാക്കി വ്യാഖ്യാനിക്കുന്നത് ഇവിടെ പ്രസക്തമാണ്. പിതാവ് താൻ സ്നേഹിക്കുന്ന തന്റെ മകനെ ശിക്ഷണത്തിലൂടെ തനിക്കു പ്രയോജനമുള്ളവനാക്കുവാൻ ശ്രമിക്കുന്നതുപോലെ സ്നേഹവാനായ ദൈവം തന്റെ മക്കളായ നമ്മെ തനിക്കു പ്രയോജനമുള്ളവരാക്കി മാറ്റുവാൻ നല്കുന്ന ബാലശിക്ഷകളാണ് കഷ്ടതകൾ എന്നു കാണാം.

അവനോ നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിനു നമ്മുടെ ഗുണത്തിനായി തന്നേ ശിക്ഷിക്കുന്നു. ഏതു ശിക്ഷയും തല്ക്കാലം സന്തോഷകരമല്ല ദുഃഖകരമത്രേ എന്നു തോന്നും. പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കു നീതി എന്ന സമാധാന ഫലം ലഭിക്കും. (എബ്രാ. 12:10,11). അവന്റെ പുത്രന്റെ ജീവനെ മറുവിലയായി കൊടുത്ത് സാത്താന്റെ അധികാരത്തിൽ നിന്ന് നമ്മെ വീണ്ടെടുത്തു ദൈവസഭയിൽ ആക്കിവച്ചിരിക്കുമ്പോൾ നാം പാലിക്കേണ്ട ആത്മീയ നിലവാരം ഉണ്ട്. പൗലോസിന്റെ ഭാഷയിൽ ക്രിസ്തു എന്ന തലയോളം വളരുക എന്നതാണ് അത്. എന്നാൽ ജഡശരീരത്തിൽ വസിക്കുന്ന നമുക്ക് പലപ്പോഴും അവിടംവരെ എത്തുവാൻ കഴിയാതെ വഴിയിൽ നില്ക്കേണ്ടി വരുന്നു. ആ സ്ഥിതി മാറ്റി നമ്മെ ആത്മീയ വളർച്ചയിൽ എത്തിക്കുവാൻ ദൈവം നൽകുന്ന ബാലശിക്ഷകളാണ് കഷ്ടതകൾ. ഇന്ന് അനേകരും കഷ്ടതകളെ ചാടിക്കടക്കുവാൻ ശ്രമിക്കുകയാണ്. നാം അവയിലൂടെ കടന്നുപോകുവാൻ തയ്യാറായാലേ അവിടുന്ന് ആഗ്രഹിക്കുന്ന പടിയിലെത്തുവാൻ നമുക്ക് കഴിയുകയുള്ളൂ.

പബ്ലിഷർ എഴുതുന്നു

# അത്ഭുതം പ്രവർത്തിക്കുന്ന ദൈവം–3



പാസ്റ്റർ പി. ജി. മാത്യൂസ്
9446283230

സീസൺ മാറുന്നതരുസരിച്ച് ദേശാടന പക്ഷികൾ (Migratory birds) നമ്മുടെ നാട്ടിലേക്ക് വരാറുണ്ട്. പ്രതികൂലകാലാവസ്ഥയും ഭക്ഷണ ദൗർലഭ്യവും ഇവയെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് ചേക്കേറുവാൻ നിർബന്ധിക്കുന്നു. കേരളത്തിലെ വനഭൂമികളിലും കുട്ടനാട്ടിലെ നെൽപ്പാടങ്ങളിലും മറ്റും ഇങ്ങനെയുള്ള പക്ഷികളെ കാണാറുണ്ട്. നമ്മുടെ നാട്ടിലെ കുട്ടികൾ ഇവയിൽ ചിലതിന്റെ ശബ്ദങ്ങൾ അനുകരിക്കാറുണ്ട്. "ചക്കയ്ക്കുപ്പുണ്ടോ" എന്നത് വളരെ പ്രസിദ്ധമാണ്.

പക്ഷി ശാസ്ത്രമനുസരിച്ച് (Ornithology) ഒരു രാജ്യത്തു നിന്നും അനേക മൈലുകൾ ദൂരെയുള്ള മറ്റൊരു രാജ്യത്തേക്ക് മാറി മാറി ചേക്കേറുന്ന വിവിധ പക്ഷികളുണ്ട്. ഇവയെക്കുറിച്ചുള്ള പഠനം വളരെ കൗതുക പരമാണ്. കാനഡയിൽ നിന്നും കൂട്ടം കൂട്ടമായി അർജന്റീനയിലേക്ക് താമസമാകുന്ന പക്ഷികളുണ്ട്. കാലാവസ്ഥ അനുകൂലമാകുമ്പോൾ അവകൾ തിരികെ വരാറുമുണ്ട്. പ്രജനനത്തിനും ഭക്ഷണത്തിനുമുള്ള അനുകൂലകാലാവസ്ഥ ഈ പക്ഷികൂട്ടങ്ങൾ തേടുകയാണ്. പക്ഷികളോടു ബന്ധപ്പെട്ട കാര്യങ്ങളെല്ലാം ബൈബിളിലെ ഒരു വാക്യത്തിൽ നമുക്ക് ഉൾപ്പെടുത്താം. "ആകാശത്തിലെ പെരുഞ്ഞാറ തന്റെ കാലം അറിയുന്നു, കുറുപ്രാവും മീവൽപക്ഷിയും കൊക്കും മടങ്ങിവരവിനുള്ള സമയം അനുസരിക്കുന്നു; എന്റെ ജനമോ യഹോവയുടെ ന്യായം അറിയുന്നില്ല." (യിരമ്യാവ് 8:7). നമ്മൾ ചിന്തിച്ച് വരുന്ന വിഷയം "മൃഗങ്ങളോടു ചോദിക്ക അവ നിന്നെ ഉപദേശിക്കും. ആകാശത്തിലെ പക്ഷികളോടു ചോദിക്ക അവ പറഞ്ഞു തരും. അല്ല ഭൂമിയോടു സംഭാഷിക്ക അതു നിന്നെ ഉപദേശിക്കും" എന്നതാണല്ലോ. ആകാശത്തിലെ പക്ഷികളോടു ചോദിക്ക അവ നിനക്കു പറഞ്ഞു തരും എന്ന വേദഭാഗം ഏതാനും ബൈബിൾ ചിന്തകളിലൂടെ ഇവിടെ അവതരിപ്പിക്കുവാൻ ഞാൻ താല്പര്യപ്പെടുകയാണ്. പരിസ്ഥിതി സംരക്ഷണ ഭാഗമായി വന്യമൃഗങ്ങളെയോ, പക്ഷികളെയോ വേട്ടയാടുവാനോ വളർത്തുവാനോ ഈ കാലത്ത് അനുവാദമില്ല. മയിൽ നമ്മുടെ ദേശീയ പക്ഷിയാണ്. കാർമേഘം കാണുമ്പോൾ പീലികൾ വിടർത്തിയുള്ള അതിന്റെ നൃത്തത്തെക്കുറിച്ച് കവികൾ ഇന്നും പാടുന്നു. കലാകാരന്മാർ മനോഹര ചിത്രങ്ങൾ വരയ്ക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തു ഗുരുക്കന്മാരിൽ ഗുരുവാണ്. ശ്രേഷ്ഠ അധ്യാപകനാണ്. ഇതെല്ലാവരും സമ്മതിക്കുന്ന വസ്തുതയാണ്. ക്രിസ്തു പറഞ്ഞു. "ആകാശത്തിലെ പറവകളെ നോക്കുവിൻ അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരകളിൽ കൂട്ടുന്നില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ പിതാവ് അവയെ പുലർത്തുന്നു. അവയെക്കാൾ നിങ്ങൾ വിശേഷതയുള്ളവരല്ലയോ." പക്ഷികൾ വിവിധ ഇനത്തിൽ പെടുന്നു. ഒരു

(ശേഷം പേജ് 10)

കൗൺസിലിംഗ്



പാസ്റ്റർ ജോസഫ്
ഇടക്കാട്ടിൽ നിലമ്പൂർ
9400079490



# സാന്ത്വനം തേടുന്ന കൗമാരം

ആറ്റുനോറ്റുണ്ടായ മക്കളെ ആവശ്യത്തിലേറെ പരിലാളനയും സംരക്ഷണവും നൽകി വളർത്തി വലുതാക്കി ഉന്നത പഠനത്തിനോ ജോലിക്കോ ആയി ദൂരെ ദേശത്തേക്കയക്കുമ്പോൾ നൂറായിരം പ്രതീക്ഷകളാണ് മാതാപിതാക്കൾക്കുള്ളത്. തങ്ങളുടെ മക്കൾ ഒരിക്കലും വഴി തെറ്റി സഞ്ചരിക്കില്ലെന്ന വിശ്വാസത്തോടെ കഴിയുമ്പോഴായിരിക്കും ഇടിത്തീ പോലെ ചില വാർത്തകൾ അവരുടെ ചെവിയിലെത്തുന്നത്. മക്കളുടെ അവിഹിത പ്രണയ ബന്ധങ്ങൾ (പ്രത്യേകിച്ച് പെൺമക്കളുടെ) മൂലം അപമാനവും, നിരാശയും കോപവുമെല്ലാം കൂടി ചേർന്ന് മാതാപിതാക്കളെ വല്ലാത്ത അവസ്ഥയിലാക്കുന്നു.

അപമാനം സഹിച്ച് കുറച്ചുനാൾ ഇക്കാര്യങ്ങൾ മൂടി വെയ്ക്കാൻ മാതാപിതാക്കൾ ശ്രമിക്കും. എന്നിട്ടും മാറ്റമില്ലെന്നു കണ്ടാൽ ആൾ ദൈവങ്ങളുടെ അടുത്തേക്കോ, നേർച്ച കാഴ്ചകളുമായി അമ്പലങ്ങളിലേക്കോ പള്ളികളിലേക്കുമോ ഓടും. വിശ്വാസികളാണെങ്കിൽ ചിലർ പ്രസിദ്ധരായ പ്രവാചകന്മാരുടെ അടുക്കലേക്ക് ദൂതിനായി ഓടും. മിക്ക പ്രവാചകന്മാരും ദൈവം നൽകാത്ത ശുശ്രൂഷയുമായി ചുറ്റിക്കറങ്ങുന്നവരും കൗൺസലിങ്ങിന്റെ ബാലപാഠം പോലും അറിയാത്തവരുമായിരിക്കും. കൈവിഷമിറക്കാനും ബാധയിറക്കാനും ഊരുചുറ്റുന്നവരുടെ പക്കൽ ഇത്തരം കേസുകൾ കിട്ടിയാൽ എരിതീയിൽ എണ്ണയൊഴിക്കുന്നതിന് തുല്യമായിരിക്കുമെന്ന് ദൈവമക്കൾക്ക് മുന്നറിയിപ്പ് തരുവാൻ ആഗ്രഹിക്കുന്നു. അപ്പോൾ പിന്നെ ഞങ്ങൾ എന്തു ചെയ്യുമെന്ന മാതാപിതാക്കളുടെ ചോദ്യത്തിനുത്തരമായി പറയാനുള്ളത് കർത്താവിന്റെ പാദപീഠത്തിൽ ചെന്ന് കെട്ടിപ്പിടിച്ച് കിടന്നു കരയുക എന്നതാണ്. കൂട്ടത്തിൽ കഴിഞ്ഞ കാലങ്ങളിലെ എന്റെ കൗൺസലിങ്ങ് അനുഭവത്തിൽ നിന്നും പഠനത്തിൽ നിന്നും ദൈവാത്മാവിന്റെ ബുദ്ധിയുപദേശത്തിൽ നിന്നുമൊക്കെ രൂപപ്പെടുത്തിയെടുത്ത ചില കാര്യങ്ങൾ മാതാപിതാക്കളുടെയും സുവിശേഷകരുടെയും കൗൺസിലർമാരുടെയും ശ്രദ്ധയിലേക്ക് കൊണ്ടു വരുന്നു.

മനസ്സും ബുദ്ധിയും ശരീരവുമെല്ലാം പ്രണയത്തിനായി സമർപ്പിച്ച പ്രായപൂർത്തിയായ കമിതാക്കളെ എരിതീയിൽ നിന്ന് വലിച്ചെടുത്ത് രക്ഷിക്കുക വളരെ ബുദ്ധിമുട്ടാണ്. എന്നാൽ പ്രണയാഗ്നിയുടെ പ്രകാശത്താൽ ആകർഷിക്കപ്പെട്ട് അതിലേക്ക് ഓടിയടുക്കുന്ന ഈയ്യാംപാറ്റകളെ പ്രത്യേകിച്ച് കൗമാരക്കാരെ രക്ഷിച്ചെടുക്കുവാൻ നമുക്ക് കഴിയും. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതിരിക്കുവാനുള്ള പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കുന്നതായിരിക്കും ഉചിതം.

വ്യക്തിത്വ രൂപീകരണത്തിന്റെ ശിലാസ്ഥാപനം നടക്കുന്നത് ശൈശവപ്രായത്തിലായതിനാൽ ഈ പ്രായത്തിൽ തന്നെ മക്കളുടെ സ്വഭാവരൂപീകരണത്തിന് മാതാപിതാക്കൾ മാതൃക കാണിക്കേണ്ടതാണ്. മാതാപിതാക്കളെ സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടാണ് ശിശുക്കൾ അവരുടെ സ്വഭാവരൂപീകരണം നടത്തുന്നത്. അമിതശിക്ഷ കൊടുത്താൽ കുഞ്ഞുങ്ങൾ അപകർഷതാബോധമുള്ളവരായും അമിത പരിലാളന കൊടുത്താൽ ആത്മവിശ്വാസമില്ലാത്തവരായും വളരും. ദൈവഭയവും, ദൈവാശ്രയത്വവും, സഹോദര സ്നേഹവും, മനുഷ്യത്വവും ഉള്ളവരായി മാതാപിതാക്കൾ ജീവിച്ച് കാണിച്ചാൽ നല്ല തലമുറയെ വാർത്തെടുക്കുന്നതിൽ പകുതി നമ്മൾ വിജയിച്ചു എന്നർത്ഥം. നമ്മുടെ അലറിപ്രസംഗവും പരീശപ്രാർത്ഥനയുമൊന്നും മക്കളുടെ സ്വഭാവരൂപീകരണത്തിൽ കാര്യമായ പങ്ക് വഹിക്കുകയില്ല.

മക്കൾ വളരുന്നതിനനുസരിച്ച് കൂടെ വളരുവാൻ മാതാപിതാക്കൾക്ക് കഴിയണം. മക്കളുടെ കൂടെ ഉണരുകയും കൂടെ പഠിക്കുകയും (മക്കൾ പഠിക്കുമ്പോൾ അടുത്തിരുന്നാൽ മതി) കൂടെ കളിക്കുകയും, കൂടെ ചിരിക്കുകയും, കൂടെ കരയുകയും, കൂടെ പ്രാർത്ഥിക്കുകയും, കൂടെ ഉറങ്ങുകയും ചെയ്യണം. കുടുംബപ്രാർത്ഥനക്ക് മുമ്പ് കുടുംബവേദി ചേർന്നിരിക്കണം. ഇതിൽ വെച്ച് മക്കളുടെ ആവശ്യങ്ങളും, ബുദ്ധിമുട്ടുകളും ചർച്ചചെയ്യുകയും പരിഹരിക്കുകയും വേണം. മാതാപിതാക്കൾ മക്കളുടെ മുമ്പിൽ വെച്ച് ഒരിക്കലും ക്ഷോഭിച്ച് സംസാരിക്കരുത്. അഥവാ അങ്ങനെ സംഭവിച്ചു പോയെങ്കിൽ കുടുംബവേദിയിൽ വെച്ച് പരസ്പരം ക്ഷമ ചോദിച്ച് ഒന്നിച്ചു പ്രാർത്ഥിക്കണം.

നമ്മുടെ മക്കളെ ഒരിക്കലും മറ്റുള്ള കുട്ടികളുമായോ തമ്മിൽ തമ്മിലോ താരതമ്യം ചെയ്യരുത്. മൂത്തകുട്ടിയേക്കാൾ രണ്ടാമത്തെ കുട്ടിക്ക് ഒന്നോ രണ്ടോ മാർക്ക് കുറവ് കിട്ടിയെന്ന് കരുതി അവനെ പഠിക്കാത്തവനെന്നും, മണ്ടനെന്നും പറഞ്ഞ് ആക്ഷേപിക്കരുത്. താരതമ്യം ചെയ്യൽ മക്കളുടെ ഹൃദയത്തിൽ മാരക മുറിവ് ഉണ്ടാക്കുകയും അത് പിന്നീട് പെരുമാറ്റ വൈകല്യങ്ങളായി രൂപപ്പെടുകയും ചെയ്യുമെന്ന് മാതാപിതാക്കൾ പ്രത്യേകിച്ച് അമ്മമാർ തിരിച്ചറിയണം. മണ്ടനെന്നും പൊട്ടനെന്നുമൊക്കെ ചില കുട്ടികളെ മാതാപിതാക്കൾ മുദ്രകുത്തുന്നത് കണ്ടിട്ടുണ്ട്. അവൻ പഠിച്ചിട്ടും ഒരു കാര്യവുമില്ലായെന്നും പറഞ്ഞ് പ്രാകുന്നത് ഗുരുതരമായ പ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടാക്കുമെന്ന കാര്യം ഓർത്തിരിക്കണം. മാതാപിതാക്കളുടെ ഇത്തരം പെരുമാറ്റങ്ങൾ മക്കളിൽ അധമവികാരങ്ങൾ ഉണ്ടാക്കുവാൻ ഇടയാകും.

നമ്മുടെ കുഞ്ഞുങ്ങളെ സർക്കാർ സ്കൂളിലോ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലോ ചേർത്ത് പഠിപ്പിക്കുന്നതാണ് അവരുടെ വ്യക്തിത്വവികാസത്തിന് ഏറ്റവും ഉത്തമം. ഇവിടെ അവർ ജയിച്ചും, തോറ്റും, കൊണ്ടും കൊടുത്തും ചിരിച്ചും കരഞ്ഞുമൊക്കെ പഠിച്ചു വളരട്ടെ. നല്ല വിദ്യാഭ്യാസവും, പരിചയവും സാമൂഹ്യ പ്രതിബന്ധതയുള്ള അധ്യാപകരുടെ കീഴിൽ പഠിച്ചെങ്കിൽ മാത്രമേ കുഞ്ഞുങ്ങൾക്ക് സമൂഹത്തിൽ ജീവിക്കാൻ പറ്റുന്ന വ്യക്തിത്വം രൂപീകരിക്കുവാൻ കഴിയുകയുള്ളു. എന്നാൽ മാതാപിതാക്കൾ വിദേശരാജ്യങ്ങളിലാണെങ്കിൽ കേന്ദ്ര സിലബസിലുള്ള റസിഡൻഷ്യൻ സ്കൂളുകളിൽ മക്കളെ ചേർക്കേണ്ടതായി വരും. അങ്ങനെ വരുമ്പോൾ അവിടത്തെ പഠനനിലവാരത്തേക്കാൾ നമ്മൾ ശ്രദ്ധിക്കേണ്ടത് അവിടത്തെ അധ്യാപകരുടെ നിലവാരവും ആത്മീയ അന്തരീക്ഷവുമാണ്. കേരളത്തിലെ ഏറ്റവും 'തല്ലിപ്പൊളി' സർക്കാർ സ്കൂളിൽ അധ്യാപകനായിരുന്നിട്ടുള്ള അനുഭവവും ഇന്ത്യയിലെ പ്രസിദ്ധമായ സി.ബി.എസ്.ഇ. സ്കൂളിലെ അധ്യാപന പരിചയവും മുൻനിർത്തിയാണ് മേൽപ്പറഞ്ഞ നിർദ്ദേശം വെച്ചിട്ടുള്ളത്.

ചെറുപ്രായം മുതൽ തന്നെ നമ്മുടെ പെൺമക്കൾക്ക് നല്ല ആത്മവിശ്വാസവും ധൈര്യവും ഉണ്ടാകുന്ന തരത്തിൽ വേണം മാതാപിതാക്കളും അധ്യാപകരും പെരുമാറുവാൻ. നമ്മുടെ വീട്ടിൽ പെൺകുട്ടികൾക്ക് തുല്യപ്രാധാന്യം കൊടുത്തു വേണം വളർത്തുവാൻ. പെൺകുഞ്ഞുങ്ങളെ സ്നേഹിക്കുവാനും ബഹുമാനിക്കുവാനും നമ്മുടെ ആൺമക്കൾക്ക് പ്രത്യേക പരിശീലനം ചെറുപ്പത്തിലെ തന്നെ നൽകേണ്ടതാണ്. പെൺകുട്ടികൾ സൗന്ദര്യം ആസ്വദിക്കുവാനുള്ള വെറും ശരീരമല്ല, നല്ല വ്യക്തിത്വമുള്ള മനുഷ്യരാണെന്ന ബോധം പെൺകുട്ടികൾക്ക് മാത്രമല്ല ആൺകുട്ടികൾക്കുമുണ്ടായിരിക്കണം. കൃത്രിമ സൗന്ദര്യവർദ്ധന വസ്തുക്കൾ ഉപയോഗിച്ച് അമിതമായി പെൺകുട്ടികളെ ഒരുക്കുന്നത് നന്നല്ല. തങ്ങളുടെ സൗന്ദര്യം പ്രദർശിപ്പിക്കാനുള്ളതാണെന്ന ചിന്ത പെൺകുട്ടികളിലുണ്ടാകാൻ പാടില്ല. അതുപോലെ പെൺകുട്ടികൾ അമിതമായി മേക്കപ്പ് ഇടുന്നത് ആൺകുട്ടികളെ ആകർഷിക്കാനാണെന്ന ധാരണ ആൺകുഞ്ഞുങ്ങൾക്ക് ഉണ്ടെങ്കിൽ അതിന്റെ യാഥാർത്ഥ്യം ബോധ്യപ്പെടുത്തേണ്ടത് അധ്യാപകരുടെയും മാതാപിതാക്കളുടെയും കടമയാണ്. നമ്മുടെ വീട്ടിൽ സുരക്ഷിതത്വത്തിന്റെയും ഊഷ്മളതയുടെയും ഒരു അന്തരീക്ഷം സദാനിലനിൽക്കേണ്ടതാണ്. എല്ലാ കൗമാരക്കാരുടെയും തീഷ്ണമായ ആഗ്രഹമാണ് അഭിനന്ദനവും അംഗീകാരവും പ്രോത്സാഹനവും ലഭിക്കുക എന്നത്. ഭവനങ്ങളിലും സഭകളിലും യുവാക്കൾക്ക് വേണ്ടത് ലഭിക്കുന്നില്ലായെങ്കിൽ അത് ലഭിക്കുന്ന സ്ഥലമന്വേഷിച്ച് അവർ ഇറങ്ങിത്തിരിക്കുവാൻ സാധ്യതയുണ്ട്. തമ്മിൽ നിസാരകാര്യങ്ങൾ പറഞ്ഞ് വഴക്കുണ്ടാക്കി അരക്ഷിതാവസ്ഥ സൃഷ്ടിച്ചാൽ നമ്മുടെ ഭവനങ്ങളെയും സഭകളെയും യുവാക്കൾ ഉപേക്ഷിക്കുമെന്ന കാര്യം മറക്കരുത്. സത്യോപദേശമൊന്നുമില്ലെങ്കിലും നഗരങ്ങളിലെ ആരാധനാ കൂട്ടങ്ങളിലേക്ക് നമ്മുടെ ചെറുപ്പക്കാർ കുടിയേറുന്നതിന്റെ ഒരു കാരണം അവിടെ വഴക്കില്ലായെന്നതാണ്. എന്റെ സഭക്കാർക്കും എന്റെ വീട്ടുകാർക്കും ഞാൻ വേണ്ടപ്പെട്ടവനാണ്, വേണ്ടപ്പെട്ടവളാണ് എന്നൊരു ധാരണ നമ്മുടെ മക്കൾക്കുണ്ടായാൽ അവരൊരിക്കലും അപമാനകരമായ ബന്ധങ്ങളിൽ ചെന്ന് ചാടുകയില്ല.

ചെറിയ ക്ലാസു മുതലേ സ്കൂളിലെ വിശേഷങ്ങൾ പങ്കുവെക്കുവാൻ കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കണം. മക്കളുടെ ഭാഗത്തു നിന്നുണ്ടാകുന്ന തെറ്റുകൾക്ക് അവരെ സ്നേഹപൂർവ്വം തിരുത്താമെങ്കിലും കുറ്റപ്പെടുത്തി സംസാരിക്കരുത്. കൗമാരപ്രായത്തിൽ കുട്ടികൾക്ക് മാതാപിതാക്കളോട് സ്വാഭാവികമായ ഒരു അകൽച്ച ഉണ്ടാവും. കൗമാരക്കാരായ പെൺകുട്ടികളുടെ അമ്മമാർ അവരുടെ ഉറ്റ സഖികൂടിയായിരിക്കണം. ഏത് സ്വകാര്യപ്രശ്നങ്ങളും പങ്കുവെയ്ക്കുവാൻ തക്ക സ്വാതന്ത്ര്യവും അടുപ്പവും മക്കളുമായി ഉണ്ടായിരിക്കണം. ഈ പ്രായത്തിലുള്ള മക്കളുടെ ഏറ്റവുമടുത്ത സുഹൃത്തുക്കളെയും അവരുടെ മാതാപിതാക്കളെയും നമ്മൾ പരിചയപ്പെട്ടിരിക്കണം.

ഹയർസെക്കന്ററി തലം തൊട്ട് മുകളിലേക്കുള്ള നമ്മുടെ പെൺമക്കളുടെ പഠനം മിക്സഡ് സ്കൂളിലും കോളജിലും ആകുന്നതാണ് ഉചിതം. സഹപാഠികളായി ആൺകുട്ടികളുണ്ടെങ്കിൽ അവരുടെ ഇടപെടലുകളും സംസാര ശൈലിയും, ശരീരഭാഷയുമൊക്കെ തുടങ്ങി ആൺകുട്ടികളെക്കുറിച്ചുള്ള പൊതുധാരണ പെൺകുട്ടികൾ അറിഞ്ഞിരിക്കുന്നത് പുറമെയുള്ള ചതിക്കുഴികളിൽ വീഴുന്നതിൽ നിന്ന് ഒരു പരിധിവരെ അവരെ രക്ഷിക്കുന്നതാണ്.

മക്കൾ പഠിക്കുവാനോ ജോലിക്കോ പോകുന്ന ദേശത്ത് നമുക്ക് പരിചയമുള്ള ദൈവദാസന്മാരെ ചുമതലപ്പെടുത്തുന്നത് ഉചിതമാണ്. മക്കളുടെ മേൽ ചാരപ്രവർത്തനം നടത്താനല്ല, പ്രത്യുത അവർക്ക് നല്ല ആത്മീയ കൂട്ടായ്മ കൊടുക്കാൻ വേണ്ടിയാണിത്. സഭാ പാസ്റ്റർമാർക്ക് ശ്രദ്ധിക്കുവാൻ കഴിയുന്ന തരത്തിലുള്ള ചെറിയ കൂട്ടങ്ങളിൽ ആരാധനയ്ക്ക് പോകുവാൻ മക്കളെ ഉത്സാഹിപ്പിക്കണം. ആരാലും ശ്രദ്ധിക്കപ്പെടാതെ വലിയ ജനക്കൂട്ടസഭകളിൽ പോകുവാനാണ് ചെറുപ്പക്കാർക്ക് താല്പര്യം. എന്നാൽ ഇത് ഇവരുടെ ആത്മീയ ജീവിതത്തിൽ തളർച്ചയുണ്ടാകും.

നമ്മുടെ കണ്ണെത്താത്ത ദൂരദേശത്തുള്ള മക്കൾ വഴി തെറ്റിപ്പോകാതിരിക്കുവാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം അവരെയും സുവിശേഷപ്രവർത്തനത്തിൽ പങ്കുകാരാക്കുകയെന്നതാണ്. 'നിങ്ങളും മുന്തിരിത്തോട്ടത്തിൽ പോകുവിൻ, ന്യായമായത് തരാം' എന്നുള്ള കർത്താവിന്റെ കല്പന മാതാപിതാക്കളായ നമുക്കും ചെറുപ്പക്കാരായ നമ്മുടെ മക്കൾക്കും ബാധകമാണ്. സാമ്പത്തിക സഹായം ചെയ്യുന്നത് കൂടാതെ തന്നെ സുവിശേഷ പ്രവർത്തനത്തിൽ നാം സജീവമായി പങ്കെടുക്കണം. അതുപോലെ നമ്മുടെ മക്കൾ അവർ പഠിക്കുന്ന അല്ലെങ്കിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ പ്രാർത്ഥിക്കുവാനോ സുവിശേഷം പങ്കുവെയ്ക്കാനോ കിട്ടുന്ന സന്ദർഭങ്ങൾ തക്കത്തിൽ ഉപയോഗിക്കണം. കൂടെയുള്ളവരോട് സുവിശേഷം പങ്കുവെക്കുവാനുള്ള പ്രാക്ടീസ് നമ്മുടെ മക്കൾക്ക് നൽകണം. സുവിശേഷം പറയുകയും പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുക്കുകയുമൊക്കെ ചെയ്യുന്ന ഒരാൾ സ്വയം മലിനപ്പെടാതെ തന്നെത്താൻ സൂക്ഷിക്കുവാൻ ശ്രമിക്കും. അഥവാ ചെറിയ ഒരു പാകപ്പിഴ ഇവരുടെ ഭാഗത്തുനിന്നുണ്ടായാൽ അത് കൂട്ടുകാർ ചോദ്യം ചെയ്യും.

കൗമാരപ്രായം മുതൽ മുകളിലോട്ടുള്ളവർക്കായി യുവജന കൗൺസലിങ്ങ് സെമിനാറുകൾ സംഘടിപ്പിക്കണം. പ്രായവും പക്വതവും ദൈവകൃപയുള്ള കൗൺസലർമാരായിരിക്കണം ക്ലാസുകൾ എടുക്കേണ്ടത്. യുവജന സമ്മേളനങ്ങളിലെ ചോദ്യോത്തരവേളയിലെ ഒരു വിഷയം മാത്രമായി മാറ്റാതെ കൗമാര പ്രശ്നങ്ങളും പ്രേമവും, വിവാഹവുമൊക്കെ രണ്ടുമണിക്കൂറെങ്കിലുമുള്ള ഒരു സെഷനിൽ കൈകാര്യം ചെയ്യണം. ക്ലാസിനുശേഷം എന്തെങ്കിലും പ്രശ്നങ്ങളുള്ളവർ വ്യക്തിപരമായ കൗൺസലിങ്ങിന് മുന്നോട്ടുവരണമെന്ന് ആവശ്യപ്പെടുന്നത് ചെറുപ്പക്കാരെ അപമാനിക്കുന്നതിന് തുല്യമാണ്. വ്യക്തിപരമായ കൗൺസലിങ്ങ് സ്വകാര്യമായി പിന്നീട് ചെയ്യേണ്ട കാര്യമാണ്.

ഏറ്റവും പ്രധാനപ്പെട്ട കാര്യം അവസാനമായി പറയട്ടെ. സർവ്വശക്തന്റെ നിഴലിൽ കീഴിൽ ജീവിക്കുന്ന ഒരു കുടുംബമായിരിക്കണം നമ്മുടേത്. ദൈവത്തിലുള്ള ആശ്രയത്വബോധത്തോടൊപ്പം ഭയത്തോടെ അവനെ സേവിക്കുകയും വേണം. സമ്പത്തും സമൃദ്ധിയും, വിദേശബന്ധങ്ങളും, ആരാധനയും അന്യഭാഷയുമൊക്കെ ഉണ്ടെങ്കിലും അത്യാവശ്യമായ ദൈവഭയം ഇല്ലാത്ത ഒരു സമൂഹമായി നാം മാറികൊണ്ടിരിക്കുന്നുവോ എന്ന സംശയം മിക്കവർക്കുമുണ്ട്. നമ്മുടെ മക്കളുടെ ആത്മീയ ഭാവിക്കായി, മടങ്ങി വരവിനായി. ഈ കുറിപ്പുകൾ ദൈവമക്കൾ മുമ്പാകെ പ്രാർത്ഥനയ്ക്കും, ചർച്ചകൾക്കും, നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു. ●



ടോംസ് ആന്റണി
(പരിശീലകൻ, പ്രഭാഷകൻ)
9447232512






# വെടിക്കെട്ടിനുണ്ടോ ആത്മീയത..... ?

**പു**റ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിന് ഒരു വയസ്സ്. ഒരു വർഷം കഴിഞ്ഞിട്ടും ആ ദുരന്തം ഏൽപ്പിച്ച ആഘാതം ജനഹൃദയങ്ങളിൽ നിന്ന് മാഞ്ഞിട്ടില്ല. ആയിരങ്ങളാണ് ആ ദുരന്തത്തിന്റെ വേദന നെഞ്ചിലേറ്റിയത്. ഒരു ഘോരയുദ്ധം നടന്ന യുദ്ധഭൂമിയുടെ തനിപ്പകർപ്പായിരുന്നു, വെടിക്കെട്ടപകടത്തിനു ശേഷം ആ പ്രദേശം. ഒരു കിലോമീറ്ററോളം ചുറ്റളവിൽ ആ അപകടത്തിന്റെ പ്രകമ്പനങ്ങൾ അലയടിച്ചു. ദൂരെയുള്ള കെട്ടിടങ്ങളിൽ പോലും വിള്ളലുണ്ടായി. ദുരന്തഭൂമിയിൽ വെടിക്കെട്ട് കാണുവാൻ എത്തിയവർക്കുമാത്രമല്ല, അങ്ങകലെ ജീവിത പ്രാരാബ്ദത്തിനു നടുവിൽ നെട്ടോട്ടമോടിയവരും ഈ ദുരന്തത്തിന്റെ ഇരകളായി.

കൂട്ടക്കരച്ചിൽ, വികാരനിർഭരമായ മുഹൂർത്തങ്ങൾ, ഫയർഫോഴ്സ്, ആംബുലൻസ്, പോലീസ് വാഹനങ്ങൾ എന്നിവയുടെ ഇരമ്പലുകൾ കൊണ്ട് മുഖരിതമായ ശോകമൂകമായ അന്തരീക്ഷം. കുടുംബത്തിന് താങ്ങായി നിന്നവരുടെ ജീവൻ പ്രതീക്ഷിക്കാതെ പൊലിഞ്ഞുപോയതിന്റെ നൊമ്പരം പേറി നിൽക്കുന്നവർ. തകർന്ന കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ തങ്ങളുടെ സ്വന്തക്കാരെ തിരയുന്നവർ, കൂട്ടിയിട്ട മൃതദേഹങ്ങൾക്കിടയിൽ തങ്ങളുടെ പ്രിയപ്പെട്ടവരെ തിരിച്ചറിയുവാൻ ശ്രമിക്കുന്നവർ, ജാതി-മത-രാഷ്ട്രീയങ്ങൾക്കതീതമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ, പരിക്കേറ്റ് ശരീരഭാഗങ്ങൾ നഷ്ടപ്പെട്ട് ആശുപത്രിയിൽ കഴിഞ്ഞവർ. എത്ര ഭീതിദമായ, ദുഃഖദുരിതമായ രംഗങ്ങളിലൂടെയായിരുന്നു ആ നാട് കടന്നുപോയത് !

ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി മറ്റുപരിപാടികൾ എല്ലാം റദ്ദാക്കി നമ്മുടെ ദുഃഖത്തിൽ പങ്കുചേരുവാൻ സംഭവസ്ഥലം സന്ദർശിച്ചതും ഇന്നലെപ്പോലെ നാം ഓർമ്മിക്കുന്നു.

ഉത്സവത്തോടനുബന്ധിച്ചുനടന്ന വെറും വെടിക്കെട്ടല്ല, മറിച്ച് കരിമരുന്ന് കലാപ്രകടനത്തിന്റെ കിടയറ്റ മത്സരമായിരുന്നു അവിടെ അരങ്ങേറിയത്. അതെ; വെടിക്കെട്ടുമത്സരം ! കോടിക്കണക്കിനു രൂപയാണ് വെറുതെ പൊട്ടിച്ചുകളഞ്ഞത്. കോടികളുടെ വൃഥാവിലുള്ള നഷ്ടം. മനുഷ്യന്റെ അഹങ്കാരത്തിന്റെ പ്രതിഫലമാണ് കോടികൾ മുടക്കിയുള്ള വെടിക്കെട്ട്. ആ പ്രദേശത്തു സംഭവിക്കുന്ന പരിസ്ഥിതിയുടെ മലിനീകരണം എത്രവലുതാണ്. ഓക്സിജന്റെ അളവ് അന്തരീക്ഷത്തിൽ കുറയുന്നതിനും, വിഷവാതകങ്ങൾ അന്തരീക്ഷത്തിൽ മുഴുവൻ വമിക്കുന്നതിനും ഇത് ഇടയാകും. ശബ്ദമലിനീകരണം ഇതിന്റെ മറ്റൊരു ദൂഷ്യഫലമാണ്. ഹൃദ്രോഗികൾക്കും, മറ്റു ചില രോഗങ്ങൾ ഉള്ളവർക്കും ഇത്തരം ഉച്ചത്തിലുള്ള ശബ്ദങ്ങൾ വളരെ ദോഷം ചെയ്യും. ഗർഭിണികളേയും കുട്ടികളേയും ഈ ശബ്ദവും മലീനീകരണവും കുറച്ചൊന്നുമല്ല ദോഷകരമായി ബാധിക്കുന്നത്. ഇത്തരം പ്രശ്നങ്ങൾ കൂടാതെയാണ് എപ്പോൾ വേണമെങ്കിലും സംഭവിക്കാവുന്ന വൻ അപകടങ്ങളും. വെടിക്കെട്ടിനെ തുടർന്ന് ആന ഭയന്നോടി പലരുടേയും ജീവൻ ഹോമിച്ചതും ചരിത്രം തന്നെയാണ്.

ഞാനൊന്നു ചോദിക്കട്ടെ ! വെടിക്കെട്ടിന് ആത്മീയതയുമായി എന്തെങ്കിലും ബന്ധമുണ്ടോ ? ഒരു ബന്ധവുമില്ല എന്നതാണ് വാസ്തവം. ഇല്ല എന്ന് പെട്ടെന്ന് ഉത്തരം പറയുമ്പോൾതന്നെ ആത്മീയതയ്ക്ക് നേരെയുള്ള വെല്ലുവിളിയാണ് ഇത്തരം വെടിക്കെട്ടുകൾ എന്നും പറയേണ്ടിവരും. കോടികൾ പൊട്ടിച്ചുകളഞ്ഞ്, പരിസ്ഥിതിമലിനീകരണം, ശബ്ദമലിനീകരണം, ഇതര മാലിന്യപ്രശ്നങ്ങൾ, ഒപ്പം എപ്പോൾ വേണമെങ്കിലും സംഭവിക്കാവുന്ന ഒട്ടനവധി ദുരന്തങ്ങളും നാം ബോധപൂർവ്വം വരുത്തിവയ്ക്കുകയാണ്.

നമ്മുടെ ഉത്സവങ്ങൾക്കും, പെരുന്നാളുകൾക്കും മോടികൂട്ടുന്നതിനാണ് ഇത്തരം വെടിക്കെട്ടുകൾ സാധാരണ നടത്തുന്നത്. ആത്മീയതയുടെ ഉത്സവങ്ങളാകണം ഓരോ തിരുനാളുകളും. ഇന്ന് ഈ ഉത്സവങ്ങളെയെല്ലാം ഭൗതികത വല്ലാതെ വിഴുങ്ങിക്കൊണ്ടു പോകുന്നു.

ഉത്സവങ്ങളിലൂടെയും പെരുന്നാളുകളിലൂടെയും പള്ളികളും, അമ്പലങ്ങളും സമാഹരിക്കുന്ന വലിയ പണം സാധുക്കളെയും നിരാശ്രയരേയും സഹായിക്കുന്നതിനുവേണ്ടി ഉപയോഗിക്കുകയാണ് വേണ്ടത്. അങ്ങിനെ ഉപയോഗിക്കുമ്പോഴാണ് യഥാർത്ഥ ആത്മീയത നിറയുന്നത്. ഭൗതികമായ കാര്യങ്ങളിലേയ്ക്ക് അമിതമായി ആഘോഷങ്ങളും പെരുന്നാളുകളും നീങ്ങുമ്പോൾ ആത്മീയതയുടെ ദാരിദ്ര്യമാണ് സംഭവിക്കുന്നത്. പുറം മോടിയല്ല ആത്മീയത എന്ന് ഓർക്കണം.

ഈ ദുരന്തത്തിനുശേഷം കുറെയേറെ പള്ളികളും, അമ്പലങ്ങളും ഇനി വെടിക്കെട്ട് നടത്തില്ല എന്ന് പ്രഖ്യാപിച്ചത് ഏറെ ശ്ലാഘനീയമാണ്. ഈ മാതൃകകൾ കേരളം മുഴുവൻ വ്യാപിക്കട്ടെ. പാരമ്പര്യങ്ങൾ തെറ്റും തിന്മകളുമാണെങ്കിൽ അതിനെ ഉപേക്ഷിക്കുവാനുള്ള ആർജ്ജവം നാം കാണിക്കണം. ഇനിയും ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കട്ടെ. ശരി എപ്പോഴും ശരിയും തെറ്റ് എപ്പോഴും തെറ്റും തന്നെയാണ്. ഇത്തരം തെറ്റുകൾ തിരുത്തപ്പെടുകതന്നെവേണം.



സ്കറിയ ഡി.വർഗീസ്, വാഴൂർ

# വിശ്വാസ ത്യാഗവും ദൈവസഭയും



**ദൈ**വജനത്തെ നിരന്തരം വലച്ചുകൊണ്ടിരിക്കുന്ന വലിയ അപകടമാണ് വിശ്വാസത്യാഗം പഴയനിയമ യിസ്രയേൽ എപ്പോഴെല്ലാം സത്യദൈവത്തെ മറന്നുവോ അപ്പോഴെല്ലാം ദൈവീക ന്യായവിധി അവരിൽ പെയ്തിറങ്ങി. വിശ്വാസത്യാഗം പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ സംഭവിക്കുന്നതല്ല. ഒരു പക്ഷെങ്കിൽ നാം അതു മനസിലാക്കുന്നത് പ്രകടവും പ്രത്യക്ഷവുമായി ലക്ഷണം കാണിക്കുമ്പോഴാണ് എന്നു മാത്രം.

നമ്മുടെ പ്രാണപ്രിയന്റെ മടങ്ങിവരവിനു തെട്ടു മുൻപ് ഈ ഭൂമി ഒരു വലിയ ആത്മീക ഉണർവിനല്ല, ആകമാന വിശ്വാസത്യാഗത്തിനാണ് സാക്ഷിയാകാൻ പോകുന്നത് എന്ന തിരുവചനം വളരെ വ്യക്തമായി തന്നെ പഠിപ്പിക്കുന്നുണ്ട്. (2തെസ്സ.2:3,4) കേരളകരയിൽ 'നാടും വീടും നാമധേയ സമൂഹവും വിട്ട് വിലയേറിയ ആഭരണങ്ങൾ ഒക്കെ ചവറുപോലെ ഉപേക്ഷിച്ച് ചവിട്ടും തൊഴിയും ഒക്കെ സഹിച്ച് വയലിൽ അത്യാധ്വാനം ചെയ്ത പിതാക്കൻമ്മാരുടെ തലമുറ ഏതാണ്ട് മൺ മറഞ്ഞു. ജോസഫിനെ അറിയാത്ത ഫറവോയെ പോലെ പിതാക്കൻമാരുടെ ത്യാഗവും സമർപ്പണവും അറിയാത്ത ഒരു നേതൃനിര പെന്തക്കോസ്തു പ്രസ്ഥാനങ്ങളുടെ തലപ്പത്ത് കയറി പറ്റി. ഏറ്റവും മുൻപിൽ എത്തിയാൽ പരമാവധി വാരിക്കൂട്ടാം എന്ന ചിന്തയാൽ സംഘടനയുടെ തലപ്പത്തെത്താൻ എത്ര തരം താഴുവാനും അവരിൽ ചിലർ തയ്യാറായി.'

ആത്മീക യാത്രയുടെ സാരഥിയായ യോഹന്നാൻ കെ.പി.ഒരു വേർപെട്ട സഹോദരനായി ജീവിതയാത്ര തുടങ്ങിയ വ്യക്തിയാണ്. ജനലക്ഷങ്ങൾ തന്റെ പ്രസംഗങ്ങൾ കേട്ട് നിത്യജീവനിൽ എത്തി ചേർന്നു. കാലം മുൻപോട്ടു പോയപ്പോൾ നാം കണ്ടത് താൻ കുപ്പായവും കുരിശും ധരിച്ച് ഒരു പുതിയ നാമധേയ ക്രൈസ്തവ സഭയുടെ കൂടെ സ്ഥാപകനായി മാറുന്ന കാഴ്ചയാണ്.

കഴിഞ്ഞ ദിവസം ഒരു വലിയ ഉണർവു പ്രസംഗകൻ സിനിമാ കോപ്ലക്സ് ഉൽഘാടനത്തിനും നിലവിളക്കു കത്തിക്കലിനുമൊക്കെ പങ്കെടുക്കുന്ന കാഴ്ച സോഷ്യൽ മീഡിയയിൽ കണ്ട ദൈവ ജനം ഞെട്ടി. ഇവരിൽ പലരും നാളെ മറ്റൊരു യോഹന്നാനോ പൊയ്കയിലപ്പച്ചനോ ഒക്കെ ആയി മാറുവാൻ സാധ്യതയുള്ളവരാണ്. ദൈവീക കരുതൽ നിരന്തരം അനുഭവിച്ച യിസ്രയേൽ ജനത്തിലെ മിക്കവരിലും ദൈവം പ്രസാദിച്ചില്ല (1കൊരി.10:5) എന്നത് നമുക്ക് എന്നും പാഠമായിരിക്കേണം.

കേരളകരയിലൊന്നാകെ സകല ദുരുപദേശകരും തലങ്ങും വിലങ്ങും കയറി ഇറങ്ങി വലിയ ഒരു വിഭാഗത്തെ നിത്യനരകത്തിലേക്കാനയിക്കുമ്പോൾ, ജനത്തെ നേർവഴികൾ നടത്തുവാൻ നിയോഗിതരായവർ കാഴ്ചയും കാഴ്ചപ്പാടും മങ്ങി വോട്ടു പിടുത്തവും ഫണ്ടു പിരിവുമൊക്കെയായി ലോകം മുഴുവനും കറങ്ങി നടന്നാൽ - ഒരു നാളിൽ പ്രാണപ്രിയൻ കണക്കു ചോദിക്കുമ്പോൾ മുട്ടു വിറച്ചുകൊണ്ട് മറുപടി നൽകേണ്ടി വരും തീർച്ച.

മുഖ്യധാരാ സമൂഹങ്ങളിൽ ആഭരണ ഭ്രമം ഏറി വരുന്നു എന്നത് ഞെട്ടലുളവാക്കുന്നതാണ്. നമ്മുടെ വിവാഹവേദികൾ ആഡംബരത്തിന്റെ അവസാന വാക്കായി മാറുന്നതും സംഘടനയുടെ നേതാക്കൻമാരുടെ വസതികൾ കോടികൾ ചിലവഴിച്ചലംങ്കരിക്കുന്നതും വിശ്വാസത്യാഗം തന്നെ. കൺവൻഷനുകളിൽ ബീഡിയും വലിച്ച്, കള്ളും കുടിച്ച് ഹിപ്പിസ്റ്റൈലിൽ വരുന്ന ഗായകസംഘത്തെ ഒഴിവാക്കി ആത്മനിറവുള്ള സഹോദരീ സഹോദരൻമാരെ ഗാനശുശ്രൂഷ ഏൽപ്പിക്കട്ടെ. കൺവൻഷൻ ഗാനങ്ങൾക്കു പോലും ഒരു കാലത്ത് പാപിയെ യഥാർത്ഥ മാനസാന്തരത്തിലേക്കു നയിക്കാൻ സാധിച്ചിരുന്നു എന്ന ചരിത്രം നാം മറക്കരുത്.

ലോകം കണ്ട ഏറ്റവും വലിയ മിഷ്നറിവീരനായ പൗലോസ് ശ്ലീഹാ ഇപ്രകാരം പ്രബോധിപ്പിക്കുന്നു. "നീ വിശ്വാസവും നല്ല മനസാക്ഷിയും ഉള്ളവനായി അവയെ അനുസരിച്ചു നല്ല യുദ്ധസേവ ചെയ്ക. ചിലർ നല്ല മനസാക്ഷി തള്ളിക്കളഞ്ഞിട്ടു അവരുടെ വിശ്വാസകപ്പൽ തകർന്നു പോയി." (1 തിമോ.1:19) "നീ നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചു കൊൾക. ഇതിൽ ഉറച്ചു നിൽക്ക. അങ്ങനെ ചെയ്താൽ നീ നിന്നെത്തന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും" (1 തിമോ.4:16).

# സ്വവർഗ ലൈംഗീകതയ്ക്ക് നിയമസംരക്ഷണം നൽകാനുള്ള പുതിയ നീക്കങ്ങൾ



ജോബ് ജോൺ
മംഗലൂരു

ദൈവം ഇഷ്ടപ്പെടാത്തതും വേദപുസ്തകം വെറുക്കുന്നതും ദൈവമക്കൾ നികൃഷ്ടമെന്നു കരുതുന്നതുമായ പ്രവണതയാണ് പ്രകൃതി വിരുദ്ധ ലൈംഗീകത. എന്നാൽ അതേ സമയം സ്വവർഗ ലൈംഗീകതയെ സാധാരണമെന്നും അനുകമ്പയും ആർദ്രതയും അർഹിക്കുന്നവരെന്നു രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരും കരുതുന്നതിനിടയിൽ, മാറിയും മറിഞ്ഞും വരുന്ന വിധിന്യായങ്ങളിലൂടെ ശക്തവും സുതാര്യവുമായ ഒരു തീരുമാനം എടുക്കാൻ കഴിയാതെ വിഷമിക്കുന്ന കോടതികളും നിയമസഭകളും, പിന്നെ ചില പാസ്റ്റർമാരും ഈ കാലയളവിലെ ശ്രദ്ധേയമായ കാഴ്ചയാണ്.

സ്വവർഗ്ഗ രതിയെ കുറ്റകരമാക്കുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിനു (IPC section377) ഭേദഗതി വരുത്താനുള്ള കേരള നിയമസഭയുടെ ഈ ദിവസങ്ങളിലെ നീക്കത്തിൽ വേദപുസ്തകത്തിന് അനുസരിച്ച് ജീവിക്കുന്ന പെന്തകോസ്ത് സമൂഹത്തിന്റെ ശക്തമായ പ്രതിക്ഷേധം അറിയിക്കുന്നു. സ്വവർഗരതിക്കാരെ സംരക്ഷിക്കുന്നതു സ്വാഭാവീകവും പ്രകൃതി ദത്തമായതുമായ ലൈംഗീകതയെ വികലമാക്കുന്നതും സാമൂഹ്യവിരുദ്ധവും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതുമാണ്. ശ്രീ ശശി തരൂർ എം.പി. കേരളത്തെ ധാർമീകതയുടെ വിഷയത്തിൽ നിയമവിലക്കുകൾ ഇല്ലാത്ത വിദേശ സംസ്കാരത്തിലേക്ക് കൊണ്ടുപോകാൻ മുഖ്യമന്ത്രിയെ കൂട്ടുപിടിച്ച് നീക്കങ്ങൾ നടത്തുന്നു എന്ന് അദ്ദേഹത്തിന്റെ തന്നെ പോസ്റ്റുകൾ വ്യക്തമാക്കുന്നു. ധാർമീക ബോധമുള്ള മലയാളികൾ ഇതിനെ വെറുക്കുന്നു. ഇതുപോലെ ഒരു വിഷയം ചർച്ച ചെയ്യാൻ ഇപ്പോഴത്തെ സർക്കാർ മുന്നോട്ടു വരുന്നു എന്ന് പറയുന്നത് തന്നെ ആശ്ചര്യം ഉളവാക്കുന്നു. (2015 ജൂൺ 15 നു ശ്രീ തരൂർ തന്നെ സ്വവർഗലൈഗീകത കുറ്റകരം അല്ലാതാക്കണം എന്ന് പറഞ്ഞു ഒരു ബിൽ ലോകസഭയിൽ അവതരിപ്പിച്ചു എങ്കിലും 7124 വോട്ടുകൾക്ക് ആ ബിൽ അമ്പേ പരാജയപ്പെട്ട് പോകുകയാണ് ഉണ്ടായത്. 'വർഗീയ' പാർട്ടി ഭരിക്കുന്നിടത്തോളം ഈ ബിൽ അവിടെ വിജയിക്കുകയില്ല എന്ന തിരിച്ചറിവ് ഉണ്ടായതുകൊണ്ടാവും അദ്ദേഹം കേരള മുഖ്യമന്ത്രിയെ കൂട്ടുപിടിച്ച് കേരളത്തെ 'പ്രബുദ്ധം' എന്ന പദവിയിലേക്ക് ഉയർത്താൻ ശ്രമിക്കുന്നത്)

ഇന്ത്യൻ ശിക്ഷാ നിയമം സെക്ഷൻ 377 ഭേദഗതി വരുത്താൻ തങ്ങൾക്കു അധികാരമില്ല എന്നും, പാർലമെന്റ് ഈ വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നിടത്തോളം സമയം ഈ നിയമം അനുസരിച്ച് മുന്നോട്ടു പോകുവാൻ മാത്രമേ സുപ്രീം കോടതിക്കും ഓരോ ഇന്ത്യൻ പൌരനും കഴിയുകയുള്ളൂ എന്നും 2013 ഡിസംബർ 18 നു ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിച്ചതിനു തൊട്ടു പിന്നാലെ, അത് വ്യക്തി സ്വാതന്ത്ര്യതിന്മേലുള്ള കടന്നുകയറ്റമാണെന്നു പറഞ്ഞു കോടതി വിധിക്കെതിരെ വാളെടുത്ത പ്രധാനികൾ അന്നത്തെ കോൺഗ്രസ് സർക്കാരിലെ മന്ത്രിമാരും മറ്റുമായിരുന്നു. ദൽഹി ഹൈക്കോടതി സ്വവർഗരതി നിയമവിധേയമാകണം എന്ന് വിധിച്ചതിനുമെലുള്ള സുപ്രീം കോടതിയുടെ ഈ നിലപാട് കേട്ട് ആദ്യം 'ഞെട്ടി' പ്പോയത് കബിൽ സിബൽ, ചിദംബരം, രാഹുൽ ഗാന്ധി എന്നിവരായിരുന്നു. സോണിയ ഗാന്ധിയുടെ ആശിർവാദവും ഇവർക്കുണ്ടായിരുന്നു. ഈ പറഞ്ഞ രാഷ്ട്രീയക്കാരുടെ റിവ്യൂ ഹർജി 2014 ജനുവരി 28ന് സുപ്രീം കോടതി തള്ളിക്കളയുകയുണ്ടായി. വിധി വൈപരീത്യം എന്ന് പറയട്ടെ, 25 ലക്ഷം LGBT കളുടെ സന്തോഷത്തിനു വേണ്ടി ധാർമീകതയുടെ മതിൽകെട്ടുകൾ എടുത്തു കളഞ്ഞ പ്രസ്തുത പാർട്ടി ഇനി ഉടനെങ്ങും അധികാരത്തിൽ വരാൻ കഴിയാതെവണ്ണം പ്രാണവായുവിന് വേണ്ടി കേഴുന്ന അവസ്ഥയിലാണ്. എന്നാൽ ദൈവീക ക്രമതിനെതിരെ നിലകൊള്ളുകയില്ലെന്നു പറഞ്ഞ വർഗീയ പാർട്ടിയാകട്ടെ ആർക്കും എതിർക്കാൻ കഴിയാത്ത വിധം എല്ലാ അധികാര പെരുമയോടും കൂടി വിരാജിക്കുകയാണ്.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടി അധികാരത്തിൽ വന്നിരുന്നുവെങ്കിൽ അവർ ആദ്യം നടപ്പിലാക്കുന്ന നിയമഭേദഗതികളിൽ ഒന്ന് article 377 ആകുമായിരുന്നു. സ്വവർഗരതി ഒരാളുടെ വ്യക്തി സ്വാതന്ത്ര്യമാണ് എന്ന് അതിലൂടെ അവർ സ്ഥാപിക്കുമായിരുന്നു. അതിനു ഏറ്റവും വലിയ തെളിവാണ് ഇന്ന് കോൺഗ്രസ് പാർട്ടിയിലെ ഏറ്റവും സ്വാധീനമുള്ള ഒരു വ്യക്തിയായ ശശി തരൂർ സംസ്ഥാന തലത്തിൽ ഈ നിയമഭേദഗതി കൊണ്ടുവരുവാൻ കേരള മുഖ്യമന്ത്രിയെ കൂട്ടുപിടിച്ചിരിക്കുന്നത്. അവർ കേന്ദ്രത്തിൽ ഉണ്ടായിരുന്നെങ്കിൽ ആരുടേയും സഹായമില്ലാതെ ഈ അധാർമീകതയെ അവർ നിയമപരമാക്കുമായിരുന്നു..

ഇനി കേരള നിയമസഭ എന്ത് ചെയ്യുമെന്ന് കാത്തിരുന്നു കാണാം. വ്യക്തികൾക്ക് സർവവിധ സ്വാതന്ത്ര്യവും നൽകുന്ന തുറന്ന മനസുള്ള സർക്കാർ എന്ന കീർത്തി കൈവരിക്കാൻ താത്പര്യമുണ്ടെങ്കിൽ സർക്കാരിന് മുൻപിലുള്ളത് സുവർണ്ണ അവസരമാണ്. ആ മാതൃക കാണിച്ചുകൊടുത്ത ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം എന ഖ്യാതി ഒരു നിയമഭേദഗതി ദൂരത്താണ്. എന്നാൽ പ്രകൃതി വിരുദ്ധമായതിനെ പിന്താങ്ങുവാൻ തങ്ങൾ തയാറല്ല എന്ന ഉറപ്പുള്ള തീരുമാനമാണ് സർക്കാർ കൈകൊള്ളുന്നതെങ്കിൽ മാധ്യമങ്ങളുടെയും ബുദ്ധിജീവികളുടെയും ശകാരവർഷം ഏറ്റുവാങ്ങി മുന്നോട്ടുപോകാം. മുൻപ് പറഞ്ഞതുപോലെ അവിവേകത്തോടെ തീരുമാനം എടുത്തു രാഷ്ട്രീയഭൂപടത്തിൽനിന്നു ദൈവത്താൽ നിഷ്കാസിതരാകണോ അതോ അവകാശങ്ങളെക്കാൾ വലുത് ദൈവീക ക്രമങ്ങൾക്ക് വിധേയരാകുന്നതാണ് എന്ന് പറഞ്ഞു ദൈവാനുഗ്രഹം നേടുകയോ ചെയ്യാൻ കഴിയും. സ്വവർഗ രതി പോലെ വഴിപിഴച്ച ചെയ്തികൾക്ക് അനുകൂലകരമായ ഒരു തീരുമാനം ഇപ്പോഴത്തെ സർക്കാർ എടുക്കുമെന്ന് കരുതാൻ വയ്യ.

**പെന്തകൊസ്റ്റ് സമീപനം**

ഈ ലേഖനത്തിൽ ഇത്രയും വിഷയങ്ങൾ പറയാനുള്ള കാരണം ഇതിനെ സംബന്ധിച്ച പെന്തകൊസ്തു സഭകളുടെ സമീപനം വ്യക്തമാകാൻ വേണ്ടിയാണ്. ദൈവം സ്ഥാപിച്ച കുടുംബം ആണും പെണ്ണും ചേർന്നുള്ളതാണ്. ഭാര്യ ഭർത്താവ് എന്നിവർ തമ്മിലാണ് ലൈംഗീക ബന്ധം പുലർത്തുന്നത്. ആദാമിന് തുണ മറ്റൊരു പുരുഷൻ അല്ലായിരുന്നു. എവിടൊക്കെ സ്വവർഗരതി നടമാടിയോ അവിടെയൊക്കെ ദൈവകോപം സാക്ഷാൽ തീമഴയായി പെയ്തിറങ്ങി. ദൈവം വെറുക്കുന്ന പാപമാണു അത്. എല്ലാ തരം പാപങ്ങളെയും ദൈവം വെറുക്കുന്നു. അതുകൊണ്ടുതന്നെ ഇതിനെ വെറും വ്യക്തിസ്വാതന്ത്ര്യം എന്ന് നിസ്സാരമായി കരുതാൻ കഴിയില്ല. പുരുഷനും സ്ത്രീയും ചേർന്ന കുടുംബങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകണമെന്നു ദൈവം ആഗ്രഹിക്കുമ്പോൾ, ദൈവീക സൃഷ്ടി പദ്ധതിയെ തകിടം മറിക്കുന്ന പ്രവർത്തികളെ ദൈവം നശിപ്പിച്ചു കളയും എന്നാണ് നാം തിരിച്ചറിയേണ്ടത്. കള്ളം പറയുന്നതും മോഷ്ടിക്കുന്നതും പാപമാണെന്നും നിയമത്തിനു വിപരീതമാനെന്നും പറയുമ്പോൾ സ്വവർഗരതിക്കുമാത്രം എന്തെ നിയമത്തിന്റെ സഹായം വേണ്ടിവരുന്നു. തെറ്റാണെങ്കിൽ ഇതെല്ലാം തെറ്റാണ്. മോഷ്ടിക്കുന്നതും കള്ളം പറയുന്നതും വ്യക്തിസ്വാതന്ത്ര്യത്തിന്റെ പരിമിതിക്കുള്ളിൽ വരുന്നില്ലേ?

അത് ഒരാളുടെ സ്വഭാവമാണ് അതുകൊണ്ട് അവരെ ശിക്ഷിക്കരുത് എന്ന് പറയുനതിനോടും യോജിക്കാൻ കഴിയില്ല. ചില വൃത്തികെട്ട സ്വഭാവങ്ങൾ ശരിപ്പെടുത്തുവനാണ് നാം സ്കൂളിലും മറ്റും പോകുന്നത്. മറ്റെല്ലാ സ്വഭാവങ്ങളും ശരിപ്പെടുത്തണമെന്നു പറയുകയും സ്വവർഗരതി മാത്രം നിയമവിധേയമാക്കണമെന്നു പറയുകയും ചെയ്യുന്നത് ശരിയല്ല. ദൈവം പാപിയെ സ്നേഹിക്കുന്നു, പാപത്തെ വെറുക്കുന്നു. ചെയ്യുന്നത് പാപമാണെന്നു അറിഞ്ഞാൽ അതിനോട് ഗുഡ് ബൈ പറയുന്നതാണ് ആത്മീകത. അങ്ങനെയുള്ളവരെ അത് തുടർന്നും ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നതല്ല ദൈവ ഇഷ്ടം. ഇത് ഒരു രോഗമാണെങ്കിൽ അതിനു ചികിത്സ ചെയ്യണം. പൈശാചീക പോരാട്ടം ആണെങ്കിൽ പ്രാർത്ഥനയിലൂടെ വിടുതൽ പ്രാപിക്കാൻ കഴിയും. അതല്ലാതെ അസ്വാഭാവീകതയെ സംരക്ഷിക്കുന്നതല്ല ദൈവനീതി.

സ്വവർഗരതിക്കാരെ അഴിക്കുള്ളിൽ ശിക്ഷിച്ചാൽ അവർ സുവിശേഷം കേൾക്കാനുള്ള അവസരം എന്നേക്കുമായി നഷ്ടപ്പെടും എന്നാണു ചിലരുടെ ഭയം. ജയിലിലും സുവിശേഷം അറിയാൻ സാഹചര്യങ്ങളുണ്ട് എന്ന് നാം ഒർക്കണം. എന്നാൽ അവരുടെ സ്വാഭാവീക വിരുദ്ധമായ പ്രവർത്തികൾക്ക് സംരക്ഷണം നൽകിയാൽ ജീവിതകാല മത്രയും പാപത്തിൽ രസിച്ചു അവർ നരകത്തിലേക്ക് പോകും എന്നും നാം ഭയപ്പെടണം. ശിക്ഷ ഒരിക്കലും നശിപ്പിക്കാനുള്ളതല്ല, അത് ഒരു വ്യക്തിയെ ശരിയായ പാതയിൽ കൊണ്ടുവരാനാണ്. ഇന്ത്യൻ ശിക്ഷാനിയമം അവരെ ശിക്ഷിച്ചില്ലെങ്കിലും ദൈവീക കോടതി അവരെ ശിക്ഷിക്കും. അതിന്റെ ഫലം ഒരു ദേശം മുഴുവൻ ഏറ്റുവാങ്ങേണ്ടി വരും, സോദോമിലെപ്പോലെ. Heb 10:31 പറയുന്നത് ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരമല്ലോ എന്നാണു. (കഴിഞ്ഞ 150 വർഷങ്ങൾക്കിടയിൽ വെറും ഇരുനൂറിൽ താഴെ ആളുകൾ മാത്രമേ സ്വവർഗ ലൈംഗീകതയുടെ പേരിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ളൂ എന്നും നാം ഓർക്കണം.)

സ്വവർഗ ഭോഗത്തെ അംഗീകരിക്കാൻ സഭയ്ക്ക് ആവുകയില്ല. പാപിയെ സ്നേഹിക്കുന്ന ദൈവം പാപത്തെ വെറുക്കുന്നു. ഇതുപോലെയുള്ള പാപത്തിൽ ജീവിച്ചിരുന്നവർ രക്ഷിക്കപ്പെട്ടു ദൈവസന്നിധിയിൽ വന്നാൽ രണ്ടു കയ്യും നീട്ടി അവരെ സ്വീകരിക്കാനും സഹായിക്കാനും ദൈവസഭ പ്രതിജ്ഞാബദ്ധമാണ്. ദൈവത്തിനു മാറ്റാൻ കഴിയാത്തതായി ഒന്നും ഇല്ലെന്നു നാം വിശ്വസിക്കുന്നു. ഏതു മാരകമായ അടിമത്വത്തിൽ നിന്നും മോചനം തരുവാൻ ദൈവം ശക്തനാണ്. സ്വവർഗ രതി കുറ്റകരമാണെന്നു പറയുന്ന ഇന്ത്യൻ ശിക്ഷാ നിയമത്തിൽ നാം പൂർണമായും വിശ്വസിക്കുന്നു. എന്നാൽ ആ നിയമത്തിൽ വിട്ടുവീഴ്ച വരുത്തി ദൈവകോപം ഏറ്റുവാങ്ങാൻ ഒരുങ്ങുന്നത് നാം അംഗീകരിക്കുന്നില്ല.

ഒടുവിൽ ഒരു വാക്ക്

ലൈംഗീകത കുടുംബ ജീവിതത്തിന്റെ ഉല്ലാസത്തിന് വേണ്ടി ദൈവം നൽകുന്നതാണ്. ഭാര്യാ ഭർതൃ ബന്ധത്തിനു പുറത്തുള്ള ലൈംഗീകത ദൈവം അംഗീകരിക്കുന്നില്ല. ഭാര്യ ഭർതൃ ബന്ധത്തിൽ നൽകപ്പെടുന്നത് വെറും വികാരമല്ല, സ്നേഹവും സംതൃപ്തിയുമാണ്. ആ ബന്ധത്തിന് ദൈവം നൽകുന്ന പ്രതിഫലമാണ് തലമുറകൾ. കുടുംബജീവിതത്തിനു പുറത്തുള്ള ലൈംഗീകതയിൽ സ്നേഹമല്ല, പൈശാചീകമായ വികാരമാണ് ഉണ്ടാകുന്നത്. അതിലൂടെ തലമുറകൾ ഉണ്ടാകുവന്നോ അത് പുറം ലോകം അറിയുവാനോ അവർ താത്പര്യപ്പെടുന്നില്ല.

ദൈവം ആദാമിന് തുണയായി ഹവ്വയെ കൊടുത്തു. അതുപോലെ എല്ലാ ആണിനും ദൈവം കൊടുക്കുന്നത് ഒരു പെണ്ണിനെ ആണ്. കാരണം ദൈവദൃഷ്ടിയിൽ കുടുംബം എന്നത് ആണും പെണ്ണും ചേരുന്നതാണ്. അതുകൊണ്ട് LGBT കൾക്ക് പാപജീവിതം തുടരുന്നതിനാവ്ശ്യമായ യാതൊരു താത്കാലീക വ്യവസ്ഥകളും ദൈവം അംഗീകരിക്കുന്നില്ല. ദൈവം അവരെ സ്നേഹിക്കുന്നു, അവരുടെ ജീവിതത്തിൽ ദൈവപ്രവർത്തി വെളിപ്പെടുവാൻ തക്കവണ്ണം ദൈവസന്നിധിയിൽ എല്പിച്ചുകൊടുക്കണം എന്നും ദൈവം ആഗ്രഹിക്കുന്നു. മനുഷ്യർ നൽകുന്ന സംരക്ഷണം ക്ഷണികമാണ്, അത് പാപത്തിൽ തുടരുവാനുള്ള ആഹ്വാനമാണ്.

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് ഉദ്ഘാടനം ചെയ്തു



**വൈക്കം:** ഐപിസി വൈക്കം സെന്റർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് കടുത്തുരുത്തിയിൽ, ബ്രദർ കുര്യൻ ജോസഫ് (ഐപിസി സംസ്ഥാന സൺഡേസ്കൂൾ ഡയറക്ടർ) ഉദ്ഘാടനം ചെയ്തു. സെന്റർ മിനിസ്റ്റർ പാസ്റ്റർ രാജു ആനിക്കാട് അധ്യക്ഷത വഹിച്ചു. പാസ്റ്റർ എം എം പീറ്റർ സമർപ്പണ പ്രാർത്ഥന നടത്തി. പാസ്റ്റർ എം. ബി. ജയിംസ് സങ്കീർത്തനം വായിച്ചു. കെ. എം. റസ്സൽ, ഡോ. ഓമന റസ്സൽ, ജെ. ദാനിയേൽ, കെ. കെ. ശശീന്ദ്രൻ എന്നിവർ ആശംസകൾ അറിയിച്ചു. വിശ്വാസികളും അനേക ദൈവദാസീദാസന്മാരും പങ്കെടുത്തു.

## കർണാടക വൈ.പി.ഇ. ക്യാമ്പ്

**ബെംഗ്ലൂർ:** ചർച്ച് ഓഫ് ഗോഡ് യുവജന വിഭാഗമായ യങ്ങ് പീപിൾസ് എൻഡവർ (വൈ.പി.ഇ) സംസ്ഥാന യുവജന ക്യാമ്പ് 2017 ഏപ്രിൽ 13,14,15 തീയതികളിൽ ബാംഗ്ലൂർ നന്ദി ഹിൽസിലുള്ള ഗ്ലോറിയസ് പ്രോമിസിഡ് ലാൻഡിൽ വെച്ച് നടന്നു.

വൈ.പി.ഇ സംസ്ഥാന അധ്യക്ഷൻ പാസ്റ്റർ ജോസഫ് ജോൺ ഉത്ഘാടനം ചെയ്തു. വിവിധ സെക്ഷനുകളിൽ സംസ്ഥാന ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി പാസ്റ്റർമാരായ ബനിസൺ മത്തായി, ബിനു ജോസഫ് വടശ്ശേരിക്കര, ജോൺസൺ ഇ.ജെ.റോജി ഈശോ, ജനിസൺ ജോയി എന്നിവർ വചനപ്രഘോഷണം നടത്തി. പാസ്റ്റർ ഗാനശുശ്രൂഷ നിർവഹിക്കും. പതിമൂന്ന് വയസു വരെയുള്ള കുഞ്ഞുങ്ങൾക്കായി എക്സൽ വി.ബി.എസും ഇതിനോടനുബന്ധിച്ച് നടത്തി. വൈ.പി.ഇ. സെക്രട്ടറി ബ്രദർ ജാൻസ് പി.തോമസ്, പാസ്റ്റർമാരായ ബിനു ചെറിയാൻ, വിനുജി ജയ്മോൻ കെ.ബാബു, കുറിയാക്കോസ് പി.വി. എന്നിവർ വിവിധ സെക്ഷനുകളിൽ അധ്യക്ഷത വഹിച്ചു. കർണാടകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ദൈദാസൻമാരും യുവജനങ്ങളും പങ്കെടുത്തു. പാസ്റ്റർമാരായ ബ്ലെസൻ ജോൺ, സഹോദരന്മാരായ പി.വി. ജോസി ജോയി ബെൻസൺ ചാക്കോ, ജേക്കബ് ഫിലിപ്പ് എന്നിവർ നേതൃത്വം നൽകും.

Visit Us
Web: www.
jyothimargom.com
Call Us
9447455820,
9048869944

# ആതുര സേവനത്തിന് ആംബുലൻസ്



**വൈക്കം:** അറുപത് വർഷത്തെ പ്രവർത്തന മികവുമായി ഐപിസി വൈക്കം സെന്റർ ചുവടുവെക്കുന്നത് പെന്തക്കോസ്തിന്റെ പുതുചരിത്രത്തിലേക്കാണ്. കാലം പകർന്നു നല്കിയ അനുഭവങ്ങളും പ്രതീക്ഷകളും മുതൽ കൂട്ടാക്കി സാമൂഹിക പ്രതിബദ്ധതയുടെ വഴിത്താരയിലൂടെയാണ് പുതിയ യാത്ര. അതിൽ വ്യക്തികൾക്കോ സംഘടനകൾക്കോ അല്ല പ്രാധാന്യം സമൂഹത്തിനാണ്. വൈക്കം സെന്റർ വജ്രജൂബിലി സമാപന സമ്മേളനത്തിൽ മുൻ ഗവൺമെന്റ് ചീഫ് വിപ്പും പൂഞ്ഞാർ എം.എൽ.എയുമായ പി.സി. ജോർജ് ആംബുലൻസ് നാടിന് സമർപ്പിച്ചു.

ആദ്യ ഘട്ടത്തിന് രണ്ട് സംരംഭങ്ങളാണ് ലക്ഷ്യമിടുന്നത്. നിർധനർക്കും അശരണർക്കും സഹായമാകുന്ന ആംബുലൻസ് സർവ്വീസ് ലാഭേച്ഛയില്ലാതെ പൊതുസമൂഹത്തിനൊന്നാകെ പ്രയോജനപ്രദമാകുന്ന തരത്തിലാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. വിശ്വാസികളെന്നോ അവിശ്വാസികളെന്നോഉള്ള വേർതിരിവില്ലാതെയെന്ന് പ്രവർത്തനങ്ങൾ. പ്രകൃതി ദുരന്തങ്ങൾ നേരിടുമ്പോഴും മറ്റ് ആവശ്യങ്ങൾക്കും ലാഭേച്ഛകൂടാതെ പ്രവർത്തന നിരതമായി വൈക്കം സെന്റർ ആംബുലൻസുണ്ടാകും.

# ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി ഗ്രാഡുവേഷൻ

**കുമ്പനാട്:** ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി 2017 ലെ ഗ്രാഡുവേഷൻ മാർച്ച് 16 വ്യാഴാഴ്ച 2 മണിക്ക് കോഴിമല ഐ.ജി.ഒ.ക്യാമ്പസിൽ നടന്നു.

M.Th, M.Div, B.Th, Dip, Th,C.Th കോഴ്സുകളിലായി 97 യുവതീയുവാക്കൾ ഈ വർഷം ഗ്രാഡുവേറ്റ് ചെയ്തു. ഡയറക്ടർ പാസ്റ്റർ സാജു ജോസഫ് ഗ്രാഡുവേറ്റ്സിനെ പരിചയപ്പെടുത്തുകയും പ്രസിഡന്റ് എമിരറ്റ്സ് പാസ്റ്റർ റ്റി.എസ് ഏബ്രഹാം, പ്രസിഡന്റ് പാസ്റ്റർ ഡോ.റ്റി.വത്സൻ ഏബ്രഹാം, വൈസ് പ്രിൻസിപ്പൽ പാസ്റ്റൽ പി.എ.മാത്യു എന്നിവർ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. ബിരുദദാന സന്ദേശം വിശിഷ്ടാതിഥി ഡോ. അലക്സാണ്ടർ എ.ഫിലിപ്പും പ്രസിഡന്റിന്റെ നിയോഗ സന്ദേശം പാസ്റ്റർ ഡോ.റ്റി.വത്സൻ ഏബ്രഹാമും നൽകി. പാസ്റ്റർ സണ്ണി കുര്യൻ അനുഗ്രഹ പ്രാർത്ഥന നടത്തി. ഡയറക്ടർ പാസ്റ്റർ സാജു ജോസഫ് റിപ്പോർട്ട് അവതരിപ്പിക്കുകയും പ്രിൻസിപ്പൽ ഡോ.ജോൺ അലക്സ് സ്വാഗതം ആശംസിക്കുകയും ചെയ്തു. വൈസ് പ്രസിഡന്റ് മേജർ വി.ഐ.ലൂക്ക് നന്ദി പ്രകാശിപ്പിച്ചു. റവ.ഡോ.മാത്യു വർക്കി, ഡോ. രാജീവൻ തോമസ്, ബ്രദർ സണ്ണി കൊടുന്തറ എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർമാർ, വിശ്വാസികൾ, മാതാപിതാക്കൾ പൂർവ്വ വിദ്യാർത്ഥികൾ പ്രാർത്ഥനാ സഹകാരികൾ തുടങ്ങി രണ്ടായിരത്തോളം പേർ സമ്മേളനത്തിൽ പങ്കെടുത്തു.



# ക്രോസ്‌വ്യു ചർച്ച് ഓഫ് ഗോഡ്
# പുതിയ ആരാധനാലയം സമർപ്പിച്ചു



**ഡാളസ്:** പാസ്റ്റർ ടി. തോമസ് ശുശ്രൂഷകനായി 37 വർഷങ്ങൾക്ക് മുൻപ് ഡാളസ് പട്ടണത്തിൽ ആരംഭിച്ച ഈസ്റ്റ് ഡാളസ് ചർച്ച് ഓഫ് ഗോഡിന്റെ പുതിയ ആരാധനാമന്ദിരത്തിന്റെ നിർമ്മാണപ്രവർത്തനം പൂർത്തിയായി. ആദ്യ സമർപ്പണ പ്രാർത്ഥനാശുശ്രൂഷ മാർച്ച് 5-ന് ഞായറാഴ്ച (8501 ലിബർട്ടറി ഗ്രോവ് റോഡ്, റോവ്ലെറ്റ്,ടെക്സാസ് 75089) നടന്നു. നിലവിലുള്ള ആലയത്തിൽ സ്ഥലപരിമിതി മൂലം സഭാംഗങ്ങൾക്കും മറ്റും അനായാസേന വന്നു ചേരത്തക്കവിധത്തിൽ റോളറ്റ് സിറ്റിയിലേക്ക് സഭാ കെട്ടിടം മാറ്റി പണിതതിന്റെ ഭാഗമായി ഈസ്റ്റ് ഡാളസ് ചർച്ച് ഓഫ് ഗോഡ് എന്ന ചർച്ചിന്റെ പേരു ക്രോസ്‌വ്യു ചർച്ച് ഓഫ് ഗോഡ് എന്നു പുനർനാമകരണം ചെയ്യുകയായിരുന്നു.

സഭാ സ്ഥാപക ശുശ്രൂഷകനായ പാസ്റ്റർ ടി. തോമസ് അനുഗ്രഹ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.പ്രവാസി മലയാളി സമൂഹം നന്നേ വിരളമായിരുന്ന 80-കളിൽ ആത്മീക ആരാധനയ്ക്കായി വേർതിരിഞ്ഞു കൂടി വന്നതുമുതൽ വിശ്വസ്തനായ ദൈവത്തിന്റെ കരുതലിന്റെ കൈക്കരുത്ത് മനസ്സിലാക്കുവാൻ കഴിഞ്ഞതും, ദൈവീക വിശ്വാസ്തതയുടെ ദാനമാണു പുതിയ ആരാധനാലയം എന്നും അനുഗ്രഹപ്രാർത്ഥനയിൽ പാസ്റ്റർ ടി. തോമസ് അനുസ്മരിച്ചു. നാനൂറോളം ഇരിപ്പിട സൗകര്യവും,സണ്ടേസ്കൂൾറൂമുകളും, മറ്റ് ആധുനിക സജ്ജീകരണങ്ങളും ഉള്ള മനോഹരമായ ആലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബ്രദർ അലക്സ് തോമസിന്റെ (ബിൽഡിംഗ് പ്രൊജക്ട് മാനേജർ) നേതൃത്വത്തിൽ പാസ്റ്റർ ടി. തോമസ്, ഏബ്രഹാം ജോർജ്ജ്, രാജു ജോർജ്ജ്, സൈമൺ ജോസഫ്, ഷാജി ശാമുവേൽ, ജോർജ്ജ് വർഗ്ഗീസ് (ജോബി) എന്നിവർ ബിൽഡിംഗ് കമ്മറ്റിയംഗങ്ങളായും സ്തുത്യർഹ സേവനം ചെയ്തു. പുതിയ ആരാധനാലയത്തിലെ പ്രഥമ ആരാധനാ ശുശ്രൂഷയിൽ സഭാവിശ്വാസികളെ കൂടാതെ അനേകം അഭ്യുദയകാംക്ഷികളും പങ്കെടുത്തു. ഔദ്യോഗീക പ്രതിഷ്ഠാശുശ്രൂഷ പിന്നീട് നടക്കും. പുതിയ സഭാമന്ദിരത്തിന്റെ അഡ്രസ്:8501 ലിബർട്ടറി ഗ്രോവ് റോഡ്, റോവ്ലെറ്റ്, ടെക്സാസ് 75089.

# പാസ്റ്റർ റ്റി.എസ്.ഏബ്രഹാമിനെ ആദരിച്ചു



**കുമ്പനാട്:** ഹെബ്രോൻ ബൈബിൾ കോളജ് & ഇന്ത്യാ ബൈബിൾ കോളജ് പൂർവ്വവിദ്യാർത്ഥി കൂട്ടായ്മ ഐ.ബി.സി പ്രസിഡന്റ് എമിരറ്റ്സ് പാസ്റ്റർ റ്റി.എസ്.ഏബ്രഹാമിനെ ആദരിച്ചു. ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ ജേക്കബ് വർക്കി, ജനറൽ സെക്രട്ടറി പാസ്റ്റർ സാംകുട്ടി മാത്യു, ട്രഷറാർ പാസ്റ്റർ ലാലു കോശി, വൈസ് പ്രസിഡന്റ് സജി മത്തായി തുടങ്ങിയവർ സെമിനാരി ഗ്രാഡുവേഷനോട് അനുബന്ധിച്ച് നടന്ന ചടങ്ങിൽ ഫലകം നൽകി ആദരിച്ചത്.

# പി.സി.ഐ. തമിഴ്നാട് സ്റ്റേറ്റിന് പുതിയ ഭാരവാഹികൾ



പാസ്റ്റർ ജോൺസൺ ജോസഫ്



ഇവ. പി.സി. മാത്യൂസ്



പി.ഡി. വർഗീസ്

**സാജൻ മാത്യു**
*(മീഡിയാ കൺവീനർ)*

**ചെന്നൈ:** പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യാ തമിഴ്നാട് സ്റ്റേറ്റിന് 2017-19 ലേക്ക് പുതിയ കമ്മറ്റിയെ തെരഞ്ഞെടുത്തു. പാസ്റ്റർമാരായ എ.പ്രതാപ്സിംഗ് (രക്ഷാധികാരി), ജോൺസൺ ജോസഫ് (പ്രസിഡന്റ്), തോമസ് ദാനിയേൽ, എ.രുബൻ (വൈസ് പ്രസിഡന്റുമാർ), ഇവാ.പി.സി.മാത്യൂസ് (ജനറൽ സെക്രട്ടറി), സഹോദരന്മാരായ ജോസ് മാത്യു, ടി.പി.ജോൺ (ജോയിന്റ് സെക്രട്ടറിമാർ, പി.സി. വർഗീസ് (ട്രഷറാർ), സാജൻ മാത്യു (മീഡിയാ കൺവീനർ), പാസ്റ്റർമാരായ ടോം തോമസ് (മെമ്പർഷിപ്പ് കൺവീനർ), ജോൺ മാത്യു (പ്രയർ കോർഡിനേറ്റർ), ജൂബി ജോൺ (പ്രമോഷണൽ കോർഡിനേറ്റർ), സഹോദരന്മാരായ ത്യാഗരാജൻ, രാജു മണലേൽ, ജോൺസൻ (കമ്മറ്റിയംഗങ്ങൾ) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

# ബ്ലസ് വയനാട് – 2017

**മാനന്തവാടി:** വിവിധ സഭകളുടെ സംയുക്താഭിമുഖ്യത്തിൽ വയനാട് ജില്ലയുടെ ഉണർവ്വിനായി ഏപ്രിൽ മാസം 18 മുതൽ 22 വരെ ഉപവാസ പ്രാർത്ഥനയും ബൈബിൾ പ്രഭാഷണവും നടത്തപ്പെടുന്നു. മാനന്തവാടി കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തപ്പെടുന്ന യോഗത്തിൽ അനുഗ്രഹീതരായ ദൈവദാസന്മാർ തിരുവചന സന്ദേശം നൽകുന്നു. കൺവീനർ പാസ്റ്റർ ക്ലീറ്റസ് തോമസ്. 9446912892, 9747586454


# MATRIMONIAL

രാജസ്ഥാനിലെ ജയ്പൂരിനു സമീപം ബസ്സിയിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ നടത്തുന്ന പെന്തക്കോസ്തു മാതാപിതാക്കൾ (ഐ.പി.സി) തങ്ങളുടെ 4 മക്കൾക്കായി അനുയോജ്യമായ വിവാഹലോചനകൾ ക്ഷണിക്കുന്നു.

30 വയസ്സുള്ള മൂത്തമകൾ 5.5 Feet ഉയരം M.A.Eng.Lift സ്കൂളിന്റെ വൈസ് പ്രിൻസിപ്പാലായി ജോലി ചെയ്യുന്നു.

26 വയസ്സുള്ള ഇളയമകൾ. 5 എലലഭ ഉയരം. M.A. Evg litt സ്കൂളിൽ ജോലി ചെയ്യുന്നു. ഇവർക്കായി സുവിശേഷ വേലയ്ക്കു താല്പര്യമുള്ളവരും ഉന്നത വിദ്യാഭ്യാസമുള്ളവരുമായ പെന്തക്കോസ്തു വിശ്വാസികളായ യുവാക്കന്മാരുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

24 വയസ്സുള്ള മകൻ 5.5 feet ഉയരം M.A.Eng.Lift സ്കൂൾ അഡ്മിനിസ്ട്രേറ്ററായി ജോലി ചെയ്യുന്നു. I.A.S ന് പരിശീലിക്കുന്നു.

21 വയസ്സുള്ള ഇളയ മകൻ 5 അടി ഉയരം B.A. Eng B.Th ന് പഠിക്കുന്നു. വിദ്യാഭ്യാസമുള്ള പെന്തക്കോസ്തു യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**09784113105**

*****************

പെന്തെക്കോസ്ത് യുവതി, 27, 163 സെ.മീ. B.Tech (MNC) സ്വദേശത്തോ, വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9526047177**

## സമർപ്പണശുശ്രൂഷ



പാസ്റ്റർ തോമസ് ഫിലിപ്പ് സഭാ ഹോൾ ഉദ്ഘാടനം ചെയ്യുന്നു.

**റാന്നി:** ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിനുവേണ്ടി റാന്നി കണ്ണംപള്ളിയിൽ പുതുക്കിപണിത ആലയത്തിന്റെ സമർപ്പണശുശ്രൂഷ സഭാപ്രസിഡന്റ് റവ.തോമസ് ഫിലിപ്പ് നിർവ്വഹിച്ചു.

പ്രസ്തുത മീറ്റിംഗിൽ റവ. സി.ഡി.ഷാജി, റവ. വി.സി.യോഹന്നാൻ, സഹോദരിമാരായ സൂസൻ റെജി, സൂസൻ ബി.ജോൺ, തുടങ്ങിയവർ പ്രസംഗിച്ചു.

പാസ്റ്റർ റെജി.കെ.ഏബ്രഹാം സഭാ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു.

## ഡോ. എം.സ്റ്റീഫൻ പ്രിൻസിപ്പൽ



**മണക്കാല:** പെന്തെക്കോസ്ത് 'വേദശാസ്ത്ര പഠനശാലയായ' മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പലായി ഡോ. എം. സ്റ്റീഫൻ നിയമിതനായി. വളരെ വർഷങ്ങളായി മണക്കാല സെമിനാരിയിലും വിവിധ തിയോളജിക്കൽ കോളേജുകളിലും അധ്യാപകനായ ഡോ. എം.സ്റ്റീഫനെ വൈകിയാണെങ്കിലും പ്രിൻസിപ്പലായി നിയമിച്ചത് വലിയ അംഗീകാരമാണ്. നിരവധി വേദശാസ്ത്ര ഗ്രന്ഥങ്ങളുടെ രചയിതാവായ എം.സ്റ്റീഫൻ ലോകം എങ്ങും അറിയപ്പെടുന്ന വേദശാസ്ത്ര പണ്ഡിതനാണ്. കേരള സർവകലാശാലയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടിയ ഇദ്ദേഹം പൂനെ യൂ ബി എസിൽ നിന്ന് BD യും ബാംഗ്ലൂർ UTC യിൽ നിന്ന് M.Th ഉം ബാംഗ്ലൂർ ധർമരാം വിദ്യാക്ഷേത്രത്തിൽ നിന്നും വേദശാസ്ത്രത്തിൽ ഡോക്ടറേറ്റും നേടി. കോട്ടയം സ്വദേശിയാണ്. ഭാര്യ: സുഗന്ധ സ്റ്റീഫൻ. മക്കൾ : തോമസ് സ്റ്റീഫൻ, മാത്യു സ്റ്റീഫൻ

# മഴ പെയ്യാൻ കർണാടകയിൽ തവളകൾക്ക് കല്ല്യാണം

**ചാക്കോ കെ. തോമസ്**



**ബെംഗളൂരു:** കർണാടകയിലെ നാടും നഗരവും വേനൽചൂടിൽ വെന്തുരുകുമ്പോൾ മഴ ദൈവങ്ങൾ കനിയാൻ തവളകളെ പൂജിച്ച് കല്ല്യാണം നടത്തിയാൽ തവളകൾ സന്തോഷിക്കുമെന്നും തന്മൂലം മഴ പെയ്യുമെന്നും വരൾച്ച മാറുമെന്നുമാണ് ജനങ്ങളുടെ വിശ്വാസം. കർണാടക ജനപര വേദികെ അംഗങ്ങളാണ് മഴ പെയ്യാൻ തവളകളുടെ വിവാഹവും (കല്യാണവും) പ്രത്യേക പൂജകളും നടത്തിയത്. ടൗൺ ഹാളിന് മുന്നിൽ നടത്തിയ തവളകളുടെ കല്ല്യാണത്തിന് ധാരാളം ആളുകൾ പങ്കെടുത്തിരുന്നു. ഇതെല്ലാം അന്ധവിശ്വാസമായ് കരുതേണ്ടുന്നു മുമ്പ് വരൾച്ച കടുത്ത പ്രതിസന്ധി സമയങ്ങളിൽ തവളയെ പൂജിച്ചപ്പോൾ ശക്തമായ മഴ പെയ്തുവെന്നു. സംഘാടകർ പറഞ്ഞു. അന്ധവിശ്വാസങ്ങൾക്കെതിരെ സർക്കാർ നിയമ നടപടിയെടുക്കുമെന്നൊക്കെ നേരത്തെ മുതൽ പ്രഖ്യാപിച്ചുവെങ്കിലും കർണാടകയിലെ ജനങ്ങൾ തവള വിവാഹം, കഴുത കല്ല്യാണം, കുട്ടികളെ മണ്ണിൽ കുഴിച്ചിട്ട് പൂജ തുടങ്ങിയവ മഴയ്ക്കായ് ഇപ്പോഴും നടത്തി വരുന്നു. കർണാടക മാത്രമല്ല ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഇത്തവണ മഴയില്ലാത്തതിനാൽ കൊടും വരൾച്ചയാണ് നേരിടുന്നത്.

വിവിധ ക്രൈസ്തവ പെന്തെക്കോസ്ത് സഭകളിലും നടത്തുന്ന ഉപവാസപ്രാർത്ഥനയിലും (കർണാടകയിൽ) മഴ പെയ്യുന്നതിനായ് പ്രാർത്ഥന നടത്തുന്നുവെന്ന് പാസ്റ്റർമാർ പറഞ്ഞു. ദൈവമക്കൾ പ്രത്യേകം ഈ വിഷയത്തിനായ് വെച്ച് പ്രാർത്ഥിക്കുക.

## ക്രൈസ്തവ ബോധി 'സൗഹൃദ സംഗമം' കോട്ടയത്ത് നടന്നു

**കോട്ടയം:** ഇരുപതു വർഷങ്ങൾക്കു മുൻപ് സാഹിത്യ, ജീവകാരുണ്യ മേഖലകളിൽ വ്യത്യസ്തമായ പ്രവർത്തനശൈലിയിലൂടെ സാമൂഹ്യ ശ്രദ്ധ നേടിയ "ക്രൈസ്തവ ബോധി" സൗഹൃദ സംഗമം മാർച്ച് 26-നു കോട്ടയത്ത് വച്ച് നടന്നു. ബോധിയുടെ മുൻകാല അംഗങ്ങളിൽ കേരളത്തിൽ ഉള്ള സുഹൃത്തുക്കളുടെ കൂട്ടായ്മ ആയിരുന്നു ഇത്. തിന്മ നിറഞ്ഞ ഈ കാലഘട്ടത്തിൽ സമൂഹത്തെ ലക്ഷ്യബോധത്തിലേക്കു നയിക്കുവാൻ ക്രൈസ്തവ ബോധി പോലെയുള്ള കൂട്ടായ്മകൾക്ക് വലിയ സാദ്ധ്യതകൾ ഉണ്ടെന്നും വീണ്ടും ശക്തമായി പ്രവർത്തന രംഗത്തേക്ക് കടന്നു വരേണ്ടതുണ്ടെന്നും യോഗം വിലയിരുത്തി. പാസ്റ്റർ രാജു ആനിക്കാട്, പാസ്റ്റർ ബിനു ആലുംമൂട്ടിൽ പാസ്റ്റർ ജെയിംസ് ജോർജ് വെൺമണി, പാസ്റ്റർ ടൈറ്റസ് ജോൺസൺ, ഷാജൻ ജോൺ എടക്കാട്, ഷാജൻ പാറക്കടവിൽ, ബ്ലെസൻ ജോൺ മലയിൽ, ജോമോൻ ഏബ്രഹാം എന്നിവർ ചർച്ചയിൽ പങ്കെടുത്തു. കേരളത്തിന് പുറത്തും, ന്യൂസീലാൻഡ്, അമേരിക്ക, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ ഉള്ള ബോധി അംഗങ്ങളെ ഉൾപ്പെടുത്തി വിപുലമായ കർമ്മ പരിപാടികൾക്ക് രൂപം നൽകും. സാഹിത്യകലാ രംഗങ്ങളിൽ അർഹിക്കുന്ന അംഗീകാരം ലഭിക്കാത്ത പ്രതിഭകളെ കണ്ടെത്തി അവർക്കു ആവശ്യമായ പ്രോത്സാഹനവും മാർഗ നിർദേശവും നൽകുമെന്നും ഭാരവാഹികൾ അറിയിച്ചു.

# റാന്നി ഈസ്റ്റ് സെന്റർ കൺവൻഷന് അനുഗ്രഹ സമാപ്തി




റാന്നി കൺവൻഷൻ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് ഏബ്രഹാം ഉദ്ഘാടനം ചെയ്തപ്പോൾ

**റാന്നി:** ഐ.പി.സി റാന്നി ഈസ്റ്റ്സെന്റർ 93-ാം കൺവൻഷൻ അനുഗ്രഹീതമായി നടന്നു. 2017 ഏപ്രിൽ 2 ഞായർ മുതൽ 9 ഞായർ വരെ ഇട്ടിയപ്പാറ പെനിയേൽ ഗ്രൗണ്ടിൽ വെച്ച് ആദ്യ ദിവസങ്ങളിൽ ഉപവാസ, ഉണർവ്വ് യോഗങ്ങളായും തുടർന്ന് സെന്റർ കൺവൻഷനായും ആമ് നടന്നത്.

ഉപവാസ ഉണർവ്വ് യോഗങ്ങൾ ഐ.പി.സി കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ ഉദ്ഘാടനം ചെയ്തു. കൺവൻഷൻ യോഗങ്ങൾ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗ്ഗീസ് ഏബ്രഹാം പ്രാർത്ഥിച്ച് സമർപ്പിച്ചു.

ഈ യോഗങ്ങളിൽ പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ കെ.സി. തോമസ്, പാസ്റ്റർ രവി മണി ബാംഗ്ലൂർ, പാസ്റ്റർ എബി ഏബ്രഹാം, പാസ്റ്റർ സാജൻ ജോയി, പാസ്റ്റർ എബി പീറ്റർ, പാസ്റ്റർ വർഗ്ഗീസ് ബേബി, പാസ്റ്റർ ജോൺസൻ കുണ്ടറ എന്നിവർ പ്രസംഗിച്ചു. സ്റ്റാൻലി കുമളി, സ്റ്റാൻലി റാന്നി, സ്പിരിച്ച്വൽ വേവ്സ്, ലോർഡ്സൻ ആന്റണി, സിസ്റ്റർ പെർസിസ് ജോൺ എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

ഈ യോഗങ്ങളിൽ 100-ൽ അധികം യുവതിയുവാക്കൾ അഭിഷേകം പ്രാപിക്കുകയും 55 പേർ സുവിശേഷ വേലയ്ക്കായി സമർപ്പിക്കുകയും ചെയ്തു. പാസ്റ്റർ വർഗ്ഗീസ് ഏബ്രഹാം, ഡോ. ഏബ്രഹാം വർഗ്ഗീസ്, പാസ്റ്റർ ബെൻസൻ തോമസ്, പാസ്റ്റർ തോമസ് മാത്യു, ബ്രദർ വി.പി.ഫിലിപ്പ് എന്നിവർ നേതൃത്വം നൽകി.

## പ്രവർത്തനോദ്ഘാടനം നടത്തി

**കുന്നംകുളം:** യു.പി.എഫിന്റെ കുന്നംകുളം ചാപ്പറ്ററിന്റെ 2017-2018 പ്രവർത്തനോദ്ഘാടനം 2017 ഏപ്രിൽ മാസം 13-ാം തീയതി വ്യാഴാഴ്ച കുന്നംകുളം ലിവാ ടവറിൽ വെച്ച് നടത്തപ്പെട്ടു. ചർച്ച് ഓഫ് ഗോഡ് കുന്നംകുളം ഗുരുവായൂർ സെന്റർ മിനിസ്റ്റിർ പാസ്റ്റർ എം.ജി.ഇമ്മാനുവേൽ സമ്മേളനം ഉത്ഘാടനം ചെയ്തു. പ്രസിഡന്റ് പാസ്റ്റർ ബെന്നി ജോസഫ് അധ്യക്ഷത വഹിച്ചു. ഡോ.സാജൻ സി.ജേക്കബ് ആമുഖ സന്ദേശം നൽകി പാസ്റ്റർ ഇസ്മായേൽ വയനാട്, സിസ്റ്റർ, ജാസ്മിൻ ഇസ്മായേൽ എന്നിവർ ആത്മീക സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. വൈസ് പ്രസിഡന്റ് പാസ്റ്റർ കെ.എം.ജോൺസൺ സ്വാഗതവും സെക്രട്ടറി പാസ്റ്റർ രാജു കെ.റ്റി നന്ദിയും പ്രകാശിപ്പിച്ചു.

## ആത്മീക ആരാധനയ്ക്കും കൂട്ടായ്മയ്ക്കും ബന്ധപ്പെടുക

**ഫിലദൽഫിയ:** ഫിലദൽഫിയായിൽ ബൻശാലേം എന്ന സ്ഥലത്തുള്ള ബസ്റ്റ് വേസ്റ്റേൺ (Best Western Plus) പ്ലസ് ഹോട്ടലിന്റെ ബാൾറൂമിൽ വെച്ച് ഞായറാഴ്ച രാവിലെ 10 മുതൽ 12 വരെ ആത്മീക ആരാധന നടത്തപ്പെടുന്നു. ഫിലദൽഫിയായുടെ വിവിധ ഇടങ്ങളിൽ ആരാധന സൗകര്യം ആവശ്യമുള്ളവർ ഞങ്ങളുമായി ബന്ധപ്പെട്ടാൽ നിങ്ങൾക്കു ആത്മീക കൂട്ടായ്മയ്ക്കുള്ള സൗകര്യം ഒരുക്കി തരുന്നതാണ്. ഫെയ്ത്ത് അസംബ്ലി എന്ന പേരിൽ ആരംഭിച്ചിരിക്കുന്ന ഈ ആത്മീക കൂട്ടായ്മയിലേക്ക് സഭാ വ്യത്യാസം കൂടാതെ ഏവരേയും ഹാർദവമായി സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്കായി ഞങ്ങളും ആയി ബന്ധപ്പെടാവുന്നതാണ്. ആരാധന സ്ഥലത്തിന്റെ അഡ്രസ്സും ഞങ്ങളുടെ ഫോൺ നമ്പരുകളും ചുവടെ ചേർക്കുന്നു.

**FAITH ASSEMBLY**

**Best Western Plus ,**
**3499 street Road**
**Bensalem, PA. 19020**
**Ph: 267 - 934 - 7855,**
**267 - 471 - 4490**
**Web : www.faithassemblyintl.org**

## ദൈവസഭയുടെ അടിസ്ഥാന പ്രമാണങ്ങൾ

# മൂന്നുവിധ മാനസാന്തരം



പാസ്റ്റർ ഓ. ജെ. മാത്യു
8281292249

വേദപുസ്തക പഠനത്തിൽ മൂന്നുവിധ മാനസാന്തരത്തെക്കുറിച്ച് മനസ്സിലാക്കാവുന്നതാണ്.

**1. സാധാരണ മാനസാന്തരം**

ചില പ്രത്യേക സാഹചര്യത്തിൽ മാനസാന്തരത്തിനു സമാനമായ അനുഭവങ്ങൾക്കു മനുഷ്യൻ വിധേയനാകാവുന്നതാണ്. ജീവിതത്തിൽ നേരിടുന്ന പരിശോധനകൾ, രോഗങ്ങൾ വിപത്തുകൾ, സാമ്പത്തിക നഷ്ടങ്ങൾ പ്രതിസന്ധികൾ മനുഷ്യനെ തന്റെ ചെയ്തികളെ കുറിച്ച് ആഴമായി വിചിന്തനം ചെയ്യുന്നതിനു പ്രേരിപ്പിക്കാറുണ്ട്. ഏറ്റവും അടുത്ത ബന്ധുക്കളുടെയോ സ്നേഹിതരുടെയോ ആകസ്മിക മരണം, അപകടങ്ങൾ എന്നിവ സ്വയം പരിശോധിക്കാനുള്ള അവബോധം സൃഷ്ടിക്കാറുണ്ട്. ദൈവവചനകേൾവിയും ഇതിനു പ്രേരണ നൽകുന്ന ഘടകമാണ്. മാനസാന്തരത്തിനു തുല്യമായ അനുഭവം ഒരുവനിൽ സൃഷ്ടിക്കപ്പെടാം. ഫേലിക്സ് എന്ന ദേശാധിപതിയുടെ മുമ്പാകെ പൗലോസ് അപ്പൊസ്തലൻ നടത്തിയ പ്രതിവാദത്തിൽ നീതി, ഇന്ദ്രിജയം, വരുവാനുള്ള ന്യായവിധി എന്നിവയെ അധികരിച്ച് സംസാരിച്ച് കേട്ടപ്പോൾ ഫേലിക്സ് പരവശനായതായി രേഖപ്പെടുത്തിയിരിക്കുന്നു. (അപ്പൊ.പ്ര.24:25) എന്നാൽ തന്റെ ഭയം ശരിയായ മാനസാന്തരത്തിലേക്കു വഴി നടത്തിയില്ല.

യോഹന്നാൻ സ്നാപകന്റെ പ്രസംഗം ശ്രവിച്ച ഹേരോദാരാജാവ് യോഹന്നാൻ നീതിയും വിശുദ്ധിയുമുള്ള പുരുഷൻ എന്നറിഞ്ഞ് കൊല്ലാതിരിക്കുകയും ഭയപ്പെടുകയും അവനെ കാത്തുകൊള്ളുകയും ചെയ്തതായി വായിക്കുന്നു. (മർക്കൊ. 6:14-20). മേൽ പറഞ്ഞ സാഹചര്യങ്ങൾ കുറ്റബോധം വരുത്തുകയും തങ്ങൾ പിൻതുടരുന്ന ജീവിതശൈലി മാറ്റാനുള്ള ആഗ്രഹം ഉടലെടുക്കുകയും ചെയ്യാറുണ്ട്. എന്നാൽ, താൽക്കാലിക പ്രതിസന്ധികളും ജീവിതസാഹചര്യവും മാറിക്കഴിയുമ്പോൾ പഴയ ശൈലിയിലേക്കു തിരികെപ്പോകുന്നതായി കണ്ടുവരുന്നു. ധനവാന്റെയും ലാസറിന്റെയും ദൃഷ്ടാന്തത്തിൽ യാതനാസ്ഥലത്ത് എത്തിച്ചേർന്ന ധനവാൻ തന്റെ അവസ്ഥ അവന്റെ സഹോദരന്മാർക്കു ഭവിക്കാതിരിക്കാനുള്ള ആഗ്രഹം അബ്രാഹാം പിതാവിനോട് പ്രകടിപ്പിച്ചതായി (ലൂക്കൊസ് 16:27-31) കാണുന്നു. തന്റെ തെറ്റുകളുടെ ശിക്ഷയാണു താൻ അനുഭവിക്കുന്നതെന്ന ബോധം അവനുണ്ടായി. എന്നാൽ താമസിച്ചു പോയിരുന്നു. ജീവിച്ചിരിക്കുമ്പോൾ ചെയ്യേണ്ടത് അപ്പോൾ ചെയ്യാതിരുന്നാൽ പിന്നീടു നിത്യത മുഴുവൻ പശ്ചാത്തപിക്കേണ്ടതായി വരും എന്ന മുന്നറിയിപ്പ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**2. താൽക്കാലിക മാനസാന്തരം**

വിതയ്ക്കുന്നവന്റെ ഉപമയിൽ, പാറസ്ഥലത്തും മുള്ളിനിടയിലും വീണ വിത്ത് മുളച്ചു. എന്നാൽ വളരാനുള്ള സാഹചര്യം ലഭ്യമല്ലാതിരുന്നതിനാൽ നഷ്ടപ്പെടാൻ സംഗതിയായി. വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ വാടിപ്പോകുന്ന അവസ്ഥയിൽ എത്തിച്ചേരുന്നു. ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും മാനസാന്തരാനുഭവത്തിൽ നിലനിൽക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. (മത്താ.13:20-22) ഈ അവസ്ഥയെ താൽക്കാലിക മാനസാന്തരം എന്നു പറയാവുന്നതാണ്. (1തിമൊ.1:19, 20; 2തിമോ.2:17,18; 4:10; എബ്രായർ 6:4-6). തെറ്റുകളെ കുറിച്ചു പശ്ചാത്തപിക്കുന്നത് മാനസാന്തരമോ രക്ഷാനുഭവമോ ആകുന്നില്ല. അപ്പോൾ തന്നെ ശരിയായ മാനസാന്തരത്തിലേക്കു വഴിനടത്തുന്നതിന് ആവശ്യഘടകവുമാണ്.

**3. യഥാർത്ഥ മാനസാന്തരം**

മുടിയൻ പുത്രന്റെ ഉപമയിലെ പുത്രൻ ഇതിന് ഉത്തമോദാഹരണമാണ്. സുബോധം വന്നപ്പോൾ താൻ ജീവിതത്തിൽ ചെയ്തുകൂട്ടിയ തെറ്റുകളെ ഓർത്തു പശ്ചാത്തപിച്ച് ഉറച്ച തീരുമാനമെടുത്തു. സമയം നഷ്ടപ്പെടുത്താതെ അപ്പന്റെ ഭവനം ലക്ഷ്യമാക്കി അയാൾ യാത്രയായി. തന്നെ അവിടെ സ്വീകരിക്കുമോ, ആട്ടിപ്പായിക്കുമോ എന്നൊന്നും അവൻ ചിന്തിച്ചില്ല. വരുംവരായ്കകളെ വകവയ്ക്കാതെ സധൈര്യം അവൻ നടന്നു. യാത്രാമധ്യേ അപ്പന്റെ പ്രതികരണം എന്തായിരിക്കുമെന്ന് അവൻ ചിന്തിച്ചോ എന്നറിയുന്നില്ല. എന്തു പ്രത്യാഘാതം ഉണ്ടായാലും നേരിടുക തന്നെ എന്ന് അവൻ ഉറപ്പിച്ചു. ആ നിശ്ചയദാർഢ്യം അപ്പന്റെ ഭവനത്തിൽ അവനെ കൊണ്ടെത്തിച്ചു. എന്നാൽ, അവൻ പോലും ചിന്തിക്കാതിരുന്ന തലത്തിലുള്ള ഒരു പ്രതികരണം അപ്പനിൽ നിന്നും ഉണ്ടായി. കുറ്റപ്പെടുത്തലുകളോ ശാസനയോ ഒന്നുമില്ലാതെ, യാതൊരു വ്യവസ്ഥകളും കൂടാതെ ദായപൂർണനായ അപ്പൻ അവനെ സ്വീകരിച്ചത് എത്ര ഹൃദയസ്പർശിയായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവരുടെ പുനഃസമാഗമനം ചിത്രകാരനു നല്ലൊരു പ്രമേയമാണ് സൃഷ്ടിച്ചത്.

ഈ ഉപമയിലെ മുടിയൻ പുത്രൻ പാപിയായ മനുഷ്യനെയും സ്നേഹ സമ്പന്നനായ പിതാവ് സ്വർഗസ്ഥനായ ദൈവത്തെയും പ്രതിനിധാനം ചെയ്യുന്നു. പുത്രത്വം, ആനന്ദം, അംഗീകാരം എല്ലാം അവനു തിരികെ ലഭിച്ചു. അവൻ പരിസരം മറന്ന് ആനന്ദിച്ചുകാണും. നഷ്ടപ്പെട്ടത് തിരികെ ലഭിക്കുമ്പോഴുണ്ടാകുന്ന മാനസികാവസ്ഥ ഇത്തരുണത്തിൽ ചിന്തിച്ചുനോക്കേണ്ടതാണ്. പാപം ക്ഷമിച്ചു കിട്ടി എന്നതാണ് സന്തോഷത്തിന്റെ അടിസ്ഥാനം. അതു വാക്കുകളിൽ ഒതുക്കാവുന്നതല്ല. ഈ അനുഭവത്തെയാണ് യഥാർത്ഥ മാനസാന്തരം എന്നു പറയുന്നത്. ഇങ്ങനെ മാനസാന്തരപ്പെട്ട് രക്ഷാനുഭവത്തിലേക്ക് നയിക്കപ്പെട്ട ആയിരക്കണക്കിനു ജീവിതങ്ങളുടെ സാക്ഷ്യം മറ്റുള്ളവർക്ക് ഉത്തേജനം നൽകുന്നതാണ്. മാനസാന്തരത്തിലേക്ക് വഴി നടത്തുന്ന പശ്ചാത്താപത്തിന് എബ്രായ ഭാഷയിൽ "നാചം" എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ഇതിന് "ദുഃഖിക്കുക", 'ദീർഘശ്വാസം ചെയ്യുക' എന്നൊക്കെയാണ് അർത്ഥം. മറ്റൊരു വാക്ക് 'ശൂബാ' എന്നതാണ്. നേരെ വിപരീത ദിശയിലേക്കു തിരിയുക എന്നാണിതിനർത്ഥം. അറിയായ്മയുടെ കാലത്ത് ചെയ്ത പാപങ്ങളെയും ദുഷ്പ്രവർത്തികളെയും ഓർത്ത് ദൈവസന്നിധിയിൽ വിലപിക്കുകയും ദൈവത്തിങ്കലേക്കു പൂർണമായി തിരിയുകയും ചെയ്യുമ്പോഴാണ് ശരിയായ മാനസാന്തരം ഉണ്ടാകുന്നത്. അത് അവനെ നിത്യരക്ഷയിലേക്കു വഴി നടത്തുന്നതിനു മുഖാന്തരമാകുന്നു.

**മാനസാന്തരത്തിലേക്ക് വഴി നടത്തുന്ന ഘടകങ്ങൾ:**

**ദൈവത്തിന്റെ ദയ (റോമർ 2:4,5)**

ദൈവത്തിന്റെ ദയയും മനസ്സലിവും ഒരുവനെ മാനസാന്തരത്തിലേക്ക് വഴിനടത്തുന്നതായി മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വചനം നമ്മെ ബോധ്യപ്പെടുത്തുന്നു. അതിനായി അവന്റെ ജീവിതത്തിൽ സാഹചര്യം ദൈവം ഒരുക്കുന്നതായി മനസിലാക്കാം. എന്നാൽ, ചിലർ ഹൃദയകാഠിന്യത്താൽ ദൈവത്തിന്റെ ദയയെ നിരസിക്കുന്നതായി കണ്ടുവരുന്നു. ഒരു ന്യൂനപക്ഷമാണ് എല്ലാക്കാലത്തും ദൈവത്തിങ്കലേക്ക് മുഖംതിരിക്കുന്നത്. നിനവേ പട്ടണനിവാസികൾ ഇതിന് ഒരപവാദമാണ്. യോനായുടെ പ്രസംഗത്തിന്റെ പ്രതികരണം എന്ന നിലയിൽ 1,80,000 ൽ അധികം പേർ ഒരുമിച്ച് തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച്, ഉപവാസത്തോടും പ്രാർത്ഥനയോടും ദൈവമുഖം അന്വേഷിക്കുകയുണ്ടായല്ലോ. ഒരു പട്ടണം മുഴുവൻ മാനസാന്തരത്തിലേക്കു നയിക്കപ്പെട്ടത് എത്ര അത്ഭുതകരമാണ്. ദൈവത്താൽ അസാധ്യമായി ഒന്നുമില്ലല്ലോ. വരുവാനിരിക്കുന്ന ന്യായവിധിയെ കുറിച്ച് (ജലപ്രളയം) നോഹ അന്നത്തെ ജനത്തെ ബോധവൽക്കരിക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ നോഹയുടെ ശ്രമം ഫലവത്തായില്ല. പരിണിതഫലം ഭയാനകമായിരുന്നു. എട്ടു പേരൊഴികെ മറ്റാരും മാനസാന്തരപ്പെടാതെ ദൈവീക ന്യായവിധിയിൽ ഇല്ലാതായി. യേശുവിന്റെ വീണ്ടും വരവിന്റെ സമയം നോഹയുടെ കാലം പോലെ ആയിരിക്കമെന്നു യേശു മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. ഹൃദയകാഠിന്യത്താലും അനുതാപം ഇല്ലാത്ത ഹൃദയത്താലും ദൈവത്തിന്റെ ദയയെ നിരസിക്കുന്നതായി ഇന്നും കണ്ടു വരുന്നു. സുവിശേഷത്തെ മതവുമായി ബന്ധപ്പെടുത്തി ചിന്തിക്കുന്നതാണ് അതിനെ തിരസ്കരിക്കുന്നതിനു മനുഷ്യനെ പ്രേരിപ്പിക്കുന്നത്. എന്നാൽ, മാനസാന്തരസന്ദേശം മതത്തിലേക്ക് ആളുകളെ ചേർക്കാനുള്ളതല്ല, പാപവഴികളെ ത്യജിച്ച് ദൈവത്തിങ്കലേക്കു തിരിക്കുന്നതിനാണ്.

പാപികൾ മാനസാന്തരപ്പെടേണ്ടതിനു ദൈവം ഇന്ന് അവസരം ഒരുക്കുകയും അനുതപിക്കുന്നവരെ തന്റെ രക്ഷണ്യപ്രവൃത്തികളാൽ ദൈവരാജ്യത്തിന്റെ അവകാശികൾ ആക്കുകയും ചെയ്യുന്നു. സ്വർഗം ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെട്ടവർക്കായി സംവരണം ചെയ്തിട്ടുള്ളതല്ല. കാരണം, ദൈവത്തിനുമുഖപക്ഷമില്ല. 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും (വർണ-വർഗ-ഭാഷാ-മതജാതി ദേശ വ്യത്യാസം ഇല്ല)- നശിച്ചുപോകാതിരിക്കേണ്ടതിനാണ് തന്റെ സ്നേഹ പ്രദർശനം എന്ന നിലയിൽ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചത്. (യോഹ.3:16; 1 യോഹ. 4:9,10) കാൽവറിക്രൂശിൽ യേശു മുഴുലോകത്തിന്റെയും പാപങ്ങളുടെ പ്രായശ്ചിത്തമായി തന്നെത്തന്നെ യാഗമായി അർപ്പിച്ചു. യേശുക്രിസ്തു ക്രിസ്ത്യാനികളുടെ രക്ഷകനായിട്ടല്ല, മുഴുലോകത്തിന്റെയും പാപങ്ങളുടെ പ്രായശ്ചിത്തമായി തന്നെത്തന്നെ യാഗമായി അർപ്പിച്ചു. യേശുക്രിസ്തു ക്രിസ്ത്യാനികളുടെ രക്ഷകനായിട്ടല്ല, മുഴുലോകത്തിന്റെയും പാപത്തെ ചുമക്കുന്ന ദൈവകുഞ്ഞാടായിട്ടാണ് അവതരിച്ചത്. മുഴുലോകത്തേയും ഉൾക്കൊള്ളിച്ചുകൊണ്ടാണു ദൈവം തന്റെ കാര്യപരിപാടി ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്നത്. അതിൽ താങ്കളും ഉൾപ്പെടുന്നു എന്ന സത്യം മറക്കാതിരിക്കുക. *(തുടരും)*

---

## നാം

# സത്യ പക്ഷത്തോ അതൊ സമൂഹപക്ഷത്തോ ?



അലക്സ് പൊൻവേലിൽ,
ബാംഗ്ലൂർ.

യഹൂദാ മതനേതാക്കളും യവനായരും അടങ്ങുന്ന സംഘത്തിന്റെ സമ്മർദം നിമിത്തം വശം കെട്ട് യേശുവിന്റെ അടുത്ത് ചെല്ലുന്ന പീലാത്തോസിന്റെ ചോദ്യം റോമാസാമ്രാജ്യത്തിന്റെ അധിപനായി തിബെരിയാസ് കൈസെർ (തിബെരിയസ് ക്ലൌഡിയസ് നീറൊ) അതിന്റെ എല്ലാ പകിട്ടോടും കൂടി ഇവിടെ വാഴുമ്പോൾ നീ യഹൂദന്മാരുടെ രാജാവെന്ന് അവകാശപെട്ടോ? രാജ്യദ്രോഹകുറ്റം യേശുവിന്റെമേൽ ചുമത്തിയില്ലെങ്കിൽ കൊല്ലുക സാധ്യമല്ല എന്ന കാരണം നിമിത്തം അമ്മായിയപ്പൻ മരുമകൻ അടങ്ങുന്ന യഹൂദ സംഘം മരണശിക്ഷ വിധിപ്പാൻ യഹൂദ്യാനാടിന്റെമേൽ അധികാരമുള്ള പീലാത്തോസിന് കൈമാറുന്നു, ഇവിടെ യേശുവിന്റെ മറുപടി വളരെ ശ്രദ്ധേയം ആണ് നിന്റെ ചിന്താമണ്ഡലത്തിലോ ദൃഷ്ഠികോണിലോ ഒതുങ്ങുന്നതല്ല എന്റെ രാജ്യം. വീണ്ടും ആവർത്തിക്കുന്ന ചോദ്യത്തിന് യേശു തന്റെ നിലപാട് വ്യക്തമാക്കി,അതേ ഞാൻ രാജാവു തന്നെ. നീ ഒരു മനുഷ്യായുസ്സിന്റെ വലുപ്പത്തിൽ കാണുന്ന റോമാസാമ്രജ്യത്തിനും അതിന്റെ പരപ്പിനും മുൻപ് ഈ ഭൂമിക്ക് അടിസ്ഥാനം ഇടുന്നതിന് എത്രയോ മുൻപ് ഞാൻ രാജാവായിരിക്കുന്നു (പുത്രനോടോ ദൈവമേ നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളത് ; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ എബ്രായർ 1: 8) ഈ സനാതന സത്യം പീലാത്തോസേ എത്ര അധികാരിയായാലും നിനക്ക് വെളിപ്പെടണം എന്നില്ല. സത്യത്തേ സ്നേഹിക്കുന്നവർ ഒരു പക്ഷെ അവർ ന്യൂനപക്ഷമോ, ദരിദ്രരോ, കുലഹീനരോ നിരക്ഷരരോ ഒക്കെ ആയിരിക്കാം അവർക്കിതു മറഞ്ഞിരിക്കില്ല.

യേശു തുടർന്നു പറയുന്ന വാക്കുകൾ ഏറെ ശ്രദ്ധേയമാണ് ' സത്യത്തിനു സാക്ഷി നിൽക്കേണ്ടതിന് ഞാൻ ജനിച്ചു. അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു; സത്യതല്പരനായവൻ എല്ലാം എന്റെ വാക്കുകേൾക്കും' എന്നുത്തരം പറഞ്ഞു (യോഹന്നാൻ 18:37).ഈ കാണുന്ന പ്രപഞ്ചസൃഷ്ഠികളും അതിന്റെ മണിമകുടമായ മനുഷ്യ വർഗവും അവരോടുള്ള ദൈവത്തിന്റെ ഉടമ്പടികളും നിത്യവും സത്യവും ആയ സാക്ഷ്യങ്ങളാണ്. അത് അതിന്റെ സമയങ്ങളിൽ സംഭവിക്കും എന്നാൽ പീലാത്തോസേ നീ പ്രതിനിധാനം ചെയ്യുന്ന റോമാസാമ്രാജ്യം B C 753 ഒരു രാഷ്ട്രമായി ആരംഭിക്കയും, B C 27 മുതൽ A D 476 വരെ മാത്രമേ ഒരു സാമ്രാജ്യമായി നിലനിന്നിട്ടുള്ളൂ, സത്യത്തേക്കളുപരി സാഹചര്യ സമ്മർദങ്ങൾക്കും യഹൂദ യവനായ പ്രമാണിപക്ഷത്തും നിലയുറപ്പിക്കുന്ന പീലാത്തോസിനെ പൊലെയുള്ളവർക്ക് ഈ ജീവവചനങ്ങൾ വ്യക്തമാകുന്നില്ലെങ്കിലും,മുക്കുവർക്കും,നീതിമാന്മാർക്കും, ഇസ്രായേലിന്റെ ആശ്വാസത്തിനായി കാത്തിരുന്നവർക്കും, കപടമില്ലാത്തവർക്കും, പരീശപ്രമാണിയായിരുന്നിട്ടും സത്യത്തെ സ്നേഹിക്കുന്ന പലർക്കും ദേഹദാരിയായ സത്യത്തെ തിരിച്ചറിയാൻ കഴിഞ്ഞിരുന്നു. ആവർത്തിച്ചു ശ്രവിച്ചിട്ടും ഇന്നും പല ചെവികളും ബധിരമായി തന്നെ തുടരുന്നെങ്കിൽ അതിനു കാരണം മറ്റൊന്നല്ല സത്യത്തെ ഉള്ളുതുറന്നു സ്നേഹിക്കുന്നില്ല എന്നതു തന്നെ.

യഹൂദന്മാരുടെ കൂടാരപ്പെരുന്നാളിനു പോകുന്നതിനോടനുബന്ധിച്ചുള്ള സഭാഷണ മദ്ധ്യേയേശുവിനോട് സഹോദരന്മാർ നീ പ്രസിദ്ധനാകുവാൻ ആഗ്രഹിക്കുന്നവൻ എന്നു വിശേഷിപ്പിക്കുന്നില്ലെ (യോഹന്നാൻ 7:4). പ്രസിദ്ധനാകുക എന്ന ലക്ഷ്യത്തിൽ നിന്നും സദാ മാറി സഞ്ചരിക്കുന്നു യേശുവിനോടല്ലെ അവർ ഈ പറയുന്നത്, പുരുഷാരത്തിനിടയിൽ അവനെ കുറിച്ചു കുശുകുശുപ്പുണ്ടാകുന്നതും പ്രമാണികളോടുള്ള ഭയം നിമിത്തം എല്ലാവരും മൌനം പാലിക്കുന്നതും ഒക്കെ സമൂഹ സാഹചര്യ ഭയങ്ങൾ ഇവരുടെ ഹൃദയത്തെ കീഴടക്കി യിരിക്കുന്നുതിന്റെയും,ഭയത്തെ പുറത്താക്കുന്ന സ്നേഹമവരിലില്ല എന്നതിന്റെയും തെളിവല്ലെ (1യോഹന്നാൻ 4: 18). ഇന്നും മനുഷ്യരുടെ അംഗീകാരം ആണ് എനിക്കു വലുതെങ്കിൽ ക്രിസ്തുവിന്റെ ശിഷ്യൻ, ദാസൻ എന്നുള്ള ചിന്ത ഉപേക്ഷിക്കുകയാണ് ഉത്തമം എന്ന് പൌലോസ് ഓർപ്പിക്കുന്നു (ഗലാതൃർ 1:10).

എന്തും ഏതും വേഗത്തിൽ നേടണം, കാത്തിരിക്കുവാനോ ഭവിഷ്യത്തുകളെയോ ഭാവി പ്രതിസന്ധിയേ പറ്റിയോ ചിന്തിക്കുവാനോ തയ്യാറാകാത്ത ഒരു തലമുറയിൽ നാം എത്തി നിൽക്കുമ്പോൾ, ഓർമ്മ വരുന്നത് കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രശസ്തനായ കഥാകൃത്തായിരുന്ന മാർക് ടയിൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന സാമുവൽ ലാങ്ഹോൺ ക്ലെമെന്റിന്റെ വാക്കുകളാണ് ' സത്യം ഷൂ ധരിച്ചു തുടങ്ങുമ്പോഴേക്കും കള്ളം ഭൂമിയുടെ പകുതിയോളം സഞ്ചരിച്ചിരിക്കും' എന്ന്. പരമാർത്ഥം തെളിയിക്കുവാൻ കാലം കുറച്ചാകും എങ്കിലും സത്യ പക്ഷത്ത് നിലയുറപ്പിച്ചവരുടെ ചുരുക്കം എങ്കിലും ഒരു സമൂഹം ഉള്ളത് ആശ്വാസകരം തന്നെ. ●

**അഗ്രഗാമികൾ**

1912 ൽ അമേരിക്കയിൽ നിന്നും ഇന്ത്യയിലെത്തി സുവിശേഷീകരണ രംഗത്തും സഭാ സ്ഥാപനത്തിലും അക്ഷീണം അടരാടുകയും, ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്ത മിഷനറി വര്യൻ റവ. റോബർട്ട് എഫ് കുക്കിന്റെ ജീവിതത്തെ പുതുതലമുറയ്ക്ക് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുകയാണ്. പാസ്റ്റർ ജെ. ജോസഫും പാസ്റ്റർ സണ്ണി പി. സാമുവേലും രചിച്ച 'ഇന്ത്യ ദൈവസഭാ ചരിത്രം' എന്ന ഗ്രന്ഥത്തിൽ നിന്ന് എടുത്ത ഭാഗങ്ങൾ തുടർന്ന് വായിക്കാം.

# ഭാരതത്തെ സ്നേഹിച്ച കുക്ക് സായിപ്പ് 3



### 5. തിരുനൽവേലിയിൽ

തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിലും തിരുവിതാംകൂറിലും പ്രവർത്തിച്ച ശേഷം അന്ധവിശ്വാസത്തിന്റെ ഇരുട്ടിൽ താമസിക്കുന്ന തിരുനൽവേദിയിലെ ജനങ്ങളുടെ ഇടയിൽ താമസിച്ചു പ്രവർക്കുവാൻ പാസ്റ്റർ കുക്കും കുടുംബവും തീരുമാനിച്ചു. ഈ ജനങ്ങൾക്ക് വ്യക്തിപരമായ ബന്ധം ആവശ്യമായിരുന്നു. ജീവിക്കുന്ന ക്രിസ്തുവിനെ അവർക്കു പകർന്നു കൊടുക്കുവാൻ അവരുടെ അന്ധകാരം അകറ്റുവാൻ അവരോടൊത്ത് താമസിക്കേണ്ടത് ആവശ്യമായിരുന്നു. ഈ പ്രദേസം ബാംഗ്ലൂരിൽ നിന്നും ഏതാണ്ട് നാനൂറു മൈൽ അകലെയായിരുന്നു. ധാരാളം വെള്ളക്കാരും സർവ്വീസിൽ നിന്നും റിട്ടയേർഡായ ആളുകളും ഇവിടെ താമസിച്ചിരുന്നു. താമസിക്കാൻ പറ്റിയ നല്ല ഭവനങ്ങളും ജീവിത്തിനവശ്യമായ എല്ലാ കാര്യങ്ങളും അവിടെ ലഭിച്ചിരുന്നു. കിൽപ്പാത്തിയിലേക്കുള്ള ട്രെയിൻ യാത്ര ക്ലേശകരമായിരുന്നു. ട്രെയിനിനകം തികച്ചും വൃത്തിഹീനമായിരുന്നു. ഇംഗ്ലീഷ് ബാപ്റ്റിസ്റ്റുകാർ ദീർഘകാലം മുമ്പ് ഉപയോഗിച്ച് ഉപേക്ഷിച്ചുപോയ ഒരു മിഷൻ ഭവനമാണ് അവർക്കു താമസിക്കുവാൻ ലഭിച്ചത്. ചുറ്റുപാടുകളും വൃത്തിഹീനമായി തോന്നി. പത്തടി നീളവും പത്തടി വീതിയും ഉള്ള ഒരു മുറിയും ഒരു വരാന്തയും രണ്ടു ജനലുകളുമുള്ള താമസസ്ഥലമായിരുന്നു അത്. വിദേശികളെ കാണുവാൻ എത്തിയ ചില ഇൻഡ്യൻ സ്ത്രീകൾ മദാമ്മ ഇവിടെ താമസിക്കുകയില്ലെന്നു പറഞ്ഞു. അത്രയ്ക്ക് വൃത്തിഹീനമായിരുന്നു അവിടം. അപ്പോൾ മദാമ്മ പറഞ്ഞു. ഞാൻ ചില ചിത്രങ്ങളും മോട്ടോ കാർഡുകളും കൊണ്ട് മുറി അലങ്കരിക്കും. ജനലിന് കർട്ടനുകളും ഇടും. ഇവയ്ക്കെല്ലാം ഉപരി ക്രിസ്തു ഈ മുറിയെ പ്രകാശമയമാക്കും. അപ്പോൾ ഈ മുറി ശരിയായിക്കോളും .

പലരുടെ സഹായത്തോടെ താമസസ്ഥലം വൃത്തിയാക്കി. ഒരു ആശാരി തന്റെ ഒരു മേശ തല്ക്കാല ഉപയോഗത്തിനു നല്കി. പരിമിതമായ വീട്ടുപകരണങ്ങളെ അവിടെ ഉണ്ടായിരുന്നുള്ളൂ കാൻവാസുകളെക്കൊണ്ടുള്ള മടക്കുന്ന കട്ടിലുകൾ പകൽ മടക്കിവച്ചിരുന്നു. അല്ലെങ്കിൽ പകൽ മുറിയിൽ ആവശ്യത്തിനു സ്ഥലം ലഭിക്കുമായിരുന്നില്ല. ചുറ്റുപാടുമുള്ളവർ തീ കത്തിക്കുന്ന പുകപടലം മിക്കപ്പോഴും അവിടെ നിറഞ്ഞു നിന്നു. ഭിത്തികളിൽ വിള്ളലുകൾ ഉണ്ടായിരുന്നു. എലികളുടെ ശല്യവും വളരെ ഉണ്ടായിരുന്നു. ഈ വിടവുകളിൽ മൂട്ടകൾ ധാരാളം ഉണ്ടായിരുന്നു. ഓലമേഞ്ഞ ഒരു ചെറിയ മുളകൊണ്ടുള്ള ചാപ്പൽ ഉണ്ടാക്കി, മൂട്ടകളെ ഭയന്ന് അതിൽ പകൽ കഴിച്ചുകൂട്ടി. എന്നാൽ മഞ്ഞ് കഠിനമായി വന്നപ്പോൾ തുറന്നചാപ്പലിൽ കയറാൻ പ്രയാസമായതിനാൽ മൂട്ടയും മറ്റുമുള്ള മുറിയിൽ തന്നെ താമസിക്കേണ്ടി വന്നു. മേയ്മാസം ആയപ്പോഴേക്ക് ചൂട് വർദ്ധിച്ചു. ചൂടു ശമനത്തിനുവേണ്ടി കയറും പായും ഉപയോഗിച്ച് ഒരു ഇൻഡ്യൻ പങ്ക ഉണ്ടാക്കി വരാന്തയിൽ നിന്നും ഒരു കയറ് ഉപയോഗിച്ച് ഈ പങ്ക വലിക്കാമായിരുന്നു. അനുദിനാവശ്യത്തിനുള്ള പച്ചക്കറികളും മറ്റും ബാംഗ്ലൂരിൽ നിന്നും റെയിൽവേ മാർഗ്ഗമാണ് വന്നുകൊണ്ടിരുന്നത്. അവർക്ക് ആവശ്യമായ റൊട്ടി നാല്പതുമൈൽ അകലെനിന്നും റെയിൽവേമാർഗ്ഗം വരുന്നതായിരുന്നു. ഉള്ള അവസ്ഥയിൽ അലംഭാവത്തോടെ ഇരിപ്പാൻ ഞാൻ പഠിച്ചിരിക്കുന്നു. എന്ന അപ്പൊസ്തോലന്റെ വാക്കുകൾ പ്രായോഗികമാക്കാൻ പാസ്റ്റർ കുക്കിന് കഴിഞ്ഞു.

ഒരുദിവസം ഒരു വാരാന്ത്യ മിഷണറി യാത്രയിൽ പാസ്റ്റർ കുക്കിനോടൊത്ത് മിസ്സിസ്സ് കുക്കും ഉണ്ടായിരുന്നു. ചുടുവളരെ കലശമാകുന്നതിനുമുമ്പ് ലക്ഷ്യസ്ഥാനത്തെത്തുവാൻ വേണ്ടി വളരെ പ്രഭാതത്തിലെ കാളവണ്ടിയിൽ അവർ യാത്ര തിരിച്ചു. എന്നാൽ ഇടയ്ക്ക് വണ്ടിക്ക് അല്പം അപകടം ഉണ്ടായിരുന്നതിനാൽ യാത്ര ഏതാനും മണിക്കൂറുകൾ താമസിച്ചു. വളരെ മോശമായ റോഡിലുടെ കഠിനമായ ചൂടു സഹിച്ചുകൊണ്ടുള്ള ഈ യാത്ര കാരണം മിസ്സിസ്സ് കുക്കിന് സൂര്യതാപമേറ്റ് കഠിനമായ രോഗം ബാധിച്ചു. ഒരു സത്രത്തിന്റെ സമീപം വണ്ടി നിർത്തി അവിടെ അല്പസമയം വിശ്രമിച്ച് ആഹാരം കഴിച്ചു. മൂന്നുമണി വരെ യാതൊന്നും കഴിക്കാൻ കഴിയാതെ അവർ വളരെ ക്ഷീണിച്ചിരുന്നു. മിസ്സിസ്സ് കുക്കിനുവേണ്ടി പ്രാർത്ഥിച്ചുവെങ്കിലും അസുഖം വർദ്ധിച്ചുവരികയായിരുന്നു. തന്മൂലം നല്ലതുപോലെ സന്ധ്യയായി ചൂടു ശമിച്ച ശേഷം മാത്രമേ യാത്ര തുടരുവാൻ കഴിഞ്ഞുള്ളൂ. മറ്റൊരു കാളവണ്ടി പിടിച്ച് മിസ്സിസ്സ് കുക്കിനെയും രണ്ടു പെൺകുട്ടികളെയും മടക്കി അയച്ചു. പാസ്ററർ കുക്ക് തന്റെ മിഷണറി പ്രവർത്തനം തുടരുകയും ചെയ്തു. കുടുംബം പാതിരാത്രിക്കുശേഷം വീട്ടിൽ സുരക്ഷിതമായി എത്തി. ഭാര്യ സുഖം പ്രാപിച്ചു. ഏതാനും ദിവസത്തെ മിഷണറിവേല തുടർന്നു. അനേക ഭൂതങ്ങളെ പുറത്താക്കുന്നതിനും പലർക്കും പ്രാർത്ഥിച്ചു സൗഖ്യം നല്കുന്നതിനും കഴിഞ്ഞു. 22 പേർ ഈ മിഷണറി യാത്രയിൽ സ്നാനപ്പെട്ടു. അതികഠിനമായ ചൂടേറ്റ് പല ദിവസങ്ങൾ തുറസ്സായ സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്നതിനാൽ പാസ്റ്റർ കുക്കിന് അതികഠിനമായ തലവേദന അനുഭവപ്പെട്ടു. വയറ്റിലും കഠിനവേദന അനുബവപ്പെട്ടു. തലവേദന കുറയുവാൻ തുണി നനച്ച് തലയിൽ വച്ചു. വാഴയില കൊണ്ട് തല മൂടിയിരുന്നു. മരിച്ചുപോകുമെന്നു തോന്നി. മരിച്ചാൽ താൻ പുതിയ ചാപ്പലിന് അടിസ്ഥാനമിട്ടയിടത്ത് തന്നെ മറവുചെയ്യണമെന്ന് പാസ്റ്റർ പറഞ്ഞു. അല്പ സമയത്തിനുള്ളിൽ വരാന്തയ്ക്കുവെളിയിൽ ചിലർ ഉറച്ചു സംസാരിക്കുന്ന ശബ്ദം കേട്ടു. വെളിയിൽ ഏന്താണെന്ന് പാസ്റ്റർ കുക്ക് വെളിയിൽ ഇറങ്ങി നോക്കിയപ്പോൾ ഒരു കാളവണ്ടിയും സമീപം രണ്ടു മൂന്ന് ആളുകളും. തന്നെക്കണ്ടപ്പോൾ കാളവണ്ടിയിലെ കച്ചിയ്ക്കകത്തു നിന്നും ഒരു സ്ത്രീയെ അവർ എടുത്തുകൊണ്ടുവന്നു. അവരുടെ മുഖത്ത് അതികഠിനമായ വേദന കാണാമായിരുന്നു. ഗവൺമെന്റാശുപത്രി ഇതിനടുത്തായിരുന്നതിനാൽ രോഗിണിയെ സ്ഥലം തെറ്റിദ്ധരിച്ച് അവിടെ കൊണ്ടുവന്നതാണെന്നു കരുതി. ആശുപത്രി അവിടെയാണെന്ന് കുക്ക് ചൂണ്ടിക്കാണിച്ചു. എന്നാൽ രോഗിണിയെ തന്റെ അടുത്തുതന്നെ കൊണ്ടുവന്നതാണെന്ന് അവർ പറഞ്ഞു. ആ ഗ്രാമത്തിൽ മറ്റൊരു സ്ത്രീയെ സാഹീബ് സൗഖ്യമാക്കിയതിനാൽ ഈ സ്ത്രീയെയും സൗഖ്യമാക്കണമെന്നുള്ളതായിരുന്നു അവരുടെ അഭ്യർത്ഥന.

ഈ സാക്ഷ്യം കേട്ടപ്പോൾ തലവേദന വകവയ്ക്കാതെ തലയിലെ വാഴയിലയും തുണിയും മാറ്റി രോഗിണിയുടെ സമീപത്തേക്ക് പാസ്റ്റർ കുക്ക് നീങ്ങി. തലവേദനയും വയറ്റിലെ വേദനയും മാറിക്കഴിഞ്ഞിരുന്നു. പെട്ടെന്ന് ഒരു അഭൗമിക ശക്തി തനിക്ക് അനുഭവപ്പെട്ടു. ഈ സ്ത്രീയെ കൊണ്ടുവന്നവരിൽ ഒരാൾ അവരുടെ ഭർത്താവും മറ്റേത് സഹോദരനുമായിരുന്നു. പാസ്റ്റർ കുക്ക് അവരോട് ദൈവസ്നേഹത്തെപ്പറ്റിയും ക്രിസ്തുവിലൂടെയുള്ള രക്ഷയെപ്പറ്റിയും പറഞ്ഞു. രോഗിണിക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുമുമ്പ് അവരുടെ തലയിലെ കുടുമ വെട്ടിക്കളയണമെന്ന് പാസ്റ്റർ ആവശ്യപ്പെട്ടു. ബിംബാരാധനയുടെ ഒരു അടയാളമായിരുന്നു കുടുമ. പരസ്പരം ആലോചിച്ചശേഷം എതിർപ്പ് പ്രകടിപ്പിച്ചെങ്കിലും കുടുമ മുറിച്ചുകളഞ്ഞു. അവരുടെ പാപം ഏറ്റുപറഞ്ഞ് അവർ പ്രാർത്ഥനയിൽ പങ്കുചേർന്നു. അപ്പോൾ അവർക്ക് മനസ്സിനു വലിയ സന്തോഷം തോന്നി. രോഗിണിയായ സ്ത്രീക്ക് വേണ്ടി പാസ്റ്റർ കുക്ക് പ്രാർത്ഥിച്ചു. ദൈവം അത്ഭുതകരമായ വിടുതൽ അവർക്ക് നല്കി. അവർ സുഖം പ്രാപിച്ച് തന്നത്താൻ നടന്ന് കാളവണ്ടിയിൽ കയറി.സന്തോഷത്തോടെ യേശുവിന്റെ രക്തത്താൽ ജയം എന്നു പ്രഖ്യാപിച്ചുകൊണ്ട് അവർ മടങ്ങിപ്പോയി. അങ്ങനെ ആ ഗ്രാമത്തിൽ നിന്നും മൂന്നുപേർ കൂടി രക്ഷയുടെ പാതയിലേക്കു വന്നു. പാസ്റ്റർ കുക്കും രോഗശാന്തി നേടിയവനായി കൂടുതൽ ആത്മശക്തി ലഭിച്ചവനായി ദൈവത്തെ സ്തുതിച്ചു. അവിടുത്തെ താമസത്തിനിടയിൽ അനേക രോഗികൾ വന്നു പാപമോചനവും രോഗശാന്തിയും പ്രാപിച്ചു. ഏതാണ്ട് ഇരുന്നൂറുപേർ അവിടുത്തെ പ്രവർത്തനം കൊണ്ടു ജീവനുള്ള ദൈവത്തെ കണ്ടെത്തി. ●



## കുക്കും കാളവണ്ടിയും

1913 ഡിസംബർ മാസത്തിൽ ബ്രദർ കമിനും കുക്കും കൂടി തമിഴ്നാട്ടിൽ തിരുനെൽവേലി ഡിസ്ട്രിക്റ്റിൽ സുവിശേഷയാത്ര നടത്തി. കാളവണ്ടിയിലായിരുന്നു യാത്ര. ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനു പതിനേഴു മൈൽ ദൂരം വളരെ മോശമായ റോഡിലൂടെ കാളവണ്ടിയിൽ യാത്ര ചെയ്യേണ്ടി വന്നു. യാത് വലിയ ദുസ്സഹമാകുമ്പോൾ കുക്ക് റോഡിൽ ഇറങ്ങി വണ്ടിയുടെ പുറകെ നടക്കുമായിരുന്നു. യാത്രയിൽ ഏത്തപ്പഴം ആയിരുന്നു പ്രധാന ഭക്ഷണം. തമിഴ്നാട്ടിൽ ഭക്ഷണസാധനങ്ങളുടെ പുറത്ത് ഈച്ച പറ്റിയിരിക്കുന്നതു കണ്ട് അതു കഴിക്കുവാൻ കുക്കിന് വിഷമം തോന്നി. അതിനാൽ പഴവർഗ്ഗങ്ങൾ ഭക്ഷിച്ചാണ് അധിക സ്ഥലങ്ങളിലും സഞ്ചരിച്ചിരുന്നത്. ലക്ഷ്യ സ്ഥാനത്ത് എത്തിയപ്പോഴേക്കും രാത്രി പത്തുമണിയായി. ഭക്ഷണം തയ്യാറാക്കിയപ്പോഴേക്കും കാളവണ്ടിയിൽ കിടന്ന് കുക്ക് ഉറങ്ങിപ്പോയി. നേരം പ്രഭാതമായപ്പോൾ വെള്ളക്കാരനായ മിഷണറിയെ കാണുവാൻ ആളുകൾ വന്നുകൂടി. പാല്, മുട്ട, പഴവർഗ്ഗങ്ങൾ മുതലായവ മിഷണറിയുടെ ഭക്ഷണത്തിനായി അവർ കൊണ്ടുവന്നിരുന്നു. മീറ്റിംഗുകളിൽ വളരെ ശ്രദ്ധയോടെ അവർ പങ്കെടുത്തു. ആദ്യത്തെ ഒരു യോഗത്തിൽ പിശാചു ബാധയുള്ള ഒരു സ്ത്രീയെ അവരുടെ സഹോദരൻ കൂട്ടിക്കൊണ്ടുവന്നു. സി.എം.എസ് മിഷണറിമാരുടെ പ്രവർത്തന കേന്ദ്രമായിരുന്നു അത്. ഈ വന്നത് സി.എം.എസ്. സഭാംഗമായ വനിതയായിരുന്നു.

# അത്ഭുതം പ്രവർത്തിക്കുന്ന ദൈവം

(2-ാം പേജ് തുടർച്ച)

പ്രദേശത്തു തന്നെ പാർത്ത്, മുട്ടയിട്ട് അവിടെ തന്നെ അവസാനിക്കുന്ന പക്ഷികളുണ്ട്. ദേശാടന പക്ഷികൾ കൂട്ടമായി യാത്ര ചെയ്കയും ഭക്ഷണം തേടുകയും ചെയ്യുന്നു. തത്ത, മൈന, ലൗബേർഡ്സ് എന്നിവയെ ആളുകൾ വളർത്തുന്നു. കോഴി, താറാവ് തുടങ്ങിയവയെ മാംസത്തിനും മുട്ടയ്ക്കുമായി ഉപയോഗിക്കുന്നു. ക്രിസ്തു പഠിപ്പിച്ചത്, ആകാശത്തിലെ പറവകൾ വിതയ്ക്കാതെ, കൊയ്യാതെ, കളപ്പുരയിൽ കൂട്ടാതെ ജീവിക്കുന്നു എന്നാണ്. സ്വർഗ്ഗസ്ഥനായ പിതാവ് അവയ്ക്ക് വേണ്ടതെല്ലാം കൊടുക്കുന്നു. ഇവയ്ക്ക് നാളയെക്കുറിച്ചുള്ള ആകുല ചിന്തകളില്ല. എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവനായി കൊണ്ടും എന്തുടുക്കും എന്നു ശരീരത്തിനായി കൊണ്ടും വിചാരപ്പെടരുത്. യേശു പത്രോസിനോടു പറഞ്ഞതും ഇത്തരുണത്തിൽ ചിന്തനീയമാണ്. "കോഴി കൂവും മുൻപ് മൂന്നു വട്ടം നീ എന്നെ തള്ളിപ്പറയും" (മത്താ.26:34) ഇവിടെ പ്രഭാത യാമത്തിൽ കൂവിയ കോഴിയെക്കുറിച്ച് വിഷയത്തോട് ബന്ധപ്പെട്ട് ഒരു ചിന്തിക്കാം. യേശു, പത്രോസ്, പുലർച്ചേ കൂവിയ കോഴിയും ഈ വിഷയത്തിലെ മൂന്ന് ഘടകങ്ങളാണ്. ആ പ്രഭാതത്തിൽ ശിഷ്യന്മാരുടെ മനസ്സു വല്ലാതെ കലങ്ങിയിരുന്നു. അതിന്റെ രണ്ടുകാരണങ്ങൾ സുവിശേഷകന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒന്ന്; കർത്താവു പറഞ്ഞു: നിങ്ങളിൽ ഒരുവൻ എന്നെ കാണിച്ചു കൊടുക്കും. രണ്ട്, പത്രോസിനോടു പറഞ്ഞു, കോഴി കൂവും മുൻപ് മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയും പത്രോസിന് ഈ കാര്യം ഓർപ്പിക്കുവാൻ കർത്താവ് വെച്ച അടയാളം കോഴിയുടെ കൂവൽ ആയിരുന്നു. ഒടുവിൽ അങ്ങനെ സംഭവിച്ചു. പത്രോസ് മൂന്നുപ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞു. അപ്പോൾ കോഴി കൂവി. കർത്താവു പറഞ്ഞത് പത്രോസ് ഓർത്തു പോയി അതി ദുഃഖത്തോട് വാവിട്ടു കരഞ്ഞു. സുവിശേഷകനായ ലൂക്കോസ് ഇതിനെക്കുറിച്ചെഴുതിയിരിക്കുന്നത്; 'അപ്പോൾ കർത്താവു തിരിഞ്ഞ്. ദൈവമുഖം അന്വേഷിക്കുന്നതും ദൈവത്തോടു പ്രാർത്ഥിക്കുന്നതും നല്ലതാണ്. പ്രഭാതത്തിൽ പക്ഷികൾ പോലും ദൈവത്തെ പാടി സ്തുതിക്കുന്നു. രാവിലെ നിന്റെ ദയയേയും രാത്രിതോറും നിന്റെ വിശ്വസ്തതയും വർണ്ണിക്കുന്നതു നല്ലതു എന്നുള്ള വചനം ചിന്തിക്കുക. പ്രഭാതത്തിൽ മനോഹരമായി പാടുന്ന പക്ഷികളിൽ നിന്നുള്ള സന്ദേശമെന്താണ്? സൃഷ്ടിതാവായ ഒരു ദൈവമുണ്ട്. ആ ദൈവം എല്ലാ സൃഷ്ടികളെയും പോറ്റുകയും പുലർത്തുകയും ചെയ്യുന്നു. പ്രപഞ്ചം മുഴുവനും ഇതിന്റെ അതിന്റെ സൃഷ്ടാവിനെ സാക്ഷ്യപ്പെടുത്തുന്നു. ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു."

ദൈവം പ്രപഞ്ചത്തിലൂടെ ഇന്നും മനുഷ്യരോടു സംസാരിക്കുന്നു. സകല സൃഷ്ടികളും പക്ഷികളും ദൈവത്തെ സ്തുതിക്കുന്നു. ദൈവം ക്രമീകരിച്ച ഓരോ സന്ധ്യയും, ഓരോ പ്രഭാതവും, രാത്രിയുമെല്ലാം സുന്ദരമാണ്. ആകാശത്തിലെ പക്ഷികളോടു ചോദിക്ക അവ പറഞ്ഞു തരും. ഈ വിഷയം തുടരുകയാണ്. പക്ഷിശാസ്ത്രം നന്നായി പഠിച്ചിട്ടുള്ള ഒരു വേദാധ്യാപകൻ നമ്മെ ക്ഷണിക്കുന്നതു നോഹയുടെ പെട്ടകത്തിലേക്കാണ്. ആ ചരിത്രസംഭവം നമുക്കെല്ലാവർക്കുമറിയാം. ആ പെട്ടകത്തിൽ അല്പജനം എന്നു വച്ചാൽ എട്ടുപേർ പെട്ടകത്തിൽ പ്രവേശിച്ചു. കൂടാതെ; ആണും പെണ്ണുമായി സകല ജന്തുക്കളിൽ നിന്നും, പറവകളിൽ നിന്നും, ഇഴജാതികളിൽ നിന്നും ഉള്ളവയെ കയറ്റി പെട്ടകത്തിന്റെ വാതിലടച്ചു നാല്പത് പകലും നാല്പതു രാവും ഭൂമിയിൽ മഴ പെയ്തു. എല്ലാ കുന്നുകളും മലകളും വെള്ളത്തിനടിയിലായി. എന്നാൽ ന്യായവിധിയുടെ വെള്ളത്തിൽ നിന്നും ദൈവം പെട്ടകത്തെ രക്ഷിച്ചു. പെട്ടകമിപ്പോൾ പെരുവെള്ളത്തിൻ മീതെയാണ്. ഒടുവിൽ പെട്ടകം അരാരാത്തു പർവ്വതത്തിലുറച്ചു. പുറത്തെ സ്ഥിതി അറിയുവാൻ നോഹയൊരു മലങ്കാക്കയെ പുറത്തു വിട്ടു. അതു പുറപ്പെട്ടു ഭൂമിയിൽ വെള്ളം വറ്റുന്നതുവരെ വന്നും പോയുമിരുന്നു. തുടർന്നു നോഹ; ഭൂമിയിൽ വെള്ളം കുറഞ്ഞുവോ എന്നറിയുവാൻ ഒരു പ്രാവിനെ പുറത്തു വിട്ടു. എന്നാൽ സർവ്വ ഭൂമിയിലും വെള്ളം നിറഞ്ഞിരുന്നതുകൊണ്ട് പ്രാവിന് കാൽ വെപ്പാൻ ഇടം കാണാതെ, നോഹയുടെ അടുക്കൽ, പെട്ടകത്തിലേക്ക് മടങ്ങി വന്നു. അവൻ കൈനീട്ടി അതിനെ പിടിച്ചു പെട്ടകത്തിനുള്ളിലാക്കി. ഏഴു ദിവസം കഴിഞ്ഞിട്ടു അവൻ വീണ്ടും ആ പ്രാവിനെ പെട്ടകത്തിൽ നിന്നു പുറത്തു വിട്ടു. പ്രാവു വൈകുന്നേരത്തു അവന്റെ അടുക്കൽ വന്നു. അതിന്റെ വായിൽ അതാ ഒരു പച്ച ഒലിവില, അതിനാൽ ഭൂമിയിൽ വെള്ളം കുറഞ്ഞു എന്ന് നോഹ അറിഞ്ഞു (ഉല്പ.8:8-12) ഏതായാലും പെട്ടകത്തിനു വെളിയിൽ പോയ പ്രാവ് ആദ്യം മടങ്ങി വന്നപ്പോൾ ഒരു സന്ദേശഭൂമിയിൽ കാൽ വെപ്പാൻ ഇടമില്ല, രണ്ടാം പ്രാവശ്യം അതു മടങ്ങി വന്നപ്പോൾ അതിന്റെ വായിൽ ഒരു ഒലിവില. ഭൂമിയിൽ ന്യായവിധിയുടെ വെള്ളം വറ്റി. വൃക്ഷകൊമ്പുകൾ കാണായ് വന്നു. അനുഗ്രഹത്തിന്റെ പച്ചപ്പാടുകൾ ഇന്നും പക്ഷികൾ കൂടുവയ്ക്കുന്നു. കൂട്ടത്തോടെ അവകൾ പാടുന്നു. വൃക്ഷക്കൊമ്പുകളിൽ പറ്റം പറ്റമായിരിക്കുന്നു. ഇവയെല്ലാം പ്രകൃതി ഒരുക്കിയ അനുഗ്രഹത്തിന്റെ ലക്ഷണങ്ങളാണ്. നോഹയുടെ കാലത്തെ മലങ്കാക്കയ്ക്കും പ്രാവിനും ശേഷം പ്രവാചകനെ പോറ്റിയ ഒരു കാക്കയുണ്ട്. അത് അടുത്ത ലക്കത്തിൽ വായിക്കാം.


Statement about ownership and other particulars about 'JYOTHIMARGOM' as referred to be published about under rule of Registration of News Paper (Central) Rules, 1956

**(FORM I See Rule 3)**

| | |
|---|---|
| 1. Title of the News Paper | : JYOTHIMARGOM |
| 2. Language in which it is published | : Malayalam |
| 3. Periodicity of publication | : Monthly |
| 4. Date of publication | : Thirteenth Day of Every month |
| 5. Publishers Name | : Pastor P.G. Mathews |
| Nationality | : Indian |
| Addres | : Puthuparampil Jeswin Villa Kumbandu P.O., Thiruvalla, PTA |
| 6. Place of Publication | : Thiruvalla. |
| 7. Printer's Name | : Pastor P.G. Mathews |
| Nationality | : Indian |
| Address | : as above |
| 8. Name of the printing press where printing is conducted and the true precise decleration of the premises on which the press is installed | : Cochin Printech, Kalamasserry, Kochi. Kerala |
| 9. Editor's Name | : Pr. J.Joseph |
| Nationality | : Indian |
| Address | : P.O. Box 15 Eraviperoor P.O., PTA |
| 10. Owners Name | : Pastor P.G. Mathews |
| Nationality | : Indian |
| Address | : as above |

I, Pastor P.G. Mathews hereby declare that the particulars given above are true to the best of my knowledge and belief.

(Sd/-) Pastor P.G. Mathews

18-04-2017 (Printer & Publisher)


## ഭാരവാഹികളെ തിരഞ്ഞെടുത്തു

**കുന്നംകുളം:** 1982-ാമാണ്ട് കുന്നംകുളത്ത് പ്രവർത്തനം ആരംഭിച്ച പെന്തെക്കോസ്ത് സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് കുന്നംകുളം ചാപ്റ്ററിന്റെ 36-ാമത് വാർഷിക ജനറൽ ബോഡി 26-02-2017 ന് കുന്നംകുളം ലിവാ ടവറിൽ വെച്ച് നടത്തപ്പെട്ടു. യു.പി.എഫ് കേരളാ സ്റ്റേറ്റ് ജനറൽ സെക്രട്ടറി പാസ്റ്റർ ജോൺ ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് താഴെ പറയുന്ന ഭാരവാഹികളെ തിരഞ്ഞെടുത്തു. ചെയർമാൻ പാസ്റ്റർ എം.ജി.ഇമ്മാനുവേൽ, പ്രസിഡന്റ് പാസ്റ്റർ ബെന്നി ജോസഫ്, വൈസ് പ്രസിഡന്റുമാർ പാസ്റ്റർ കെ.എം.ജോൺസൺ. പാസ്റ്റർ എ.വി.ജോസ്, ജനറൽ സെക്രട്ടറി പാസ്റ്റർ രാജു കെ.റ്റി.ജോയിന്റ് സെക്രട്ടറി പാസ്റ്റർ അനിൽ തിമോത്തി, ട്രഷറാർ ബ്രദർ കെ.ജി.ജോയ്, കോഡിനേറ്റർ ബ്രദർ സി.ജെ.അബ്രഹാം, ലിറ്റ: സെക്രട്ടറി ബ്രദർ റോയ് പി.ജെ, പ്രയർ കൺവീനർ പാസ്റ്റർ ടി.പി.ജോസ്, പബ്ലി. കൺവീനർ ബ്രദർ സൈമൺ കെ.വി, അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ഡോ. സാജൻ സി.ജേക്കബ്, മിഷൻ കൺവീനർ: പാസ്റ്റർ കെ.എ.ഡേവീഡ്. മിഷൻ സെക്രട്ടറി പാസ്റ്റർ സി.സി.ജോൺ, വോളന്റിയർ ബ്രദർ കെ.ഐ.തമ്പി, ജോയിന്റ് വോളന്റിയർ പി.റ്റി.ജോസ്, വിജിലൻസ് പാസ്റ്റർ രാഹുൽ കുമാർ ഡീഗൽ എന്നിവരെ തിരഞ്ഞെടുത്തു.

## ഉപവാസ പ്രാർത്ഥനയും വിടുതൽ ശുശ്രൂഷയും

കാട്ടാക്കട : തൂങ്ങാംപാറ ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഇരുപത്തി ഒന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന ഏപ്രൽ 10 മുതൽ 30 വരെ രാവിലെ 10 മണിമുത്ൽ രാത്രി 9 മണിവരെ നടത്തപ്പെടുന്നു. പാസ്റ്റർമാരായ സി.സി തോമസ് ( സി.ജി.ഐ സ്റ്റേറ്റ് ഓവർസിയർ) പി.സി ചെറിയാൻ( റാന്നി) പി.എ ജെറാൾഡ്, സി.എം. വൽസലദാസ്, എം.ജെ. സണ്ണി (തൊടുപുഴ), റജി. ശാസ്താംകോട്ട, സുബാഷ്( കുമരകം, ജേക്കബ് ജോർജ് (നിലമ്പൂർ), രാജു (മുക്കാലി), സ്ക്കറിയ (മാവേലിക്കര), വർഗ്ഗീസ് ബോബി, ബൈജു (കാട്ടാക്കട), ജോൺസൺ (പാമ്പാടി) , സാം ( തൃശൂർ), ഒ.കെ. ദാസ്, ബിജു. എം, കുഞ്ഞുമോൻ ( ഓതറ), പി.കെ ജോയി, മോഹനൻ, ജയകുമാരൻ നായർ, സിസ്റ്റർ. സുമ അലക്സ്, ഇവാ: ജോസഫ് മറ്റത്തുകാല, തുടങ്ങിയ അഭിക്ഷിക്തരും കൃപാവരപ്രാപ്തരുമായ ദൈവദാസന്മാർ ശുശ്രൂഷിക്കുന്നു. പാസ്റ്റർ. കെ. ക്രിസ്തുദാസ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. ഫോൺ 9020691153

## യൂത്ത് കൺവൻഷൻ

സൗത്ത് ഫ്ലോറിഡ: ഐ.പി.സി.സൗത്ത് ഫ്ളോറിഡ സഭയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 2829 വരെ യൂത്ത് കൺവൻഷൻ സൺറൈസിൽ നടക്കും. വെള്ളിയാഴ്ച വൈകിട്ട് 7 ന് ആരംഭിക്കുന്ന കൺവെൻഷനിൽ പ്രശസ്ത യുവജന പ്രസംഗകൻ പാസ്റ്റർ റൂഫസ് മാത്യൂസ് വചനം പ്രസംഗിക്കും. 29 ശനിയാഴ്ച രാവിലെ 10ന് യൂത്ത് ചലഞ്ച് നടക്കും. യൂത്ത് ഡയറക്ടർ സാം ജോർജ്ജ്, പി.വൈ.പി.എ കോർഡിനേറ്റർമാരായ ജെയിൻ ജേക്കബ്, സാറാ ഗീവർഗീസ് എന്നിവർ നേതൃത്വം നല്കും.പാസ്റ്റർമാരായ കെ.സി.ജോൺ ഫ്ളോറിഡ, ജോൺ തോമസ് എന്നിവർ ഇവിടെ ശുശ്രൂഷിക്കുന്നു.




# നിത്യതയിൽ

## തിരുവട്ടാർ കൃഷ്ണൻകുട്ടി യാത്രയായി



**കോലഞ്ചേരി:** അരനൂറ്റാണ്ടിലേറെ ബ്രദറൺ-പെന്തെക്കോസ്ത് വേദികളിൽ അനർഗളമായി പ്രവഹിച്ച സുവിശേഷ പ്രഭാഷണത്തിന്റെ ഒഴുക്ക് നിലച്ചു. പണ്ഡിതനും, വാഗ്മിയും, ഗ്രന്ഥകാരനുമായ സുവി. ആർ കൃഷ്ണൻകുട്ടി യാത്രയായി. 81 വയസായിരുന്നു. സംസ്കാരം വാളകം ബ്രദറൺ സഭയുടെ നേതൃത്വത്തിൽ നടന്നു.

കന്യാകുമാരിയിലെ തിരുവട്ടാറിൽ യാദവ കുടുംബത്തിൽ ജനിച്ച ആർ കൃഷ്ണൻ കുട്ടി യാദവ് 1957 ലാണ് ക്രിസ്തുവിനെ കണ്ടുമുട്ടുന്നത്. യേശുദാസ് എന്ന ബാല്യകാല സ്നേഹിതനാണ് കൃഷ്ണൻ കുട്ടിയെ ക്രിസ്തുവിലേക്ക് നയിച്ചത്. അതുവരെ മാർസിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. രക്ഷിക്കപ്പെട്ട കൃഷ്ണൻകുട്ടി സുഹൃത്തുക്കളോടു കൂടെ വലവിള എന്ന സ്ഥലത്ത് സാധു ദേവനേശ്വരൻ എന്ന സന്യാസിയുടെ ആശ്രമത്തിൽ എത്തി അദ്ദേഹത്തിന്റെ കൈക്കീഴിൽ സ്നാനമേറ്റു. പെന്തെക്കോസ്ത് ആശയങ്ങൾ പ്രകാരം ജീവിച്ചിരുന്ന സന്യാസിയായിരുന്നു സാധു ദേവനേശ്വരൻ. സ്നാനമേറ്റ അന്നുരാത്രിയൽ ആണ് തിരുവട്ടാർ ആദ്യമായി സുവിശേഷപ്രസംഗം നടത്തുന്നത്. അന്നു മുതൽ പ്രായാധിക്യത്താൽ ക്ഷീണിതനാകുന്നതുവരെയും ഇട തടവില്ലാതെ അദ്ദേഹം പ്രഭാഷണ വേദികളിൽ വേറിട്ട ശബ്ദമായി.

ആദ്യഘട്ടത്തിൽ സി.എസ്.ഐ.സഭയുടെ വേദികളിലാണ് അവസരങ്ങൾ ലഭിച്ചത്. അലഞ്ഞുതിരിഞ്ഞ് നടന്ന് പ്രസംഗിച്ചു നടന്ന കാലത്തിനുശേഷം ബ്രദറൺ സഭയുടെ ഭാഗമായിമാറി. സഭയുടെ അതിരുകൾക്കപ്പുറത്ത് പെന്തെക്കോസ്തു സഭകളോടും പ്രവർത്തകരോടും നന്നായി സഹകരിച്ച തിരുവട്ടാറിന് ധാരാളം പെന്തെക്കോസ്ത് വേദികൾ ലഭിച്ചിരുന്നു. കത്തോലിക്കാ സഭയുടെ പഠിപ്പിക്കലുകൾക്കും മറ്റ് ദുരുപദേശങ്ങൾക്കുമെതിരെ ധൈര്യപൂർവ്വം പടവാളുയർത്തിയ ആദ്ദേഹം ഹൈന്ദവ മുസ്ലിം മതങ്ങളെകുറിച്ച് അഗാധ പാണ്ഡിത്യമുള്ള വ്യക്തിയും ആ തത്വശാസ്ത്രങ്ങൾക്കെതിരെ യേശുവിനെ ഉയർത്തുന്നതിൽ അസാധാരണ മികവുമുണ്ടായിരുന്നു.

35 ലധികം ഗ്രന്ഥങ്ങൾ രചിച്ചു. ഭാരതീയ മതസംഗ്രഹം, ക്രിസ്തു ചരിത്രപുരുഷൻ, യേശുക്രിസ്തു വിപ്ലവകാരി, അപ്പോസ്തലനായ പൗലോസ് എന്നിവ ഏറെ പ്രസിദ്ധമാണ്. മുസ്ലിം മത പ്രവാചകരുടെ ബൈബിൾ വിമർശനങ്ങൾക്കും ക്രിസ്തു വിമർശനങ്ങൾക്കുമെതിരെ ശക്തമായി പ്രതികരിച്ച ഗ്രന്ഥങ്ങളും ഏറെ പ്രസിദ്ധമാണ്.

മലയാളി വിശ്വാസ സമൂഹത്തിൽ അരനൂറ്റാണ്ടിലേറെ കത്തിശോഭിച്ച വിളക്കായിരുന്നു ആർ കൃഷ്ണൻകുട്ടി എന്ന തിരുവട്ടാർ. ആ മഹാ പ്രതിഭയ്ക്ക് കണ്ണീരോടും പ്രത്യാശയോടും കൂടെ മലയാളി വിശ്വാസസമൂഹം യാത്രാമൊഴി നൽകുന്നു. ഭാര്യ: കൃഷ്ണഗിരി കവനാകുടിയിൽ എൽസി. മക്കൾ: കൃപജ കെ.യാദവ്, ക്രിസ് കെ.യാദവ്. മരുമകൻ: വത്സൻ

### ഏലിയാമ്മ മാത്തൻ



**കോന്നി:** പരേതനായ ഉള്ളാട്ട് മാത്തൻ-മറിയാമ്മ ദമ്പതികളുടെ മകളും ചർച്ച് ഓഫ് ഗോഡ് സഭാംഗവുമായ ആനകുത്തി ഒഴുമണ്ണിൽ എബനേസറിൽ ഏലിയാമ്മ മാത്തൻ (അമ്മിണി-90) കർത്താവിൽ നിദ്രപ്രാപിച്ചു സംസ്കാര ശുശ്രൂഷ കോന്നി സഭയുടെ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി.തോമസിന്റെ നേതൃത്വത്തിൽ നടത്തി. ഭവനത്തിൽ നടന്ന ശുശ്രൂഷയിൽ സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ.ജോസഫ്, ജോയിന്റ് സെക്രട്ടറി പാസ്റ്റർ തോമസുകുട്ടി ഏബ്രഹാം ഉൾപ്പെടെ അനേകം കർത്തൃദാസന്മാരും വിശ്വാസി പ്രതിനിധികളും പൊതു പ്രവർത്തകരും അനുശോചനമറിയിച്ചു. പാസ്റ്റർമാരായ റ്റി.തോമസ്, റ്റി.ജയിംസ്, തോമസ് യോഹന്നാൻ എന്നിവർ സഹോദര മക്കളാണ്.

### കെ. വി. ഏബ്രഹാം പൊന്നോലിൽ



**ഫ്ളോറിഡ:** ഒർലാന്റോ ഇന്ത്യാ പെന്തക്കോസ്ത് സഭാംഗവും പത്തനംതിട്ട കടമ്മനിട്ട ചാന്തുകാവ് പൊന്നോലിൽ കുടുംബാഗവുമായ ബ്രദർ കെ.വി. ഏബ്രഹാം നിര്യാതനായി. സംസ്ക്കാര ശുശ്രൂഷകൾ സഭാ സീനിയർ ശുശ്രൂഷകൻ റവ.ജേക്കബ് മാത്യൂവിന്റെ മുഖ്യ കാർമ്മികത്വത്തിലും വിവിധ സഹ ശുശ്രൂഷകന്മാരുടെ നേതൃത്വത്തിലും ഭൗതീക ശരീരം വുഡ് ലോൺ സെമിത്തേരിയിൽ ഭാര്യ: ശോശാമ്മ ഏബ്രഹാം പത്തനംതിട്ട മുള്ളൂട്ടിൽ മുണ്ടുകോട്ടയ്ക്കൽ കുടുംബാംഗമാണ്. പ്രവാസി മലയാളികൾക്കേവർക്കും സുപരിചിതനും വിവിധ മലയാളി പെന്തക്കോസ്ത് കോൺഫ്രൻസുകളുടെ ദേശീയ ഭാരവാഹിയും, നോർത്തമേരിക്കൻ പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം മുൻ നാഷണൽ സെക്രട്ടറിയുമായ രാജു പൊന്നോലിലിന്റെ പിതാവാണ് പരേതൻ. മറ്റ് മക്കൾ: പരേതനായ ജോസ് പൊന്നോലിൽ, സാം പൊന്നോലിൽ (NY), പാസ്റ്റർ ജെയിംസ് പൊന്നോലിൽ (ഐ.പി.സി വർഷിപ്പ് സെന്റർ,ഓസ്റ്റിൻ), ബാബു പൊന്നോലിൽ (ഫ്ളോറിഡ), മാത്യു പൊന്നോലിൽ (NY), മേഴ്സി തോമസ് (UK). മരുമക്കൾ: ആലീസ് ഏബ്രഹാം, മേഴ്സി സാം, കൊച്ചുമോൾ ജെയിംസ്, വത്സമ്മ ബാബു, മറിയാമ്മ ഏബ്രഹാം, പാസ്റ്റർ സാമുവേൽ തോമസ് ( മാഞ്ചസ്റ്റർ ക്രിസ്ത്യൻ അസംബ്ലി UK), സിബി ഏബ്രഹാം.

### പാസ്റ്റർ തോമസ് ജോസഫ്



**പുനലൂർ:** വട്ടമൺ ഐ.പി.സി ആരംഭകാല വിശ്വാസിയും പുനലൂർ ടൗൺ ഐ.പി.സി (മണ്ണൂർ സെന്റർ) ശുശ്രൂഷകനും റവ: ജോസഫ് വില്യംസിന്റെ മൂത്ത സഹോദരനുമായ പാസ്റ്റർ. തോമസ് ജോസഫ് 73 (തോപ്പിൽ തമ്പിച്ചായൻ) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം പ്ലാച്ചേരി സെമിത്തേരിയിൽ നടത്തി. ഭാര്യ: കുഞ്ഞമ്മ. മക്കൾ: അജയ് തോമസ്, അലൻ, സുവി. എബി.

### എൽസമ്മ കോട്ടയം

**പാമ്പാടി:** ഹെബ്രോൻ ഗോസ്പൽ മിഷൻ ഡയറക്ടർ, പാസ്റ്റർ കെ സി മനോജിന്റെ ഭാര്യയും ഹെബ്രോൻ ഗോസ്പൽ മിഷന്റെ സെക്രട്ടറിയും സുവിശേഷ പ്രസംഗികയുമായിരുന്ന സിസ്റ്റർ എൽസമ്മ കോട്ടയം (46 ) കർത്താവിൽ നിദ്ര പ്രാപിച്ചു. പാമ്പാടി റെഡ്ക്രോസ് ഓഡിറ്റോറിയത്തിലെ ശുശ്രൂഷക്കു ശേഷം, കൊട്ടാരക്കരയിലുള്ള മഹനയി പെന്തകോസ്ത് മിഷന്റെ ഡീസെന്റ് മുക്കിലുള്ള സെമിത്തേരിയിൽ സംസ്കരിച്ചു. ഏകമകൾ അക്സ എൽസ മനോജ് കോയമ്പത്തൂർ S.I.B.B.C യിൽ M.A കൗൺസിലിംഗ് വിദ്യാർത്ഥിനിയുമാണ്.

### പാസ്റ്റർ സി. പി. ഏബ്രഹാം



**കരുണാപുരം:** ഹൈറേഞ്ചിലെ ആദ്യകാല പെന്ത ക്കോസ് ത് സഭാ പ്രവർത്തകനും ഇന്ത്യാ പെന്തെക്കോസ് ദൈവസഭ കരുണാപുരം ഏരിയാ മുൻ പ്രസിഡന്റുമായ ചക്കാലയ്ക്കൽ പാസ്റ്റർ സി.പി. ഏബ്രഹാം (കരുണാപുരം അവറാച്ചൻ – 89) നിര്യാതനായി. സംസ്ക്കാരം ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം കരുണാപുരം ഐ.പി.സി എബനേസർ ചർച്ച് സെമിത്തേരിയിൽ നടത്തി. പരേതൻ കോട്ടയം പുതുപ്പള്ളിയിൽ നിന്നും 56 വർഷം മുമ്പ് കരുണാപുരത്തെത്തി. നിരവധി സഭകൾ സ്ഥാപിച്ചു. ഭാര്യ: തലപ്പാടി തെക്കേക്കുറ്റ് പരേതയായ രൂത്ത്. മക്കൾ: മറിയാമ്മ ജോർജ്ജ്, ലീലാമ്മ ഏബ്രഹാം (യു.എസ്.എ), മേഴ്സി ആൻഡ്രൂസ്, പാസ്റ്റർ ഫിലിപ്പോസ് ഏബ്രഹാം (ഐ.പി.സി രാജകുമാരി), സാലി മോനായി (ഉത്തമസ്ത്രീ മാസിക, ചീഫ്എഡിറ്റർ). മരുമക്കൾ: അടൂർ കാരിക്കോട്ട് പാസ്റ്റർ പി. ജെ. ജോർജ് (ഐ.പി.സി രാജാക്കണ്ടം), കൊച്ചറ നെല്ലിക്കാക്കുഴി ഏബ്രഹാം തോമസ് (യു.എസ്.എ), നരിയംപാറ കുന്നേൽ പാസ്റ്റർ കെ. എസ്. ആൻഡ്രൂസ് (ഐ.പി.സി കട്ടാക്കാനം), വെള്ളത്തൂവൽ പാണക്കുഴിമലയിൽ ഗ്രേസി, തിരുവല്ല മുത്തൂർ ചിറയിൽ പാസ്റ്റർ സി.പി. മോനായി (ചീഫ്എഡിറ്റർ, സുഭാഷിതം).

### അന്നമ്മ ജോർജ്



**വാളകം:** ഇന്ത്യാദൈവസഭ അംഗവും പാണക്കാട് പുത്തൻവീട്ടിൽ പരേതനായ ജോർജിന്റെ ഭാര്യയുമായ അന്നമ്മ ജോർജ് (83) നിര്യാതയായി. സംസ്കാരം വാളകം ദൈവസഭാസെമിത്തേരിയിൽ നടത്തി. ഡിസ്ട്രിക്ട് ശുശ്രൂഷകൻ പാസ്റ്റർ ഏബ്രഹാം മാത്യുവും വാളകം സഭ ശുശ്രൂഷകൻ പാസ്റ്റർ പി.റ്റി. മാത്യുവും ശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചു. ഭവനത്തിൽ അവസാന ശുശ്രൂഷയും സെമിത്തേരിയിലെ ശുശ്രൂഷയും പാസ്റ്റർ എം.കുഞ്ഞപ്പി നിർവഹിച്ചു. പാസ്റ്റർ എം.കുഞ്ഞപ്പിയുടെ പിതാവിന്റെ ഇളയ സഹോദരിയാണ് അന്നമ്മ ജോർജ്. മക്കൾ ജോയി ജോർജ്, ബാബു ജോർജ്, ബേബി ജോർജ്, പൊന്നമ്മ, ലീലാമ്മ. മരുമക്കൾ: കുഞ്ഞുമോൾ, റോസമ്മ, ശാന്തമ്മ, ശാമുവേൽ കുട്ടി, മത്തായി കുട്ടി.

### തങ്കമ്മ ജോയി



**അതിരുങ്കൽ:** ദൈവസഭാംഗവും, മണ്ണാത്തകുഴിയിൽ എം.പി.ജോയിയുടെ സഹധർമ്മിണിയുമായ തങ്കമ്മ ജോയി (61) നിത്യതയിൽ ചേർക്കപ്പെട്ടു. ഭവനത്തിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ സൈമൺ കുട്ടി നേതൃത്വം കൊടുത്തു. സംസ്കാര ശുശ്രൂഷ അതിരുങ്കൽ ദൈവസഭാ സെമിത്തേരിയിൽ പാസ്റ്റർ എം.കുഞ്ഞപ്പി നിർവഹിച്ചു. ദൈവസഭയുടെ കാരായ്മ ബൈബിൾ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിനിയായിരുന്നു. പാസ്റ്റർമാരായ കെ. എം. തോമസ്, ശാമുവേൽ ഫിലിപ്പ്, പാസ്റ്റർ തോമസ് കുട്ടി ഏബ്രഹാം, പാസ്റ്റർ കെ.കെ. ദാസ്, പാസ്റ്റർ എം. എം.കുര്യാക്കോസ്, പാസ്റ്റർ കെ.പി. തോമസ് തുടങ്ങിയവർ അനുശോചന സന്ദേശങ്ങൾ അറിയിച്ചു. മേരിക്കുട്ടി, ബേബിക്കുട്ടി, അന്നമ്മ, അമ്മിണി, പെണ്ണമ്മ, ലിസി എന്നിവർ പരേതയുടെ സഹോദരങ്ങളാണ്.

### എലൻ ടി ജോർജ്



**വെള്ളാപ്പള്ളി:** ദൈവസഭാംഗവും, ചെറിയ കളത്തിൽ പാസ്റ്റർ തോമസ് ജോർജിന്റെ രണ്ടാമത്തെ മകനുമായ എലൻ റ്റി ജോർജ് ഡൽഹിയിൽ നിര്യാതനായി സംസ്കാരം വെള്ളാപ്പള്ളി ദൈവസഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി.സി.തോമസ് നിർവഹിച്ചു. പാസ്റ്റർ സണ്ണി പി.ശാമുവേൽ, ഡിസ്ട്രിക് പാസ്റ്റർ റ്റി.എം. മാമ്മച്ചൻ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. കൗൺസിൽ മെമ്പേഴ്സ്, ഡിസ്ട്രിക് പാസ്റ്റേഴ്സ്, സീനിയർ ശുശ്രൂഷകന്മാർ മുൻ ഓവർസീയർ പാസ്റ്റർ എം.കുഞ്ഞപ്പി, ഡോ.ലൂയിസുകുട്ടി, സഭാ, സാമുദായിക രാഷ്ട്രിയ നേതാക്കന്മാരും അനുശോചനം അറിയിച്ചു. സീനിയർ പാസ്റ്റർ ബി.എസ്സ് ജോൺസന്റെ മകളും, മുൻ ഓവർസീയർ പാസ്റ്റർ കെ.എം.തങ്കച്ചന്റെ കൊച്ചുമകളുമായ ഫേബയാണ് എലൻ റ്റി.ജോർജിന്റെ സഹധർമ്മിണി, ഒരു മകനുണ്ട്.

### റോയി മാത്യു



**നാട്ടകം :** നാട്ടകം സയോൺ ഹിൽ പരേതനായ കെ.റ്റി.മാത്യുക്കുട്ടി, സാറാമ്മ മാത്യു എന്നിവരുടെ മകനും ചിക്കാഗോ ഇന്റർനാഷണൽ പെന്തെക്കോസ്തു അസംബ്ലി സഭാംഗവുമായ റോയി മാത്യു (59) ചിക്കോഗോയിൽ വച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. മീനടം കിഴക്കേടത്ത് പാസ്റ്റർ കെ.ജെ.ജോസഫ് (വൈദ്യൻ) അന്നമ്മ എന്നിവരുടെ മകൾ ലില്ലിക്കുട്ടിയാണ് ഭാര്യ. രണ്ടുമക്കളുണ്ട് രഞ്ജിത്ത്, റീനു. മരുമകൻ ഡാനു. സംസ്കാരം ചിക്കാഗോ, ഇന്റർനാഷണൽ പെന്തെക്കോസ്തു അസംബ്ലി സഭയുടെ നേതൃത്വത്തിൽ റവ.ജോസഫ് കെ.ജോസഫ് നിർവഹിച്ചു. റോണി, പരേതനായ റോബി (കൊച്ചുമോൻ), റീനാ എന്നിവർ സഹോദരങ്ങളാണ്. പാക്കിൽ ചർച്ച് ഓഫ് ഗോഡിന്റെ ആരംഭം മാത്യുക്കുട്ടി സാറിന്റെ ഭവനത്തിലായിരുന്നു. സാറാമ്മ ടീച്ചറും, മാത്യുകുട്ടി സാറും വിലപ്പെട്ടസംഭാവനകൾ ഈ സഭയുടെ ആരംഭം മുതൽ ചെയ്തിട്ടുണ്ട്.

### പാസ്റ്റർ രാജൻ പരുത്തിമൂട്ടിൽ



**ഡാളസ്:** എടത്വാ പരിത്തിമൂട്ടിൽ കുഞ്ഞച്ചൻ ഉപദേശിയുടെ കൊച്ചുമകനും ചെറിയാൻ ഫിലിപ്പ് തങ്കമ്മ ദമ്പതികളുടെ മൂത്തമകനുമായ പാസ്റ്റർ രാജൻ പരിത്തിമൂട്ടിൽ (76) മാർച്ച് 24 വെള്ളിയാഴ്ച രാവിലെ 6.50ന് അമേരിക്കയിൽ വെച്ച് താൻ പ്രിയം വെച്ച കർതൃസന്നിധിയവെച്ച് ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ മാർച്ച് 26 ന് മെസ്ക്കീറ്റിലുള്ള ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിൽ ആരംഭിച്ച് 6 മണിക്ക് ന്യൂഹോപ്പ് ഫ്യൂണറൽ ഹോം സെമിത്തേരിയിൽ പാസ്റ്റർ പി. ജെ. ജെയിസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. അനേക ദൈവമക്കളും ദൈവദാസന്മാരും ഈ ശുശ്രൂഷകളിൽ പങ്കെടുത്തു. പാസ്റ്റർ രാജൻ തന്റെ ശുശ്രൂഷയുടെ പ്രാരംഭ സമയങ്ങളിൽ റാന്നിയുടെ കിഴക്കൻ മേഖലകളിൽ സുവിശേഷത്തിനു വേണ്ടി അദ്ധ്വാനിച്ചു. ചർച്ച് ഓഫ് ഗോഡിന്റെ പെരുനാട്, വലിയകാവ്, മണ്ണാരക്കുളഞ്ഞി, ഇട്ടിയപ്പാറ എന്നീ സഭകളുടെ ശുശ്രൂഷകനായി സേവനമനുഷ്ഠിച്ചു. മോതിരവയൽ ദൈവസഭ തന്റെയും സഹധർമ്മിണി മറിയാമ്മ രാജന്റെയും ശ്രമഫലമായി സ്ഥാപിതമായതാണ്. 1996ൽ താൻ കുടുംബസമ്മേതം അമേരിക്കയിൽ കടന്നു പോകുകയും ഡാളസ് ചർച്ച് ഓഫ് ഗോഡിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇടക്കാലത്ത് ശാരിരിക പ്രയാസങ്ങൾ അലട്ടിയിരുന്നെങ്കിലും തന്റെ തൂലികയുലൂടെ അമേരിക്കയിലുള്ള മലയാളം പത്രങ്ങളിലും പെന്തക്കോസ്ത് മാസികകളിലും ലേഖനങ്ങൾ എഴുതുകയും അത് അനേക വായനക്കാർക്ക് അനുഗ്രഹകരമാകുകയും ചെയ്തു. ആരാധന, സർവ്വേശസമാനസമാഹാരം എന്നീ പുസ്തകങ്ങളുടെ രചയിതാവാണ്. പെന്തക്കോസ്ത് റൈറ്റേഴ്സ് ഫെല്ലോഷിപ്പിന്റെ അവാർഡിന് 3 തവണ അർഹനായി. ഭാര്യ: പരേതയായ മറിയാമ്മ, മക്കൾ: ലവ്‌ലി, ലെവി, ലോഡ്സൺ, മരുമക്കൾ: പാ. ഷാജി തോമസ്, ബ്രൈറ്റി, സുനിത, കൊച്ചുമക്കൾ: ഷാലോം, ഷെർലിൻ, ലെബ്രിൻ, ലെവിൻ, ക്രിസ്റ്റി, ക്രിസ്റ്റിൻ, ക്രിഷാന.

## വനിതാക്യാമ്പും കൺവൻഷനും

**എറണാകുളം:–** യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പ് 14–ാമത് സംസ്ഥാന വനിതാക്യാമ്പ് 2017 ഏപ്രിൽ 27 വ്യാഴം ഉച്ചയ്ക്ക് 1 മണി മുതൽ 29 ശനി ഉച്ചയ്ക്ക് 1 മണി വരെ എറണാകുളം മനയ്ക്ക കടവിൽ (വീഗാലാൻഡിന് സമീപം) ട്രിനിറ്റി വർഷിപ്പ് സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. 27 വ്യാഴം ഉച്ചയ്ക്ക് 2 മണിക്ക് ആരംഭിക്കുന്ന ക്യാമ്പ് രക്ഷാധികാരി റവ. തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. ക്യാമ്പിന്റെ വിവിധ സെക്ഷനുകളിലായി പാസ്റ്റർമാരായ വർഗ്ഗീസ് ഏബ്രഹാം, സാം ജി. വർഗ്ഗീസ്, ബിജു സി. എക്സ്, വൈ. റെജി സഹോദരിമാരായ ലീലാമ്മ ശാമുവേൽ, ശോഭാകാർഡ്സ്, സിസി ബാബു, ഗിരിജാ സാം, ജോളി രാജു, മേഴ്സി തോമസ്, സോജി സാംസൺ, സിന്ധുഗിരീജൻ, ഷേർളി സണ്ണി, ഷീജാ സോളമൻ തുടങ്ങിയവർ പ്രസംഗിക്കും. "അവൾ തന്നാൽ ആവതു ചെയ്തു" എന്നതാണ് ക്യാമ്പിന്റെ ചിന്താവിഷയം. ക്യാമ്പ് ഫീസ് ഇല്ല. ക്യാമ്പിലേക്ക് തൃപ്പൂണിത്തറയിൽ നിന്നും 27 വ്യാഴം പകൽ 12 മണിക്ക് പ്രത്യേക വാഹന സൗകര്യം ഉണ്ടായിരിക്കും. ഹോളി ബീറ്റ് ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. ഫോൺ: 98950 91969

JYOTHIMARGOM
P.O.Box-15, Eraviperoor P.O.,
Tiruvalla-689 542, Pathanamthitta
Ph : 9447455820, 9048869944

33rd Years of Publications
JYOTHIMARGOM
Most Popular Christian News Paper
email : jyothimargom@gmail.com, Web: www. jyothimargom.com

LICENCE NO.KL/TLA/112/2015-2017
Posted on 20th April 2017 at RMS Tiruvalla
Published on 18th April 2017
RNI.No.KER MAL/2002/8041



# ഹാർട്ട് ബ്ലോക്കിന് ഒറ്റമൂലിയുമായി



## ബിനോയ് വൈദ്യനും കുടുംബവും തിരുവല്ലായിൽ

ഹൃദയധമനികളിൽ ബ്ലോക്കുണ്ട്. ആൻജിയോ പ്ലാസ്റ്റിയോ ഓപ്പൺ ഹാർട്ട് സർജറിയോ അല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല എന്ന് വിധിയെഴുതിയ രോഗികളോട് കണ്ണൂർ ജില്ലയിലെ പയ്യന്നൂർ കണ്ടോത്ത് നവജ്യോതി ആയുർവേദ ഹോം ഹെറിറ്റേജ് ഹോസ്പിറ്റൽ നടത്തുന്ന ചെറുപ്പക്കാരൻ ബിനോയ് വൈദ്യനും കുടുംബത്തിനും ഒരു അപേക്ഷയുണ്ട്. "ഹാർട്ട് സർജ്ജറിക്ക് ലക്ഷക്കണക്കിന് രൂപ ചിലവ് വരും. ഡോക്ടറുമായി നിങ്ങൾ തീയതി നിശ്ചയിക്കുമ്പോൾ കുറച്ചുദിവസം മുന്നോട്ടാക്കി നിശ്ചയിക്കുക. എന്നിട്ട് നിങ്ങൾ പയ്യന്നൂരുള്ള എന്റെ വീട്ടിൽ വരിക. ഇവിടെ രണ്ടോ മൂന്നോ ദിവസം താമസിച്ച് പച്ചമരുന്ന് ചികിത്സക്ക് വിധേയമാകുക. കുറച്ചുമാസങ്ങൾക്ക് ശേഷം തിരികെ ചെന്ന് ആൻജിയോഗ്രാം ഉൾപ്പെടെയുള്ള വൈദ്യപരിശോധനകൾ ചെയ്തു നോക്കുക."

വീണ്ടും ആവശ്യമെന്ന് ടെസ്റ്റുകളിൽ തെളിഞ്ഞാൽ മാത്രം ഓപ്പറേഷന് വിധേയമാകുക.

ഇതുപറയുമ്പോൾ ബിനോയ് വൈദ്യർ പൂർണ്ണ ആത്മവിശ്വാസത്തോടെ അവകാശപ്പെടുന്നു ഇവിടുത്തെ ചികിത്സയും കൃത്യമായ പഥ്യവും കഴിഞ്ഞ് പരിശോധന നടത്തുമ്പോൾ ഒരു ബ്ലോക്കും ഉണ്ടായിരിക്കയില്ല. ഇവിടുത്തെ ചികിത്സ വളരെ ഫലപ്രദമാണെന്ന് നിരവധി അനുഭവസ്ഥരുടെ സാക്ഷ്യങ്ങൾ തെളിവായി പറയുവാനുണ്ട്.

ക്രമരഹിതവും അമിതവുമായ ഭക്ഷണശീലങ്ങൾ, വ്യായാമം ഇല്ലാത്ത ശരീരം, മദ്യപാനം, പുകവലി, തുടങ്ങി ലഹരി ഉപയോഗം എന്നിവയൊക്കെയാണ് ഹൃദയസംബന്ധമായ രോഗങ്ങളുടെ അടിസ്ഥാന കാരണം.

കേരളത്തിൽ ഹൃദയരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. അതുമാത്രമല്ല, ഹൃദയരോഗികൾക്ക് അലോപ്പതി ചികിത്സ ഭീമമായ സാമ്പത്തിക ബാധ്യതയുമാണ് ഉണ്ടാക്കുന്നത്. ഈ ചിലവുകൾ താങ്ങാനാവാതെ സാധാരണക്കാർ വലയുന്ന സാഹചര്യത്തിലാണ് ബിനോയ് വൈദ്യരുടെ ചിലവുകുറഞ്ഞ ചികിത്സാ രീതി അനേകർക്ക് ആശ്വാസമാകുന്നത്.

ആലപ്പുഴ ജില്ലയിൽ കായംകുളത്തു നിന്ന് അരനൂറ്റാണ്ടുകൾക്ക് മുൻപ് മലബാറിലെ നിലമ്പൂരിനടുത്ത് വെള്ളാരമുണ്ടയിലേക്ക് കുടിയേറിയ കാഞ്ഞിരപ്പറമ്പിൽ ജേക്കബിന്റെ കൊച്ചുമകനാണ് ബിനോയ് വൈദ്യൻ. പിതാവ് കെ.ജെ.മത്തായി. അമ്മ മോളി.

കപ്പയും മുളയരിയും ഭക്ഷണമാക്കി മണ്ണിനോട് പടവെട്ടി കനകം വിളയിച്ച കർഷക കുടുംബത്തിൽ നിന്നാണ് പാരമ്പര്യ ചികിത്സയുടെയും നാട്ടു വൈദ്യത്തിന്റെയും പിൻബലത്തോടെ ബിനോയ് വൈദ്യനും കുടുംബവും തന്റെ ചികിത്സാ രീതികൾ വികസിപ്പിച്ചെടുത്തത്. ഓരോ പച്ചമരുന്നും തങ്ങൾ തന്നെ ശേഖരിച്ച് വൃത്തിയാക്കി കൃത്യമായ രീതിയിൽ പ്രാർത്ഥനാപൂർവ്വം മരുന്നുകൾ തയ്യാറാക്കുന്നു. ഇത് മെഗാ ബിസിനസ് ആക്കാനോ വ്യവസായിക അടിസ്ഥാനത്തിൽ മരുന്ന് ഉൽപ്പാദിപ്പിച്ച് ലാഭം കൊയ്യുവാനോ താത്പര്യമില്ലെന്നും ഞങ്ങളെ നേരിട്ട് സമീപിക്കുന്ന രോഗിയെ താമസിപ്പിച്ച് മരുന്നും പഥ്യാഹാരങ്ങളും നൽകി പ്രാർത്ഥനാപൂർവ്വം ചികിത്സ നൽകി രോഗ സൗഖ്യത്തിലേക്ക് നയിക്കുക എന്നതാണ് തന്റെ ലക്ഷ്യം. നിരവധി ഗുരുക്കന്മാരുടെയും കേരളത്തിനകത്തും പുറത്തുമുള്ള നിരവധി വൈദ്യന്മാരുടെയും ശിഷ്യത്വം സ്വീകരിച്ച് പഠിച്ച ചികിത്സാ രീതികളും മലബാറിലെ നാട്ടുചികിത്സയും സംയോജിപ്പിച്ചാണ് ബിനോയ് വൈദ്യൻ ചികിത്സയുടെ പടവുകൾ കയറുന്നത്.

ഹൃദയരോഗങ്ങൾ മാത്രമല്ല ഡിസ്ക് തകരാറുമൂലം എഴുന്നേറ്റ് നടക്കാൻ പോലും സാധിക്കാത്ത നിരവധി രോഗികൾക്ക് തന്റെ പ്രത്യേക ബോൺ സെറ്റിംഗ് ചികിത്സയിലൂടെ ആശ്വാസം ലഭിച്ചതായി നിരവധി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

അതുപോലെ സോറിയാസിസ് ഒരു പ്രധാന രോഗമാണ്. സോറിയാസിസ് വന്ന് സൗഖ്യമാകാതെ ആത്മഹത്യ ചെയ്തവരേപ്പോലും തനിക്കറിയാം. ഇതിനോടകം നിരവധി പേർ കൃത്യമായ പഥ്യത്തിലൂടെ സോറിയാസിസ് എന്ന മാരകരോഗത്തിൽ നിന്ന് വിടുതൽ പ്രാപിക്കുവാൻ ഞങ്ങളുടെ പച്ചമരുന്ന് ചികിത്സ മൂലം സാധിച്ചതായും അദ്ദേഹം പറയുന്നു. അതോടൊപ്പം താരൻ, പൈൽസ്, വാതരോഗങ്ങൾ, മൂത്രത്തിൽ കല്ല്, തുടങ്ങി നിരവധി രോഗങ്ങൾക്ക് വൈദ്യനും കുടുംബവും ഔഷധങ്ങൾ നൽകി വരുന്നു. മധ്യതിരുവിതാംകൂറിലെ ആളുകൾക്ക് മലബാർ വരെ യാത്ര ചെയ്യാതെ ചികിത്സക്കായി തിരുവല്ലയിൽ ശാരോൻ ഫെലോഷിപ്പിന് സമീപം, കാട്ടൂക്കര റോഡിൽ നവജ്യോതി ആയുർവേദ ഹോം ഹെറിറ്റേജ് ഹോസ്പിറ്റലിന്റെ പ്രവർത്തനം ബിനോയ് വൈദ്യൻ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷമായി ജനങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

**വിളിക്കേണ്ട നമ്പർ:**
**9048712570, 9400566214, 9496214000**



ഞങ്ങളുടെ സേവനങ്ങൾ
ഡൊമസ്റ്റിക് & ഇന്റർ നാഷണൽ വിമാന ടിക്കറ്റുകൾ
സൗദി. യു.എ.ഇ, ഖത്തർ, മസ്ക്കറ്റ് എന്നീ രാജ്യങ്ങളിലേയ്ക്കുള്ള വിസിറ്റ് വിസകൾ
സിംഗപ്പൂർ, മലേഷ്യ, ഹോളിലാന്റ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ടൂർ പാക്കേജുകൾ
പാസ്പോർട്ട്, വിസ സ്റ്റാംബിംഗ്, എമിഗ്രേഷൻ
ഡൊമസ്റ്റിക് & ഇന്റർ നാഷണൽ ടൂർ പാക്കേജുകൾ
ടിക്കറ്റ് റി-കൺഫർമേഷൻ & റി-ബുക്കിംഗ്
എമിഗ്രേഷൻ ക്ലിയറൻസ് & പാസ്പോർട്ട് അസിസ്റ്റൻസ്
ട്രാവൽ ഇൻഷുറൻസ് & സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

JUBILANT COMMERCE
JUBILANT
TRAVEL & TOURS
Ist Floor, SCS Building, SCS Jn, Thiruvalla-689101
Ph: 0469 2604007,2730007
Mob: 8281402373, 9747206960
E-mail:-jubilanttravels@gmail.com

മദ്ധ്യതിരുവിതാംകൂറിലെ തിരക്കേറിയ ജീവിതത്തിൽ
ബസ്സ്- വിമാന യാത്രകൾക്ക് ഞങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുക
ബസ് ബുക്കിംഗ്
എല്ലാ ദിവസവും
ബാംഗ്ലൂർ, മംഗലാപുരം, മണിപ്പാൽ, മൂകാംബിക, ചെന്നൈ, കോയമ്പത്തൂർ, മുംബൈ, വേളാങ്കണ്ണി, മൈസൂർ, ഹൈദ്രാബാദ്, പോണ്ടിച്ചേരി, ഗോവ, വെല്ലൂർ



പാസ്പോർട്ട് അപ്പോയ്മെന്റ് ഓൺലൈനിൽ ചെയ്തു കൊടുക്കുന്നതാണ്.





വിവാഹ വിനോദയാത്രകൾക്ക് ആവശ്യമായ ടൂറിസ്റ്റ് ബസ്സുകളും ചെറുവാഹനങ്ങളും ലഭ്യമാണ്.
Shyamaly Tvla 2601510

Printed, Published and owned by Pr. P.G. Mathews, Jeswin Villa, Kumbanad P.O., Thiruvalla 689 547, Printed at Cochin Printech, Kalamasserry, Cochi. Design & Typesetting Global Computers, Thiruvalla
Editor Pr. J.Joseph, Onattu Shalom, Eraviperoor P.O.,, Pathanamthitta (Dist.), Kerala - 689 542